# സമകാലിക ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 1, 2015 പുസ്തകം 1 ലക്കം 6

February 1, 2015 Volume1 Issue 6

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**എസ്. സുധീർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസിസ്റ്റന്റ് എഡിറ്റേഴ്സ്
**അരുൺ എസ്.എസ്.**
**രാജേഷ് സി.**

ട്രാൻസ്ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **നാഫിഹ് എം.,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. സുരേഷ്കുമാർ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** ***സമകാലിക ജനപഥം*** തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ – പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാംനില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2517036**


## മുഖക്കുറിപ്പ്

# കായിക മാമാങ്കത്തിന്റെ ശംഖൊലി

കായികരംഗത്ത് എന്നും വളക്കൂറുള്ള മണ്ണാണ് കേരളം. ഒരു ജനതയുടെ ജീവിതാഭിമുഖ്യവും സർഗാത്മകതയും അടയാളപ്പെടുത്തുമ്പോൾ കായികവിനോദങ്ങളുമായി അതിനുള്ള സഹവർത്തിത്വവും ആഭിമുഖ്യവും കണക്കിലെടുക്കേണ്ടതാണ്. മലയാളിയുടെ സാംസ്കാരികമായ വളർച്ചയിലും സർഗാത്മകമായ മുന്നേറ്റത്തിലും സിനിമയും ലളിതകലകളും നൽകിയ സംഭാവനകൾക്കൊപ്പം കായിക വിനോദവും നല്ല പങ്ക് വഹിച്ചിട്ടുണ്ട്. ദേശീയവും രാജ്യാന്തരവുമായ തലത്തിൽ ഈ കൊച്ചുനാടിന്റെ കായികപ്രതിഭകൾ നടത്തിയ കുതിച്ചുകയറ്റത്തിന് അനുകൂലാവസ്ഥ ഒരുക്കിയത് നമ്മുടെ വിദ്യാസമ്പന്നതയാണ്; സ്പോർട്സിന് മാന്യത കല്പിക്കുന്ന സമീപനമാണ്. കായിക രംഗത്തെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു ജനതയുടെ സ്വപ്നങ്ങൾക്ക് സാക്ഷാത്കാരമേകിക്കൊണ്ട് രാജ്യാന്തര രംഗത്തുപോലും പ്രഭചൊരിയുന്ന താരങ്ങൾ ഇപ്പോഴും നമുക്കുണ്ട്.

രണ്ട് പതിറ്റാണ്ടുകൾക്കു ശേഷം ദീർഘമായ തയ്യാറെടുപ്പുകൾക്കൊടുവിൽ, നമ്മുടെ കേരളം രാജ്യത്തെ വലിയ കായിക മാമാങ്കത്തിന് വീണ്ടും ഒരുങ്ങിക്കഴിഞ്ഞു. 35-ാമത് ദേശീയ ഗെയിംസ്, സംസ്ഥാനത്തിന്റെ കായിക ചരിത്രത്തിലെ മറക്കാനാവാത്ത ഏടുകളാകും സമ്മാനിക്കുക.

മികവുറ്റ താരങ്ങൾ മാറ്റുരയ്ക്കുന്ന വേദിയെന്ന നിലയ്ക്ക് അപൂർവ്വ പ്രകടനങ്ങൾക്കും സംസ്ഥാനം വേദിയാകുകയാണ്. മികച്ച മത്സരവേദികൾ, താരങ്ങൾക്കു വേണ്ട താമസ സൗകര്യം, ആധുനിക സംവിധാനങ്ങളുള്ള പരിശീലന കളരികൾ, സുരക്ഷ, മറ്റ് അവശ്യസൗകര്യങ്ങൾ എന്നിവയെല്ലാം ആസൂത്രിതമായി തയ്യാറാക്കേണ്ടിയിരുന്നു. സമയബന്ധിതമായി പ്രവർത്തിച്ചും നിരന്തരം അവലോകനം നടത്തിയും ഒരുക്കങ്ങളുടെ പൂർണ്ണത ഉറപ്പാക്കിയും ജില്ലകളിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജില്ലാ ഭരണകൂടങ്ങളുടെ മേൽനോട്ടം ഉറപ്പാക്കിയും ഗെയിംസിനു വേണ്ട എല്ലാ സംവിധാനങ്ങളും ഒരുക്കുന്നതിന് സംസ്ഥാന സർക്കാരും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റും സംയോജിത പ്രവർത്തനം നടത്തിയിരുന്നു. 31 കായിക ഇനങ്ങളും കളരിപ്പയറ്റ്, വള്ളംകളി എന്നീ പ്രദർശന ഇനങ്ങളുമാണ് ഗെയിംസിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഏഴ് ജില്ലകളിലായുള്ള വേദികളിൽ മത്സരങ്ങൾ നടക്കും.

കേരളത്തിന്റെ കായികരംഗത്ത് മുതൽക്കൂട്ടാകുന്ന കുറെയേറെ സൗകര്യങ്ങൾ അവശേഷിപ്പിച്ചാകും ഗെയിംസ് അവസാനിക്കുക. ഗെയിംസിനുള്ള അടിസ്ഥാന സൗകര്യങ്ങളെല്ലാം തുടർന്ന് ഉപയോഗിക്കാവുന്ന വിധം കൈകാര്യം ചെയ്യുന്നതിന് ആസൂത്രിത പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. പ്രൗഢോജ്ജ്വല ചടങ്ങുകളോടെ ജനുവരി 31ന് ഗെയിംസ് തുടങ്ങുന്നു. തുടർന്ന് 14 ദിവസങ്ങൾ കായിക ക്ഷമതയുടെ അത്ഭുതക്കാഴ്ചകൾ. മികച്ച നേട്ടങ്ങൾ കേരളവും പ്രതീക്ഷിക്കുകയാണ്.

ഗെയിംസിനെ സംബന്ധിച്ച പരമാവധി വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ദേശീയ ഗെയിംസിന്റെ ആരവങ്ങൾക്കും ചടുലതയ്ക്കുമൊപ്പം പ്രത്യേക പതിപ്പുമായി സമകാലിക ജനപഥവും എത്തുകയാണ്. ത്രസിപ്പിക്കുന്ന നാളുകളിൽ, അഭിമാന താരങ്ങൾക്കൊപ്പം നമുക്കും പങ്കുചേരാം.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

സമകാലിക ജനപഥം

ഫെബ്രുവരി 1, 2015

# ഉള്ളടക്കം


6
**ഒരേ കേരളം ഒരേ സ്വപ്നം**

12
**ഇനി ഗെയിംസിന്റെ ദിനങ്ങൾ**
ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

14
**ഓരോ കേരളീയനും ആതിഥേയൻ**
കെ. സി. ജോസഫ്
(സാംസ്കാരിക മന്ത്രി)

16
**ചരിത്രത്തിന്റെ സുവർണ ഏടുകളിലേക്ക് ഒരു ഗെയിംസ്**
തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനം-കായിക മന്ത്രി)

18
**വീണ്ടുമൊരു മഹാമേള**
സനിൽ പി. തോമസ്

22
**ഒറ്റ മനസ്സായി കേരളം ഓടി**

24
**സുവർണ പാദങ്ങൾ**
ബിനീഷ് സി. പി.

28
**ഫോട്ടോ ഫീച്ചർ**

30
**അവാർഡുകൾ**

32
**ദ്രോണകുലത്തിലെ വില്ലാളികൾ**
രമേഷ് കുമാർ വെള്ളമുണ്ട

34
**കുരുന്നു ചുവടുകൾ വലിയ കുതിപ്പുകൾ**
നിധീഷ്കുമാർ പി.ആർ.

36
**അനശ്വരതാരങ്ങൾ മായാമുദ്രകൾ**
എ.എൻ. രവീന്ദ്രദാസ്




46
അത്‌ലറ്റിക്സിലെ ഇന്ത്യൻ
റെക്കോർഡുകൾ

48
കേരള ഫുഡ്ബോൾ
ചരിത്ര വഴികളിലൂടെ
പി.എസ്. പരമേശ്വരൻ

52
ഓളപ്പരപ്പിലെ മലയാളി കരുത്ത്
യു.ആർ. അഭയൻ

54
അഭിമുഖം :
ജേക്കബ് പുന്നൂസ്




# ഒരേ കേരളം ഒരേ സ്വപ്നം

## കേരളം ദേശീയ ഗെയിംസിന്റെ ലഹരിയിൽ

രാജ്യത്തിന്റെ കായികപുരോഗതിയിൽ നിർണായക സ്വാധീനം ചെലുത്തിയ ദേശീയ ഗെയിംസിന് നാന്ദി കുറിച്ചത് 1924 ൽ ലാഹോറിലായിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി ഗെയിംസ് അരങ്ങേറിയത് 1948 ൽ ലക്നൗവിലാണ്. ഓരോ ഗെയിംസ് കഴിയുന്തോറും മേളയുടെ നിലവാരവും ഭാരതത്തിന്റെ കായിക പുരോഗതിയും ഉയർന്നുവരുന്നുവെന്ന് നിസ്സംശയം പറയാം. ലോകോത്തര കായികമേളകളോട് കിടപിടിക്കത്തക്കവിധത്തിൽ മേളയുടെ പ്രസക്തി വർധിച്ചിരിക്കുന്നു എന്നുള്ളത് ഓരോ ഭാരതീയനും അഭിമാനം പകരുന്നു.

### കേരളത്തിലേക്കെത്തുന്നത് രണ്ടാം തവണ

കേരളത്തിലേക്ക് ദേശീയ ഗെയിംസ് വിരുന്നെത്തുന്നത് ഇത് രണ്ടാം തവണയാണ്. 1987 ലാണ് കേരളം ആദ്യമായി നാഷണൽ ഗെയിംസിന് വേദിയായത്. അന്ന് തിരുവനന്തപുരമുൾപ്പെടെ ആറു ജില്ലകളിലാണ് ഗെയിംസ് അരങ്ങേറിയത്. 27 ാമത് ദേശീയ ഗെയിംസായിരുന്നു അത്. കാൽ നൂറ്റാണ്ടിനുശേഷം ഇന്ത്യയുടെ കായികരംഗത്ത് സുവർണ സംസ്ഥാനമായി മാറിയ കേരളത്തിലേക്ക് 35 ാമത് നാഷണൽ ഗെയിംസ് എത്തുമ്പോൾ പ്രതീക്ഷകൾ ഏറെയാണ്.

35 ാമത് നാഷണൽ ഗെയിംസ് 2010 ൽ കേരളത്തിൽ നടത്തുന്നതിനായി കേരള സർക്കാരും കേരള ഒളിംപിക് അസോസിയേഷനും ഇന്ത്യൻ ഒളിംപിക് അസോസിയേഷനുമായി 2008 നവംബർ ഏഴിന് ഹോസ്റ്റ് സിറ്റി കരാർ ഒപ്പുവെച്ചു. ദേശീയ ഗെയിംസിന്റെ നടത്തിപ്പ്, നിരീക്ഷണം, ഏകോപനം എന്നിവയ്ക്കായി നാഷണൽ ഗെയിംസ് സെക്രട്ടറിയറ്റ് രൂപീകരിക്കുകയും, 2008 ഡിസംബറിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തു.

കേരളത്തിന്റെ ഭൂമിശാസ്ത്രപരവും ജനസംഖ്യാനുപാതികവുമായ പ്രത്യേകതകൾ കണക്കിലെടുത്ത്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ഏഴ് ജില്ലകളിൽവെച്ച് ദേശീയ ഗെയിംസ് സംഘടിപ്പിക്കുവാനാണ് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അനുമതി നൽകിയത്.

ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ നിലവിലുള്ള ഭരണസമിതി 2014 ഫെബ്രുവരിയിൽ പ്രവർത്തനം ആരംഭിച്ചതിനെത്തുടർന്ന് ഗെയിംസ് നടത്തിപ്പിനുള്ള ഒരുക്കങ്ങൾ പരിശോധിച്ച് തൃപ്തിപ്പെടുകയും 35 ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ തീയതികളിലായി നടത്തുവാൻ നിശ്ചയിക്കുകയും ചെയ്തു.

### അന്താരാഷ്ട്ര നിലവാരമുള്ള കളിയിടങ്ങൾ

31 കായിക ഇനങ്ങളും കളരിപ്പയറ്റ്, വള്ളംകളി എന്നീ രണ്ട് പ്രദർശന ഇനങ്ങളുമാണ് ഗെയിംസിൽ ഉൾപ്പെടുന്നത്.

ഇതിനായി 16 സ്റ്റേഡിയങ്ങളിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള പുനരുദ്ധാരണവും ഒൻപത് പുതിയ സ്റ്റേഡിയങ്ങളുടെ നിർമാണവും 10 താത്കാലിക നിർമിതികളുമാണ് സജ്ജമാക്കിയിട്ടുള്ളത്. വിവിധ കാരണങ്ങളാൽ മിക്കവാറും എല്ലാ പുതിയ നിർമാണ പ്രവർത്തനങ്ങളും ആരംഭിച്ചത് 2012 ഡിസംബറിന് ശേഷമാണ്. ദേശീയ ഗെയിംസിനോടനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി 260 കോടി രൂപ ചെലവഴിക്കുന്നു. വർക്സ് ടെക്നിക്കൽ കമ്മിറ്റി, എക്സിക്യൂട്ടീവ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി തുടങ്ങിയ ഉന്നതതല കമ്മിറ്റികൾ നിർമാണ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതികവും ഭരണപരവുമായ എല്ലാ അനുമതികളും സമയബന്ധിതമായി നൽകിയിരുന്നു.








## ലോകോത്തര നിലവാരത്തിൽ അന്താരാഷ്ട്ര ഗ്രീൻഫീൽഡ് സ്റ്റേഡിയം

ലോകോത്തര സ്റ്റേഡിയങ്ങളുടെ നിരയിലേക്ക് കേരളത്തിൽ നിന്ന് ഒരു സ്റ്റേഡിയം കൂടി. കേരളത്തിന്റെ ചിരകാലാഭിലാഷമായ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം 35 ാമത് നാഷണൽ ഗെയിംസിന്റെ ഉദ്ഘാടന-സമാപന ചടങ്ങുകൾക്ക് വേദിയാകും.

ഇന്ത്യയിൽ തന്നെ ആദ്യമായി പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ ഒരുങ്ങുന്ന സ്റ്റേഡിയം എന്ന ഖ്യാതിയുമായാണ് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം തയാറാക്കുന്നത്. ഐ.എൽ. ആൻഡ് എഫ്. എസ്. എന്ന സ്വകാര്യ സംരംഭകരാണ് സഹകരിക്കുന്നത്.

161 കോടി ചെലവിൽ തയാറാക്കിയ സ്റ്റേഡിയത്തിന്റെ ആകെ വിസ്തൃതി 37 ഏക്കറാണ് (55317 സ്ക്വയർ മീറ്റർ). ഇതിൽ 30.5 ഏക്കർ സ്റ്റേഡിയത്തിനായും 6.5 ഏക്കർ വിശാലമായ പാർക്കിങ്ങിനും വേർതിരിച്ചിരിക്കുന്നു. ദേശീയപാതയിൽ നിന്നും സ്റ്റേഡിയത്തിലേക്ക് കേവലം 500 മീറ്റർ മാത്രമാണുള്ളത്.

ഏകദേശം ഒരു ലക്ഷം പേരെ ഉൾക്കൊള്ളാൻ ശേഷിയുള്ള സ്റ്റേഡിയത്തിൽ 50,000 പേർക്കുള്ള ഇരിപ്പിടങ്ങളും ഒരുങ്ങുന്നുണ്ട്. ശാരീരിക വൈകല്യമുള്ളവർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടാണ് ഇരിപ്പിടങ്ങൾ തയാറാക്കുന്നത്.














രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി

ഇന്ത്യയിലെ മികച്ച സ്റ്റേഡിയങ്ങളുടേതുൾപ്പെടെ റൂഫിങ് 30 ശതമാനമായി പരിമിതപ്പെടുത്തുമ്പോൾ ഇവിടെ 50 ശതമാനമായി ഉയർത്തിയിട്ടുണ്ട്. അൾട്രാവയലറ്റ് രശ്മികളെ പൂർണമായും നിയന്ത്രിക്കുന്ന ലോകോത്തര നിലവാരത്തിലുള്ള റൂഫിങ് ടെൻസൈൽ ഫാബ്രിക് കൊണ്ടാണ് ഇത് നിർമിച്ചിട്ടുള്ളത്. ഫിഫയുടെയും ഐ.സി.സിയുടെയും നിയമാവലികൾ പാലിച്ചാണ് സ്റ്റേഡിയത്തിന്റെ നിർമാണം.

നാലു സോണുകളായി തിരിച്ചിട്ടുള്ള സ്റ്റേഡിയത്തിൽ നോർത്ത് സോൺ ക്രിക്കറ്റിനായും ഈസ്റ്റ് സോൺ ഫുട്ബോളിനായും ക്രമീകരിച്ചിരിക്കുന്നു. ഈ രണ്ടു സോണുകളിലും പ്ലെയേഴ്സ് ലോഞ്ച്, ജിംനേഷ്യം, മീഡിയ സെന്റർ, സ്റ്റോക്ക് റൂം തുടങ്ങി അത്യാധുനിക സൗകര്യങ്ങളുണ്ടാകും.

സൗത്ത് സോണിൽ സജ്ജീകരിക്കപ്പെടുന്ന ചെറു മാളുകൾ, ഫുട് കോർട്ട് എന്നിവ സ്റ്റേഡിയത്തിന്റെ മറ്റു പ്രധാന ആകർഷണങ്ങളാണ്.

കാര്യവട്ടത്തെ കളിപ്പെരുമ കേവലം ക്രിക്കറ്റിലും ഫുട്ബോളിലും മാത്രമൊതുങ്ങുന്നില്ല. സ്റ്റേഡിയത്തോടു ചേർന്ന് പ്രത്യേകം തയാറാക്കുന്ന കെട്ടിടത്തിൽ ഇൻഡോർ മത്സരങ്ങളായ സ്ക്വാഷ്, വോളിബോൾ, ബാസ്ക്കറ്റ് ബോൾ, ടേബിൾ ടെന്നീസ് എന്നിവയ്ക്കുമുള്ള സൗകര്യങ്ങളുമുണ്ടാകും. ഇതിൽ സ്ക്വാഷ് മത്സരങ്ങൾക്കായി രണ്ടു സിംഗിൾസ് കോർട്ടുകളും വോളിബോളിനായി രണ്ട് കോർട്ടുകളും ഒരുങ്ങുന്നുണ്ട്. കൂടാതെ 50, 25 മീറ്റർ വിഭാഗ



നാഷണൽ ഗെയിംസ് വില്ലേജ്

# ദേശീയ ഗെയിംസ് കളിയിടങ്ങൾ



| തീയതി | ഇനം | മത്സരവേദി |
|---|---|---|
| ജനുവരി 31 | ഉദ്ഘാടനച്ചടങ്ങ് | ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം |
| ഫെബ്രുവരി 14 | സമാപനച്ചടങ്ങ് | ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം |
| ഫെബ്രുവരി 1-7 | നീന്തൽ | അക്വാട്ടിക്സ് കോംപ്ലക്സ്, പിരപ്പൻകോട് |
| ഫെബ്രുവരി 1-9 | അമ്പെയ്ത്ത് | നെഹ്റു സ്റ്റേഡിയം കലൂർ, |
| ഫെബ്രുവരി 9-13 | അത്‌ലറ്റിക്സ് | യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം |
| ഫെബ്രുവരി 9-13 | ബാഡ്മിന്റൺ | രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി |
| ഫെബ്രുവരി 9-13 | ബാസ്ക്കറ്റ് ബോൾ | ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ |
| ഫെബ്രുവരി 1-5 | ബീച്ച് ഹാൻഡ്ബോൾ | ശംഖുമുഖം, തിരുവനന്തപുരം |
| ഫെബ്രുവരി 1-5 | ബീച്ച് വോളിബോൾ | കോഴിക്കോട് ബീച്ച്, |
| ഫെബ്രുവരി 6-13 | ബോക്സിങ് | ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ |
| ഫെബ്രുവരി 9-13 | കനോയിങ് & കയാക്കിങ് | വേമ്പനാട്ട് കായൽ, ആലപ്പുഴ |
| ഫെബ്രുവരി 5-13 | സൈക്ലിങ് | എൽ.എൻ.സി.പി. വെലോഡ്രോം, കാര്യവട്ടം |
| ഫെബ്രുവരി 9-13 | ഫെൻസിങ് | സിയാൽ കൺവെൻഷൻ സെന്റർ, നെടുമ്പാശ്ശേരി |
| ഫെബ്രുവരി 1-9 | പുരുഷ ഫുട്ബോൾ | കോർപറേഷൻ സ്റ്റേഡിയം, മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോട് |
| ഫെബ്രുവരി 1-10 | വനിത ഫുട്ബോൾ | കോർപറേഷൻ സ്റ്റേഡിയം, തൃശൂർ |
| ഫെബ്രുവരി 1-6 | ജിംനാസ്റ്റിക്സ് | ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം |
| ഫെബ്രുവരി 8-13 | ഹാൻഡ് ബോൾ | ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം |
| ഫെബ്രുവരി 1-11 | ഹോക്കി | സ്റ്റേഡിയം, ആശ്രാമം, കൊല്ലം |
| ഫെബ്രുവരി 10-13 | ജൂഡോ | ഇൻഡോർ സ്റ്റേഡിയം, തൃശൂർ |
| ഫെബ്രുവരി 9-13 | കബഡി | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ |
| ഫെബ്രുവരി 1-5 | ഖോ ഖോ | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ |
| ഫെബ്രുവരി 1-9 | ലോൺ ബോൾ | സിയാൽ ഗോൾഫ് കോഴ്സ്, നെടുമ്പാശ്ശേരി |
| ഫെബ്രുവരി 1-5 | നെറ്റ്ബോൾ | ഇൻഡോർ സ്റ്റേഡിയം, വെള്ളായണി |
| ഫെബ്രുവരി 2-5 | റോവിങ് | വേമ്പനാട്ട് കായൽ |
| ഫെബ്രുവരി 11-13 | റഗ്ബി സെവൻസ് | ലാൽബഹദൂർ ശാസ്ത്രി സ്റ്റേഡിയം, കൊല്ലം |
| ഫെബ്രുവരി 1-7 | പിസ്റ്റൾ&റൈഫിൾ ഷൂട്ടിങ് | ഷൂട്ടിങ് റേഞ്ച്, വട്ടിയൂർക്കാവ് |
| ഫെബ്രുവരി 1-8 | ട്രാപ് & സ്കീറ്റ് ഷൂട്ടിങ് | പൊലീസ് അക്കാദമി ഷൂട്ടിങ് സെന്റർ, തൃശൂർ |
| ഫെബ്രുവരി 1-4 | സ്ക്വാഷ് | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം |
| ഫെബ്രുവരി 1-5 | ടേബിൾ ടെന്നീസ് | രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി |
| ഫെബ്രുവരി 10-13 | തൈക്വാൻഡോ | ഇൻഡോർ സ്റ്റേഡിയം, വെള്ളായണി |
| ഫെബ്രുവരി 1-8 | ടെന്നീസ് | ടെന്നീസ് കോംപ്ലക്സ്, കുമാരപുരം, തിരുവനന്തപുരം |
| ഫെബ്രുവരി 9-10 | ട്രയാത്തലൻ | എൻഎച്ച്. ബൈപ്പാസ്, കോവളം |
| ഫെബ്രുവരി 9-13 | വോളിബോൾ | ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് |
| ഫെബ്രുവരി 1-5 | വെയ്റ്റ്ലിഫ്റ്റിങ് | ഇൻഡോർ സ്റ്റേഡിയം, തൃശൂർ |
| ഫെബ്രുവരി 1-4 | ഗുസ്തി | ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ |
| ഫെബ്രുവരി 7-13 | വുഷു | എൽ.എൻ.സി.പി., കാര്യവട്ടം |
| ഫെബ്രുവരി 1-5 | യോട്ടിങ് | മുനമ്പം ബീച്ച്, കൊച്ചി |

ങ്ങളിലുള്ള നീന്തൽ മത്സരങ്ങൾക്കുവേണ്ടി ഒളിമ്പിക് സൈസ് കോമ്പറ്റീഷൻ പൂളും ഒരു കിഡ്സ് പൂളും തയാറാകുന്നുണ്ട്.

ഇന്ത്യയിൽ പൂർണമായും പ്രകൃതിയോടിണങ്ങുന്ന ഏക സ്റ്റേഡിയവും ഒരുപക്ഷെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയമായിരിക്കും. നൂറുകണക്കിന് ചെടികൾ സ്റ്റേഡിയത്തിന് ശീതളഛായപകരും. മലിനജലം ശുചീകരിച്ച് സ്റ്റേഡിയത്തിലെ പുൽപ്പരപ്പ് നനയ്ക്കുന്നതിനും മേൽക്കൂരയിൽ വീഴുന്ന വെള്ളം മഴവെള്ളസംഭരണിയിൽ ശേഖരിക്കാനുള്ള സംവിധാനവും ഇവിടെയുണ്ട്.

## കുറഞ്ഞ ചെലവിൽ പുനരുപയോഗയുക്തമായ നവീന കായികഗ്രാമം

ഗെയിംസിനെത്തുന്ന അയ്യായിരത്തിൽപ്പരം കായികതാരങ്ങൾക്കും ഒഫിഷ്യൽസിനും താമസിക്കുന്നതിനായി തിരുവനന്തപുരത്തെ മേനംകുളത്ത് 30 ഏക്കർ സ്ഥലത്ത് മൂന്ന് ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ പ്രീ-ഫാബ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഗെയിംസ് വില്ലേജ് നിർമിച്ചിരിക്കുന്നു. ഗെയിംസിനുശേഷം ഈ പ്രീ-ഫാബ് ഹൗസിങ് യൂണിറ്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏകദേശം 200 സ്ഥലങ്ങളിൽ കായി



**മുഖ്യമന്ത്രിക്കൊപ്പം ഗെയിംസിന്റെ ഗുഡ്‌വിൽ അംബാസിഡറായ സച്ചിൻ ടെണ്ടുൽക്കർ**

കതാരങ്ങൾക്കുള്ള വിശ്രമമുറിയായും കായിക ഉപകരണങ്ങൾ സൂക്ഷിച്ചുവെക്കുന്നതിനും, കായികക്ഷമതാ കേന്ദ്രങ്ങൾ തുടങ്ങിയവക്കായും നൽകുന്നതാണ്.

## വിപുലവും കാര്യക്ഷമവുമായ സംഘടനാ സംവിധാനം

35 ാമത് ദേശീയഗെയിംസ് നടത്തിപ്പിനായി മുഖ്യമന്ത്രി ചെയർമാനായി നാഷണൽ ഗെയിംസ് ഓർഗനൈസിങ് കമ്മിറ്റിയും 27 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് വിവിധ മന്ത്രിമാരുടെ അധ്യക്ഷതയിൽ ജില്ലാ, പ്രാദേശീക സമിതികളും 22 സംസ്ഥാനതല സബ് കമ്മിറ്റികളും പ്രവർത്തിക്കുന്നു.

## കേരളത്തിന്റെ പൊന്നോമനയായി അമ്മു വേഴാമ്പൽ

ആബാലവൃദ്ധം ജനങ്ങളുടെയും സ്നേഹപരിലാളനങ്ങൾ ഏറ്റുവാങ്ങിയ അമ്മു വേഴാമ്പലാണ് 35 ാമത് നാഷണൽ ഗെയിംസിന്റെ ഭാഗ്യമുദ്ര. നമ്മുടെ സംസ്ഥാന പക്ഷിയായ വേഴാമ്പൽ തന്നെയാണ് ഭാഗ്യചിഹ്നമെന്നത് ഒരു യാദൃശ്ചികതകൂടിയാണ്. ഗെയിംസിന്റെ പ്രചരണാർഥം അമ്മുവും കഥാപാത്രമാകുന്ന നാടകം നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഒരു വർഷത്തിനുള്ളിൽ 400 ൽപ്പരം വിദ്യാലയങ്ങളിൽ അവതരിപ്പിക്കപ്പെട്ട ഈ നാടകം നാഷണൽ ഗെയിംസിന്റെ ചരിത്രത്തിൽ ഒരു പുതിയ അധ്യായം രചിച്ചിരിക്കുന്നു. 'കളിക്കുന്ന കുട്ടികൾക്കായി ഭാരതം കാത്തിരിക്കുന്നു' എന്ന സന്ദേശമാണ് ഈ നാടകം ഉയർത്തുന്നത്.

## സച്ചിൻ ടെണ്ടുൽക്കർ ഗുഡ്‌വിൽ അംബാസിഡർ

നാഷണൽ ഗെയിംസിന്റെ ഗുഡ്‌വിൽ അംബാസിഡർ എന്ന സ്ഥാനം ഭാരതരത്ന സച്ചിൻ തെണ്ടുൽക്കർ ഏറ്റെടുത്തത് കായിക പ്രേമികളെ ആവേശത്തിലാക്കി. ഈ ഇതിഹാസ താരത്തിന്റെ സാന്നിധ്യം ഗെയിംസിനെ ദേശീയതലത്തിൽ ശ്രദ്ധേയമാക്കി. ഗെയിംസുമായി ബന്ധപ്പെട്ട എല്ലാ പ്രചാരണപ്രവർത്തനങ്ങളിലും സച്ചിൻ ഏറെ സജീവമായി. ഗെയിംസിന്റെ പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്ന 'റൺ കേരള റൺ' കൂട്ടയോട്ടത്തിലും പങ്കെടുത്തുകൊണ്ട് ഗെയിംസിന്റെ സ്വീകാര്യതയ്ക്ക് സച്ചിൻ പൂർണതയേകും.

## ത്രസിപ്പിക്കുന്ന തീം സോങ്

പ്രമുഖ സംഗീത സംവിധായകൻ ഹരിഹരൻ ആവിഷ്കരിച്ച തീം സോങ് യുവകേരളത്തെ ആവേശത്തിന്റെ കൊടുമുടിയിലെത്തിച്ചു. പ്രമുഖ ഹിന്ദി ചലച്ചിത്രഗാന രചയിതാവ് ജാവേദ് അക്തറാണ് തീം സോങ്ങിന്റെ രചന നിർവഹിച്ചിരിക്കുന്നത്.

കെ.ജെ. യേശുദാസ്, ബോളിവുഡ് സംഗീത സംവിധായക് സലിം മെർച്ചന്റ്, യുവഗായകരായ ശ്രേയ ഘോഷൽ, ബെന്നി ദയാൽ, ശ്വേത, മോഹൻ, അക്ഷയ് ഹരിഹരൻ എന്നിവർക്കൊപ്പം ഹരിഹരനും ചേർന്നാണ് തീം സോങ് ആലപിച്ചിരിക്കുന്നത്.

## കലയും സംസ്കാരവും ചരിത്രവും കൈകോർക്കുന്നു

ഉദ്ഘാടന-സമാപന ചടങ്ങുകളിൽ നിറസാന്നിധ്യമാകാൻ രാഷ്ട്രപതിയും പ്രധാനമന്ത്രിയും എത്തുമെന്ന് പ്രതീക്ഷിക്കുന്നു. ഭാരതത്തിലെ പ്രമുഖ കായികതാരങ്ങളും ഒപ്പമുണ്ടാകും.

ചടങ്ങുകൾക്കു മാറ്റുകൂട്ടി മോഹൻലാലിന്റെ ബാൻഡായ ലാലിസം സംഗീതവിസ്മയം തീർക്കും. കൂടാതെ നിരവധി പ്രശസ്ത കലാകാരന്മാർ ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യവും കേരളത്തനിമയും വിളിച്ചോതുന്ന സംഗീത-നൃത്ത-ദൃശ്യവിരുന്നൊരുക്കും. വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളുടെ തനതു കലാരൂപങ്ങൾ ചടങ്ങിനെ വർണശബളമാക്കും.

## തുടർ ഉപയോഗ പദ്ധതി (ലെഗസി പ്ലാൻ)

കായിക മേളകൾക്കായി തയാറാക്കപ്പെടുന്ന സ്റ്റേഡിയങ്ങൾ അതിവേഗം ഉപേക്ഷിക്കപ്പെടുന്ന പ്രവണതയാണ് പൊതുവെ കണ്ടുവരുന്നത്. ഈ അനുഭവം മുൻനിർത്തി 35 ാമത് ഗെയിംസിനായി ഒരുക്കുന്ന സൗകര്യങ്ങൾ ഫലപ്രദമായി പുനരുപയോഗം ചെയ്യപ്പെടണമെന്ന് സർക്കാരിന് നിർബന്ധമുണ്ട്. ഇത് മുൻനിർത്തി കായികകേരളത്തിന് വരും വർഷങ്ങളിൽ വളരെയേറെ പ്രയോജനം ലഭിക്കുന്ന ഒരു പുനരുപയോഗ പദ്ധതി സംഘാടക സമിതി തയാറാക്കിയിട്ടുണ്ട്.

ഇതിന്റെ ഭാഗമായി ഗെയിംസ് വില്ലേജിൽ സ്ഥാപിച്ചിട്ടുള്ള പ്രീഫാബ് വീടുകൾ പിന്നീട് സർക്കാർ എയ്ഡഡ് സ്കൂളുകൾ, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, കോർപറേഷനുകൾ, ആരോഗ്യവകുപ്പ്, സ്പോർട്സ് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, ഇതര സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് യഥായോഗ്യം വിതരണം ചെയ്യും.

### താത്കാലിക നിർമിതികൾ ഉപയോഗപ്പെടുത്തി സംഘടിപ്പിക്കുന്ന മത്സരയിനങ്ങൾ


| നമ്പർ | ഇനം | മത്സരവേദി |
|---|---|---|
| 1. | ആർച്ചറി | ജവഹർലാൽ നെഹ്രു സ്റ്റേഡിയം, എറണാകുളം |
| 2. | റോയിങ് | വേമ്പനാട്ട് കായൽ, ആലപ്പുഴ |
| 3. | കനോയിങ്, കയാക്കിങ് | വേമ്പനാട്ട് കായൽ, ആലപ്പുഴ |
| 4. | ബോട്ട് റേസ് (പ്രദർശനയിനം) | വേമ്പനാട്ട് കായൽ, ആലപ്പുഴ |
| 5. | ഫെൻസിങ് | സിയാൽ, എറണാകുളം |
| 6. | കരാട്ടെ | സിയാൽ, എറണാകുളം |
| 7. | ട്രയാത്തലോൺ | കോവളം ബൈപ്പാസ്, തിരുവനന്തപുരം |
| 8. | യാട്ടിങ് | മുനമ്പം, എറണാകുളം |
| 9. | ബീച്ച് ഹാൻഡ് ബോൾ | ശംഖുമുഖം, തിരുവനന്തപുരം |
| 10. | ബീച്ച് വോളിബോൾ | കോഴിക്കോട് ബീച്ച് |

ഗെയിംസിന്റെ തുടർച്ചയെന്നോണം വിവിധ ജില്ലകളിലായി നാല് ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങൾകൂടി നിർമിക്കുന്നുണ്ട്. സെൻട്രൽ സ്റ്റേഡിയം തിരുവനന്തപുരം, ഗ്രീൻഫീൽഡ് സ്റ്റേഡിയം, വട്ടിയൂർക്കാവ്, ഗ്രീൻഫീൽഡ് സ്റ്റേഡിയം ചേവായൂർ, കോഴിക്കോട്, നെഹ്രു സ്റ്റേഡിയം കോട്ടയം എന്നിവയാണ് അവ. ഗെയിംസിനു ശേഷവും സ്മരണയുയർത്തി നിലകൊള്ളാൻപോകുന്ന ഈ കളിയിടങ്ങൾ കായികലോകത്തിന് ഒരു മുതൽക്കൂട്ടായി എന്നും നിലനിൽക്കും. ■



2013-ലെ മികച്ച കായികതാരങ്ങൾക്കുള്ള ജി.വി. രാജ പുരസ്കാര വിതരണോദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുന്നു

■ **ഉമ്മൻ ചാണ്ടി**
മുഖ്യമന്ത്രി






# ഇനി ഗെയിംസിന്റെ ദിനങ്ങൾ

കേരളത്തിന്റെ ചരിത്രത്തിൽ കായികവിനോദങ്ങൾക്കും മത്സരങ്ങൾക്കും എന്നും സ്ഥാനമുണ്ടായിരുന്നു. കാർഷികവൃത്തിക്ക് പേരുകേട്ട നമ്മുടെ സംസ്ഥാനത്തിൽ വിളവെടുപ്പിനും മറ്റ് മഹോത്സവങ്ങൾക്കും അനുബന്ധമായി ജനതയുടെ ആത്മാവിഷ്കാരത്തിന്റെ ഭാഗമെന്നോണം കായികവും ബൗദ്ധികവുമായ ആഘോഷങ്ങൾ സംഘടിപ്പിച്ചിരുന്നു. ഗ്രാമീണ സംസ്കൃതിയിൽ ആഴത്തിൽ വേരൂന്നിയ ഒട്ടനവധി കായിക വിനോദങ്ങൾ ഉണ്ടായിരുന്നു. കായിക വിനോദങ്ങൾക്ക് അർഹമായ സ്ഥാനം നൽകി ആദരിച്ചു പോന്നിട്ടുമുണ്ട്. ഇന്നും അത് തുടരുന്നു. നമ്മുടെ സ്കൂളുകളിലും കോളേജുകളിലും കായിക വിദ്യാഭ്യാസത്തിനു അർഹമായ സ്ഥാനം നൽകുന്നു. 1860ൽ തലശ്ശേരിയിലാണ് കേരളത്തിൽ ആദ്യമായി ക്രിക്കറ്റ് രംഗപ്രവേശം ചെയ്തതെന്നത് ഈ അവസരത്തിൽ സ്മരണീയമാണ്.

കായിക കേരളത്തിന്റെ ചരിത്രം വിരചിച്ചവർ ഒട്ടനവധിയുണ്ട്. ഇതിൽ മുൻപന്തിയിൽ നിൽക്കുന്ന പേര് ലഫ്റ്റ്. കേണൽ പി.ആർ.ഗോദവർമ്മരാജയുടേതാണ്. കേരള കായിക രംഗത്ത് ജി.വി.രാജ എന്ന പേര് പ്രശസ്തമായതിനു പിന്നിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും ഊർജസ്വലതയും സർവ്വോപരി കായിക രംഗത്തോടുള്ള അർപ്പണ ബോധവുമുണ്ട്. പാണ്ഡിത്യവും കായിക പ്രതിഭയും സമന്വയിച്ചിരുന്ന അപൂർവ വ്യക്തിത്വമായിരുന്നു അദ്ദേഹം. കായിക സംസ്കാരം യുവജനങ്ങളിൽ വളർത്തിയെടുക്കാൻ അദ്ദേഹം പ്രത്യേകം



ഗെയിംസ് ടെന്നീസ് കോർട്ട് ഉദ്ഘാടനം ചെയ്ത ശേഷം മുൻ ടെന്നീസ് താരം രാമനാഥൻ കൃഷ്ണനോടൊപ്പം മുഖ്യമന്ത്രി




താൽപര്യം പുലർത്തി. 1953ൽ സ്ഥാപിതമായ കേരള സ്പോർട്സ് കൗൺസിലിന്റെ ശിൽപി കൂടിയാണ് ജി.വി.രാജ. തിരുവനന്തപുരം ടെന്നീസ് ക്ലബ്ബ്, കേരള ക്രിക്കറ്റ് അസോസിയേഷൻ എന്നിവയുടെയും ശിൽപി അദ്ദേഹം തന്നെ. 150 വർഷം പഴക്കമുള്ള കേരളത്തിന്റെ ഗോൾഫ് പാരമ്പര്യം രാജ്യത്തെ ഏറ്റവും പഴക്കമുള്ളതായി കണക്കാക്കപ്പെടാവുന്നതാണ്.

പ്രതിഭയെന്തെന്നറിയിച്ച ഉന്നത കായികതാരങ്ങൾ നമുക്കെന്നും പ്രചോദനമായി. ഒളിമ്പിക് മത്സരത്തിൽ പങ്കെടുത്ത ആദ്യ മലയാളി സി.കെ.ലക്ഷ്മണൻ മുതൽ പി.ടി. ഉഷ വരെ നീളുന്ന ആ പട്ടിക തിളക്കമാർന്ന കായിക ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു. കഴിഞ്ഞ ഒരു ദശകത്തിനിടെ, ബാഡ്മിന്റൺ, ഹോക്കി, ക്രിക്കറ്റ്, ചെസ്സ് എന്നിവയിലെല്ലാം നാം മികവറിയിച്ചു. ഫുട്ബോളിലും വോളിബോളിലും നേട്ടങ്ങളുണ്ടായി. മികവിന്റെ പാതയിലൂടെയുള്ള തുടർയാത്രയ്ക്ക് ഭംഗം വരാതെ കാക്കുകയാണ് ഇനി വേണ്ടത്.

ചരിത്രത്തിൽ ഇത് രണ്ടാംതവണയാണ് ദേശീയ ഗെയിംസിന് സംസ്ഥാനം ആതിഥ്യമരുളുന്നത്. 1987ൽ നമ്മുടെ പരിമിതികളെല്ലാം മറികടന്ന് വിജകരമായി ഈ കായിക മാമാങ്കം ഇവിടെ നടത്തിയിരുന്നു. ഇപ്പോഴിതാ സമാനമായ അവസരം വീണ്ടും വന്നിരിക്കുന്നു.

അടിസ്ഥാന സൗകര്യ വികസന രംഗത്ത് സംസ്ഥാനത്ത് ദൂരവ്യാപക ഫലങ്ങളുളവാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന വേളയിലാണ് ഗെയിംസ് എത്തുന്നതെന്ന പ്രത്യേകതയുമുണ്ട്. ദീർഘ കാലത്തേക്ക് പ്രയോജനപ്പെടുന്ന ചില മാറ്റങ്ങൾക്കും ഗെയിംസ് വഴി വയ്ക്കും. ഗതാഗതം, വിദ്യാഭ്യാസം, വിനോദസഞ്ചാരം, ആരോഗ്യം, കൃഷി, വ്യവസായം, വിവരസാങ്കേതിക വിദ്യ എന്നിവയിലെല്ലാം ഗെയിംസിനായുള്ള രാജ്യാന്തരനിലവാരത്തിലുള്ള ആസൂത്രണം ഗുണമുണ്ടാക്കും.

സാധ്യമായ ഏറ്റവും മികച്ച സൗകര്യങ്ങളാണ് ഗെയിംസിനായി സംസ്ഥാനം തയ്യാറാക്കിയിരിക്കുന്നതെന്ന് ഈ അവസരത്തിൽ അഭിമാനപൂർവ്വം അറിയിക്കട്ടെ. അന്താരാഷ്ട്ര വേദികളിൽ രാജ്യത്തിന്റെ യശ്ശസ്സുയർത്തുന്നവർക്കുള്ള പ്രാഥമിക പ്രകടന വേദിയായി ഗെയിംസ് മാറും. രാജ്യത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള അത്‌ലറ്റുകൾക്ക് മികവിന്റെ പ്രദർശന വേദിയുമാകും. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും പാരമ്പര്യവുമെല്ലാം മനോഹരമായി അവതരിപ്പിക്കുന്ന ഗെയിംസ് വില്ലേജാണ് തയ്യാറാകുന്നത്.

ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെൻഡുൽക്കർ ഗെയിംസിന്റെ ബ്രാന്റ് അംബാസിഡറാകും. ഗെയിംസിന് തുടക്കം കുറിച്ചു കൊണ്ടുള്ള പരിപാടികളിലും സച്ചിൻ പങ്കെടുക്കും. മേളയ്ക്ക് മുന്നോടിയായി നടക്കുന്ന കൂട്ടയോട്ടം റൺ കേരള റൺ സംസ്ഥാനത്തെ 7,000 കേന്ദ്രങ്ങളിലായി ഒരേ സമയം നടക്കും. ഗെയിംസിന്റെ വിജയത്തിനുള്ള ശംഖനാദം മുഴക്കും വിധമാകും റൺ കേരള റൺ നടക്കുക. കരിച്ച നോഡൽ ഏജൻസി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ഗെയിംസിനായി വാങ്ങിയ ഉപകരണങ്ങളുടെ പുനരുപയോഗത്തിനും വിൽപ്പനയ്ക്കും മറ്റും പദ്ധതി തയാറാക്കിയിട്ടുണ്ട്. ഗെയിംസ് വില്ലേജിലെ 365 ഹൗസിംഗ് യൂണിറ്റുകൾ ഗെയിംസ് കഴിയുന്നതോടെ മറ്റ് ആവശ്യങ്ങൾക്കായി മാറ്റി സ്ഥാപിക്കാനാകും. ഹരിത ഗെയിംസ് എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത് തയ്യാറാക്കിയിട്ടുള്ള ഈ യൂണിറ്റുകൾ പരിസ്ഥിതി സൗഹൃദപരവും ഭാരം കുറഞ്ഞതുമാണ്. വേഗത്തിൽ എടുത്തു മാറ്റാനും പുനഃസ്ഥാപിക്കാനും കഴിയും വിധമാണ് രൂപകല്പനയെന്നതും ശ്രദ്ധേയം.

ദേശീയ ഗെയിംസ് സംഘാടന സമിതി ചുരുങ്ങിയ സമയത്തിനുള്ളിൽ ചെയ്ത പ്രവർത്തനങ്ങൾ എടുത്തു പറയാതെ വയ്യ.




കായിക കേരളത്തിന്റെ ഊർജസ്വലത മുഴുവൻ പ്രകടമാകുന്ന പരിപാടിയാകും ഇത്.

കാടുകളുടെയും പ്രകൃതിയുടെയും സംരക്ഷണത്തിന്റെ ആവശ്യകത വിളിച്ചോതുന്നതാണ് ഗെയിംസിന്റെ ഔദ്യോഗിക ചിഹ്നമായ അമ്മു വേഴാമ്പൽ. വംശനാശ ഭീഷണി നേരിടുന്ന ഇനത്തിൽ പെട്ട വേഴാമ്പലാണിത്.

ക്രിയാത്മകമായ മറ്റിടപെടലുകളിലൂടെയും ഗെയിംസ് സംഘാടനം ശ്രദ്ധേയമാകും. ഏത് ഇന്ത്യൻ പൗരനും മൊബൈൽ ഫോണിലൂടെ ദേശീയ ഗെയിംസ് എന്ന കായിക മാമാങ്കത്തിൽ പങ്കാളിയാകാൻ സഹായിക്കുന്ന വിർചൽ ടോർച്ച് പദ്ധതി ഇതിലൊന്നാണ്. ഗെയിംസിനായി തയ്യാറാക്കിയ അടിസ്ഥാന സൗകര്യങ്ങൾ തുടരുപയോഗങ്ങൾക്കായി വിനിയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പരിപാടികൾ തയാറാക്കിയിട്ടുണ്ട്. ലോകത്തിലെതന്നെ ഗെയിംസ് നിർവഹണ കേന്ദ്രങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിലൊന്നാണിത്. ഗെയിംസ് നടത്തിപ്പിനായി സർക്കാർ രൂപീ നിർദിഷ്ട സമയപരിധിക്കുള്ളിൽ തീരുമാനിച്ചുറപ്പിച്ച കാര്യങ്ങൾ ഏകോപിത പ്രവർത്തനത്തിലൂടെ പൂർത്തീകരിക്കാൻ സമിതിയിലെ എല്ലാവരും അശ്രാന്തപരിശ്രമം നടത്തി.

കായികതാരങ്ങൾ, സംഘാടകർ, കായിക സാങ്കേതങ്ങളിലെ വിദഗ്ദർ, രാജ്യത്തെ ഗെയിംസ് നിർവഹണ കേന്ദ്രങ്ങൾ എന്നിവയുടെയെല്ലാം സർവതോന്മുഖമായ നേട്ടം ഗെയിംസ് ലക്ഷ്യമിടുന്നു. സാമ്പത്തിക ദുർവ്യയമില്ലാതെ ഭരണപരവും സാങ്കേതികവുമായ മികവോടെയാണ് ഗെയിംസ് നടത്തുന്നത്. രാജ്യാന്തരനിലവാരമുള്ള വേദികളും മത്സര ഉപകരണങ്ങളുമാണ് ഉപയോഗിക്കുന്നതെന്നും പറഞ്ഞുകൊള്ളട്ടെ. രാജ്യം കണ്ട ഏറ്റവും മികച്ച കായിക മത്സര സംഘാടനങ്ങളിലൊന്നാകും ഇത്തവണത്തെ ദേശീയ ഗെയിംസെന്ന് എനിക്കുറപ്പുണ്ട്. 5,000ത്തോളം കായിക പ്രതിഭകൾ, 30 വേദികൾ, 35 ഓളം ഇനങ്ങൾ. വരൂ... നാം തയാർ. ഇനി ഗെയിംസിന്റെ ദിനങ്ങൾക്കാകട്ടെ. ■

കെ.സി.ജോസഫ്
സാംസ്കാരിക മന്ത്രി



35-ാം ദേശീയ ഗെയിംസ് കേരളം

# ഓരോ കേരളീയനും ആതിഥേയൻ

മലയാളമണ്ണിലേക്ക് ഒരിക്കൽക്കൂടി ഇന്ത്യയിലെ ഏറ്റവും വലിയ കായികോത്സവമായ ദേശീയ ഗെയിംസ് വിരുന്നെത്തുകയാണ്. ഏകദേശം മൂന്നുദശകത്തിന്റെ ഇടവേളയ്ക്കുശേഷം. സമ്പന്നമായ കായികപാരമ്പര്യമുള്ള കേരളം ഇന്ത്യൻ കായികരംഗത്തിനു നൽകിയ സംഭാവനകൾ ഏറെയാണ്. തലയെടുപ്പുള്ള അന്താരാഷ്ട്ര അത്‌ലറ്റുകളും കോച്ചുമാരും ഉൾപ്പെടെ രാജ്യത്തിന് കീർത്തി നേടിക്കൊടുക്കുകയും ഉന്നതശീർഷമായ പ്രകടനത്തിലൂടെ ത്രിവർണപതാക പാറിപ്പിക്കുകയും ചെയ്ത ഒട്ടനവധി താരങ്ങളെ കേരളം സംഭാവന ചെയ്തിട്ടുണ്ട്. സ്വാതന്ത്ര്യ സമ്പാദനത്തിനുമുമ്പുതന്നെ



കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം




**സിയാൽ ഗോൾഫ് കോഴ്സ്, നെടുമ്പാശ്ശേരി**

സ്കൂൾതലംമുതൽ കായികപ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകുന്ന അന്തരീക്ഷത്തിൽ കുരുന്നുതലമുറയെ വളർത്തിക്കൊണ്ടുവരുന്നതിനു ഏറെ പ്രസക്തി കൽപ്പിക്കപ്പെട്ടിരുന്നു. പി.ടി ഉഷയെപ്പോലെ ഉജ്ജ്വലമായ പ്രകടനത്താൽ ട്രാക്കുകൾക്കു തീപിടിപ്പിക്കുന്ന ഇതിഹാസവ്യക്തിത്വങ്ങൾ തങ്ങൾക്ക് മാതൃകയാക്കാനുള്ളത് യുവകായികതാരങ്ങളുടെ ഭാഗ്യമാണ്.



അത്‌ലറ്റിക്സിനു പുറമെ ഫുട്ബോൾ, വോളിബോൾ, മറ്റു വൈയക്തിക ഇനങ്ങൾ എന്നിവയിലും നമ്മുടെ സംസ്ഥാനം ഉന്നതരായ കായികതാരങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്. അത്‌ലറ്റിക്സിൽ ടിന്റു ലൂക്കയും ഹോക്കിയിൽ പി.ആർ ശ്രീജേഷും ക്രിക്കറ്റിൽ സഞ്ജു വി.സാംസണും ഉൾപ്പെടെയുള്ള പുതുനിര താരങ്ങൾ ഭൂഖണ്ഡാന്തരങ്ങൾ കടന്നുള്ള അവരുടെ മികവുറ്റ പ്രകടനത്താൽ കേരളീയരിൽ അഭിമാനമുണർത്തുന്നു. അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങൾ, അത്യാധുനികമായ കളിയുപകരണങ്ങൾ. ഉയർന്ന നിലവാരം പുലർത്തുന്ന കായികഇനങ്ങൾ, കളിക്കാർ ഇവയെല്ലാം നമ്മുടെ കായികരംഗത്തിനു ഗുണം ചെയ്യുമെന്നതിൽ എനിക്കു സംശയമില്ല. അതുപോലെ മത്സരാർഥികളായ കളിക്കാരിൽ മാത്രമല്ല, കാണികളായ കായിക സ്നേഹികളിൽക്കൂടി സ്പോർട്സ്മാൻ സ്പിരിറ്റ് ഉണർത്തുന്നതുമാകും ഗെയിംസെന്നും എനിക്ക് ഉറപ്പുണ്ട്. വിനോദസഞ്ചാരത്തിൽ രാജ്യാന്തരപ്രശസ്തമായ കേരളം, ആതിഥ്യമര്യാദയിലും പിന്നിലല്ല. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും കായികതാരങ്ങളായും ഒഫിഷ്യലുകളായും മാധ്യമപ്രവർത്തകരായും കാണികളായും എത്തുന്ന നൂറുകണക്കിന് ആൾക്കാരെ ഗെയിംസ് കാലയളവിലുടനീളം നമ്മുടെ അതിഥികളായികണ്ട് സന്ദർഭത്തിനൊത്ത് ഉണർന്നു പ്രവർത്തിക്കുന്നതിന് എല്ലാ മലയാളികളും ശ്രദ്ധിക്കണമെന്നും അഭ്യർഥിക്കുന്നു.

ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെൻഡുൽക്കറെ ഗെയിംസിന്റെ ബ്രാൻഡ് അംബാസിഡറായി ലഭിച്ചത് നാം ആദരവായി കരുതുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യവും സംഘാടക സമിതിയുമായുള്ള സഹകരണവും ഗെയിംസിനു ഗുണം ചെയ്യും. ഗെയിംസിന് അന്താരാഷ്ട്ര പ്രശസ്തി ആകർഷിക്കാനും നല്ലതാണ്. ഗെയിംസിന്റെ വിജയത്തിനായി നാഷണൽ ഗെയിംസ് ഓർഗനൈസിങ് കമ്മിറ്റി നടത്തുന്ന അശ്രാന്ത പരിശ്രമം അഭിനന്ദനമർഹിക്കുന്നു. ഗെയിംസുമായി ബന്ധപ്പെട്ട ഫലപ്രദമായ ആസൂത്രണത്തിനും പദ്ധതികളുടെ നടത്തിപ്പിനും ഒഫിഷ്യലുകളും മുൻ സ്പോർട്സ് താരങ്ങളും ഭരണാധികാരികളുമുൾപ്പെട്ട ഒരു സംഘം കഠിനപ്രയത്നത്തിലാണ്. ഇത്രയും ബൃഹത്തായ ഒരു സ്പോർട്സ് മേളയിൽ ഫലപ്രദമായ വിവരവിനിമയവും ഏറെ ശ്രദ്ധ വേണ്ടുന്ന പ്രവർത്തിയാണെന്നു ചൂണ്ടിക്കാണിക്കട്ടെ. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നടക്കുന്ന വിവിധ ഇനം കായികമത്സരങ്ങളുമായ ബന്ധപ്പെട്ട വാർത്തകൾ നൽകുന്നത് മാധ്യമങ്ങൾക്കും ഗെയിംസ് സംഘാടകർക്കും ഏറെ ഉത്തരവാദിത്വം വേണ്ടുന്ന കർത്തവ്യമാകും.

എന്തായാലും കേരളം ഗെയിംസിന്റെ അഭിമാനകരമായ സ്റ്റാർട്ടിങ് പോയിന്റിലേക്കു ചുവടുകൾ മാത്രം അകലെയാണ്. ഈ അവസരത്തിൽ ഗെയിംസിൽ പങ്കാളികളായ എല്ലാവർക്കും എന്റെ ഹൃദ്യമായ സ്വാഗതം. ആശംസകളും. ■

■ തിരുവഞ്ചൂർ രാധാകൃഷ്ണൻ
വനം-കായിക മന്ത്രി




# ചരിത്രത്തിന്റെ സുവർണ ഏടുകളിലേക്ക് ഒരു ഗെയിംസ്

പ്രകൃതി മനോഹാരിതക്കും ആതിഥ്യമര്യാദക്കും കേൾവികേട്ട കേരളം ഇന്ത്യയിലെ ഏറ്റവും വലിയ കായികമേളകളിലൊന്നായ ദേശീയ ഗെയിംസിന് ആതിഥ്യം വഹിക്കുകയാണ്. 12,000 അത്‌ലറ്റുകളും ഒഫിഷ്യലുകളും 2000 ടെക്നിക്കൽ ഒഫിഷ്യലുകൾ, രാജ്യത്തിന്റ വിവിധ ഭാഗങ്ങളിൽനിന്നുള്ള 1500-ഓളം സ്പോർട്സ് പത്രപ്രവർത്തകർ- ഇവരെല്ലാം ജനുവരി 31ന് ആരംഭിച്ച് രണ്ടാഴ്ച നീണ്ടുനിൽക്കുന്ന കായികമാമാങ്കത്തിൽ പങ്കാളികാളാകുന്നു. സംസ്ഥാനത്തിന്റെ ഏഴ് നഗരങ്ങളിലായി ഇത്രയും ബൃഹത്തായ ഒരു പരിപാടി സംഘടിപ്പിക്കുന്നത് തികച്ചും വെല്ലുവിളിയാണ്. പക്ഷെ കേരള സർക്കാരും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനും മറ്റു പല പ്രസ്ഥാനങ്ങളും ഒത്തുചേർന്ന് ഈ തടസ്സങ്ങളെ സമർപ്പണപരതയോടെ അതിജീവിക്കാൻ സർവസജ്ജയിക്കഴിഞ്ഞു.

സാമ്പത്തിക സ്ഥിതി അത്ര ആശാവഹമല്ലാതിരുന്നിട്ടും 611 കോടിവരുന്ന വലിയ തുകയാണ് നാം ഗെയിംസിനായി മുടക്കുന്നത്. ഇത് എന്നെ സംബന്ധിച്ചിടത്തോളം ഗെയിംസിനായി മാത്രം ചെലവാക്കുന്നതല്ല, വലിയ കുതിപ്പിനായി തയാറെടുക്കുന്ന കേരള സ്പോർട്സിന്റെ ഭാവിക്കുകൂടി പ്രയോജനപ്പെടുന്നതാണ്. പി.ടി ഉഷ, ഷൈനി വിത്സൺ, എം.ഡി വത്സമ്മ, കെ.എം. ബീനമോൾ, അഞ്ജു ബോബി ജോർജ്, ഐ.എം. വിജയൻ, ജിമ്മി ജോർജ് തുടങ്ങി നിരവധി കായികേതിഹാസങ്ങൾക്ക് ജന്മം നൽകിയ കേരളത്തിന്റെ കായികരംഗം മുരടിപ്പിലായതിന് കാരണം നമ്മുടെ കുട്ടികളിലുറങ്ങുന്ന അപരിമേയമായ പ്രതിഭയെ ചൂഷണം ചെയ്യുന്നതിലും അവരെ ലോകനിലവാരത്തിലെത്തിക്കുന്നതിന് അവശ്യമായ കായികരംഗത്തെ അടിസ്ഥാനസൗ



ഗെയിംസിന്റെ മുന്നൊരുക്കങ്ങൾ പരിശോധിക്കുന്ന മുഖ്യമന്ത്രിയും കായികമന്ത്രിയും




കര്യങ്ങൾ സൃഷ്ടിക്കുന്നതിലും സംഭവിച്ച പരാജയമാണെന്നോർക്കണം.

ഈ പശ്ചാത്തലത്തിലാണ് ദേശീയ ഗെയിംസ് എന്ന ഹെർക്കുലീയൻ ദൗത്യം നമ്മൾ ഏറ്റെടുക്കുന്നത്. നേരത്തെ പറഞ്ഞതുപോലെ ഏഴ് ജില്ലകളിലെ 29 വേദികളിലായാണ് ഗെയിംസ് നടക്കുന്നത്. 31 മത്സര ഇനങ്ങളിലായി 3100-ലധികം മെഡലുകളും വിതരണം ചെയ്യുന്നു.

ഇത്തരത്തിലുള്ള മറ്റേത് ബൃഹദ് മേളകളിലുമെന്ന പോലെ ദേശീയ ഗെയിംസിന്റെയും ഹൃദയവും ആത്മാവുമാണ് വോളണ്ടീയർമാർ. 6000-ത്തിലധികം പേരെ ഇതിനകം ഇതിനായി കണ്ടെത്തിക്കഴിഞ്ഞു. വിവിധ വർണങ്ങളിലുള്ള വസ്ത്രങ്ങളിൽ, അണിനിരക്കുന്ന ഇവർ ജനുവരി 31-ന് തിരുവനന്തപുരത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ പ്രധാനമന്ത്രി ഗെയിംസിന് തുടക്കം കുറിച്ചുകഴിഞ്ഞാൽ പിന്നെ ദേശീയ ഗെയിംസ് സംഘാടകസമിതിയുടെ മുഖമാവും.

161 കോടി ചെലവിട്ട കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയമാണ് ദേശീയ ഗെയിംസിനായി പൂർത്തിയാക്കിയ വേദികളിലെ നക്ഷത്രപദവി അലങ്കരിക്കുന്നത്. അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെയും ഫിഫയുടെയും മാനദണ്ഡങ്ങൾക്കനുസൃതമായാണ് നിർമാണം. ഭാവിയിൽ അന്താരാഷ്ട്ര ക്രിക്കറ്റ്, ഫുട്ബോൾ മത്സരങ്ങൾ നടത്താൻ കഴിയുന്ന തരത്തിൽ ഈടുനിൽപ്പുള്ള സ്റ്റേഡിയത്തിന്റെ ഭാഗമായി ക്ലബ് ഹൗസ്, നീന്തൽക്കുളം, ഇൻഡോർ കോർട്ടുകൾ, അത്യാധുനികമായ എക്സിബിഷൻ-കൺവെൻഷൻ സെന്റർ എന്നിവയും ഒരുക്കിയിരിക്കുന്നു. ഫെബ്രുവരി 14-ന് ഗെയിംസിന്റെ സമാപനച്ചടങ്ങുകളും ഇവിടെയാണ് നടക്കുക.

കണ്ണൂർ മുണ്ടയാട്ടെ ഇൻഡോർ സ്റ്റേഡിയമാണ് മറ്റൊരാകർഷണം. ഗുസ്തി, ബാസ്കറ്റ്ബോൾ മത്സരങ്ങൾക്ക് വേദിയാവുന്ന ഈ സ്റ്റേഡിയം മലബാർ ജനതയുടെ കായികപ്രതീക്ഷകൾക്ക് ഒരു മുതൽക്കൂട്ടാവും. ഫുട്ബോൾ മത്സരങ്ങൾ അരങ്ങേറുന്ന കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്കും ഭാവിയിലേക്കുള്ള കരുതലാവും.

ഇവയ്ക്കുപുറെ കൊല്ലത്തെ പുതിയ ഹോക്കി സ്റ്റേഡിയം, തിരുവനന്തപുരത്തെയും തൃശ്ശൂരിലെയും ഷൂട്ടിങ് റേഞ്ചുകൾ, സ്ക്വാഷ് കോർട്ടുകൾ, തലസ്ഥാനനഗരത്തിലെ ടെന്നീസ് കോംപ്ളക്സ് എന്നിവയും റെക്കോഡ് വേഗത്തിൽ പൂർത്തിയാക്കാൻ സാധിച്ചു.

മാസ്റ്റർ ബ്ളാസ്റ്റർ സച്ചിൻ ടെൺഡുൽക്കർ ഗെയിംസിന്റെ ഗുഡ്വിൽ അംബാസിഡറായതും നമുക്ക് അഭിമാനമാണ്. ഗെയിംസിന്റെ എല്ലാ പ്രചാരണ പ്രവർത്തനങ്ങൾക്കും അദ്ദേഹം പൂർണ പിന്തുണ വാഗ്ദാനം ചെയ്തു. ഈ കായികേതിഹാസം പ്രത്യക്ഷപ്പെടുന്ന പ്രൊമോ വീഡിയോ ഇതിനകം അഭിനന്ദനങ്ങൾ ഏറ്റുവാങ്ങി ഓൺലൈനിലും വ്യാപകമായി പ്രചരിക്കപ്പെട്ടു.



**ഇൻഡോർ സ്റ്റേഡിയം കണ്ണൂർ**

ഗെയിംസിന്റെ സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കാനുള്ള വിവിധ പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജനുവരി 20-ന് നടന്ന റൺ കേരള റൺ. ഗെയിംസിന്റെ ഗുഡ്വിൽ അംബാസിഡർ സച്ചിന്റെ പങ്കാളിത്തംകൊണ്ടും ശ്രദ്ധേയമായ പരിപാടി ഒരുകോടി പേരെ അണിനിരത്തി റെക്കോഡ് ബുക്കുകളിൽ പ്രവേശിക്കാൻ ഒരുങ്ങുകയാണ്.

ഗെയിംസിന്റെ ഭാഗ്യചിഹ്നമായ അമ്മുവിനെക്കുറിച്ചുള്ള നൃത്തനാടകം അമ്മു കേരളത്തിലെ 350 ഓളം സ്കൂളുകളിൽ ഇതുവരെ അവതരിപ്പിക്കപ്പെട്ടത് കുട്ടികളുടെ ഹൃദയം കവർന്നുകൊണ്ടാണ്. പഠനത്തിനൊപ്പം കായികവിനോദത്തിലേർപ്പെടേണ്ടതിന്റെയും പ്രാധാന്യം വിളിച്ചോതുന്നതാണ് നാടകം.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിതന്നെയാണ് ഭാഗ്യചിഹ്നത്തിന് അമ്മു എന്ന് നാമകരണം ചെയ്തതെന്നും ഈ അവസരത്തിൽ കൗതുകമുണർത്തുന്നു. 1982-ലെ ഏഷ്യൻ ഗെയിംസിന്റെ ഭാഗ്യചിഹ്നമായിരുന്ന അപ്പു എന്ന ആനക്കുട്ടി ഇത്രയും വർഷങ്ങൾ പിന്നിട്ടിട്ടും നമ്മുടെ സ്മരണകളിൽ തുടരുന്നതുപോലെ അമ്മുവും തലമുറകളെ പ്രചോദിപ്പിക്കുമെന്നു തീർച്ച.

അതുപോല ഗെയിംസിന്റെ തീം സോങ്ങും അവിസ്മരണീയമാകും. കേൾവിക്കാരിൽ കായികലഹരി നിറച്ച് ആത്മവീര്യമുയർത്തുന്ന ഗാനമാണിത്. പ്രമുഖ ഗാനരചയിതാവ് ജാവേദ് അഖ്തർ രചിച്ച് ഹരിഹരൻ സംഗീതം പകർന്നിരിക്കുന്ന ഗാനം യേശുദാസ്, ശ്രേയ ഘോഷാൽ, തുടങ്ങിയവർ ഹിന്ദി, മലയാളം, ഇംഗ്ളീഷ് എന്നീ മൂന്നു ഭാഷകളിലായി ആലപിച്ചിരിക്കുന്നു.

ഗെയിംസിനോടനുബന്ധിച്ച് പുറത്തിറക്കുന്ന കോഫി ടേബിൾ ബുക്കും ശ്രദ്ധേയമാകും. എക്കാലവും സൂക്ഷിച്ചുവെക്കാൻ ഉതകുന്ന ബുക്ക് കേരളത്തിന്റെ ചരിത്രവും കായികമേഖലയിലുൾപ്പെടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങളും പ്രതിപാദിക്കുന്നു.

അങ്ങനെ കേരളം കളിക്കളത്തിലിറങ്ങാൻ തയാറായിക്കഴിഞ്ഞു. ഭാവിയുവത്വത്തെ കളിയിടങ്ങളിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും മാറ്റത്തിന്റെ വഴികാട്ടികളാകാനും സഹായിക്കുന്നവിധം ചരിത്രത്തിൽ സുവർണലിപികളാൽ അടയാളപ്പെടുത്തേണ്ടതാകും ഈ ഗെയിംസെന്ന് എനിക്ക് ഉറപ്പുണ്ട്. ■

സനിൽ പി. തോമസ്




വ്യക്തിയായോ ടീമായോ മലയാളികൾ നേടുന്നൊരു വലിയ വിജയം; നാട്ടിൽ ഉത്സവപ്രതീതി ഉണർത്തുന്നൊരു കായികമേള. ഐ.പി.എല്ലും ഐ.എസ്.എല്ലും എഫ് വൺ കാർ റാലിയുമൊക്കെ കവർന്നെടുക്കുന്ന മലയാളിയുടെ കായികപ്രേമം നമ്മുടെ നാട്ടിലെ താരങ്ങളിലേക്കു മടങ്ങിവരുന്നത് മേല്പറഞ്ഞ രണ്ടു സംഭവങ്ങളിലൂടെ മാത്രമാണ്. അതാകട്ടെ അപൂർവമായി മാത്രം സംഭവിക്കുന്നു.

ടി.സി. യോഹന്നാനും സുരേഷ് ബാബുവും അത്‌ലറ്റിക്സിലും ജിമ്മി ജോർജും ജോസ് ജോർജും നാമക്കുഴി സഹോദരിമാരും വോളിബോളിലും മണിയും കൂട്ടരും ഫുട്ബോളിലും കേരളത്തിന്റെ അഭിമാനമുയർത്തിയ എഴുപതുകൾ. എം.ഡി. വത്സമ്മയും പി.ടി. ഉഷയും മേഴ്സി കുട്ടനും ഷൈനി വിൽസണുമൊക്കെ ജ്വലിച്ചുയർന്ന എൺപതുകൾ. ഒപ്പം 1987 ൽ നാം അതിഥ്യമരുളിയ ദേശീയ ഗെയിംസും ഇന്ത്യൻ കായികരംഗത്ത് മലയാളി താരത്തിളക്കം ശ്രദ്ധേയമാക്കി. പിന്നെ ബീനാമോളും അഞ്ജു ബോബി ജോർജും ഐ.എം. വിജയനുമൊക്കെ ഉയർത്തിവിട്ട ആവേശം. അവരുടെയൊക്കെ നേട്ടങ്ങൾ കേരളം ഹൃദയത്തിലേറ്റിയപ്പോഴും മഹാമേളകൾ കേരളത്തിന് അന്യമായിരുന്നു. കൊച്ചി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഇടയ്ക്കൊക്കെ വിരുന്നെത്തുന്ന ക്രിക്കറ്റ് മത്സരങ്ങൾ മലയാളികൾ ഉത്സവമാക്കി. ഏറ്റവും ഒടുവിൽ സൂപ്പർ ലീഗ് ഫുട്ബോൾ എഴുപതുകളിലെ സന്തോഷ് ട്രോഫി മത്സരങ്ങളെ ഓർമിപ്പിച്ചു.

ഇപ്പോൾ ഇതാ, കേരളം കാത്തിരുന്ന ദേശീയ ഗെയിംസ് വിരുന്നെത്തുന്നു. 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ 35 ാം ദേശീയ ഗെയിംസ് കേരളത്തിൽ നടക്കുന്നു. ഒളിംപിക്സും ഏഷ്യൻ ഗെയിംസുമൊക്കെപ്പോലെ ദേശീയ ഗെയിംസിലും അതിഥേയ നഗരം, ഗെയിംസ് വില്ലേജ് തുടങ്ങിയ സങ്കല്പങ്ങളുണ്ട്. ഏതാനും ഇനങ്ങൾ മറ്റൊരു നഗരത്തിൽ സംഘടിപ്പിച്ച ചരിത്രം ദേശീയ ഗെയിംസിൽ മുമ്പുമുണ്ടായിട്ടുണ്ട്. എങ്കിലും പുണെ, ബാംഗ്ലൂർ, ഗുവാഹത്തി, റാഞ്ചി



# വീണ്ടുമൊരു മഹാമേള




എന്നൊക്കെ ഗെയിംസിന് പേരിട്ടുവിളിക്കാമായിരുന്നു. പക്ഷെ, കേരളത്തിൽ രണ്ടാമതും വേദികൾ ഏഴു ജില്ലകളിലായി പടർന്നുകിടക്കുന്നു. ഗെയിംസ് വില്ലേജും ഉദ്ഘാടന സമാപന ചടങ്ങുകളും തിരുവനന്തപുരത്താണ്. കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് മറ്റ് വേദികൾ.

ബീച്ച് ഹാൻഡ്ബോൾ, ബിച്ച് വോളിബോൾ എന്നിവയെ വേറിട്ടുകാണാമെങ്കിൽ 33 ഇനങ്ങളിലാണ് ഇത്തവണ മത്സരം.

അക്വാട്ടിക്സ്, അത്‌ലറ്റിക്സ്,ജിംനാസ്റ്റിക്സ്, കബഡി, ഖോ-ഖോ, നെറ്റ്ബോൾ, ട്രയാത്‌ലൻ, തൈക്വാൺഡോ, ലോൺടെന്നീസ്, വുഷു, സ്ക്വാഷ്, സൈക്ലിങ്, ഹാൻഡ്ബോൾ, ഷൂട്ടിങ്, ഹോക്കി, റഗ്ബി സെവൻസ്, കനൂയിങ്, കയാക്കിങ്, റോവിങ്, ആർച്ചറി, ബാഡ്മിന്റൺ, ഫെൻസിങ്, ലോൺ ബൗൾസ്, യോട്ടിങ്, ടേബിൾ ടെന്നീസ്, ഫുട്ബോൾ, ജൂഡോ, വെയ്റ്റ്ലിഫ്റ്റിങ്, ബോക്സിങ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ഗുസ്തി എന്നിവയാണ് മറ്റ് മത്സരയിനങ്ങൾ

87 ലെ ഗെയിംസിൽ പങ്കെടുത്തത് 4307 താരങ്ങളായിരുന്നു. ഇത്തവണ താരങ്ങളും ഒഫിഷ്യലുകളുമായി 12,000 പേർ എത്തുമെന്നാണ് പ്രതീക്ഷ. തിരുവനന്തപുരത്ത് മീനങ്കുളത്തെ ഗെയിംസ് വില്ലേജ് പ്രതീക്ഷിക്കുന്നത് 5,000 പേരെ.

സൈക്കിൾ പോളോ, കരാട്ടെ, സെപക്തക്രോ (കിക്ക് വോളിബോൾ) എന്നിവയാണ് ലിസ്റ്റ് ചെയ്ത ഇനങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുന്നത്. ഇതിൽ സൈക്കിൾ പോളോയിൽ ലോകചാമ്പ്യന്മാരെവരെ സൃഷ്ടിച്ച കേരളത്തിന് രണ്ടു സ്വർണം ഉറപ്പിക്കാമായിരുന്നു. കളരിപ്പയറ്റ് ഉൾപ്പെടുത്താൻ കഴിയാതെപോയി.

## കേരളത്തിന്റെ സ്വർണ പ്രതീക്ഷകൾ

ആതിഥേയർ എന്ന മുൻതൂക്കം കേരളത്തിനു ലഭിക്കേണ്ടതുണ്ട്. പക്ഷെ, പരിശീലനത്തിൽ നാം വേണ്ട ശ്രദ്ധപതിപ്പിച്ചിട്ടില്ല എന്നു സമ്മതിക്കുമ്പോൾ 87 ആവർത്തിക്കാൻ കഴിയില്ലെന്നും മനസ്സിലാക്കണം. 2007 ലെ ഗുവാഹത്തി ഗെയിംസ് മുതൽ സർവീസസ് ടീമിന്റെ ആധിപത്യമാണ് കാണുന്നത്. ഇത്തവണയും ഒന്നാം സ്ഥാനം സർവീസസ് നേടാനാണ് സാധ്യത.

കളിക്കാർക്ക് ജന്മനാടിനെയോ ജോലി ചെയ്യുന്ന നാടിനെയോ പ്രതിനിധാനം ചെയ്യാം. സമ്മാനത്തുക നോക്കിയാണ് പലപ്പോഴും താരങ്ങൾ ഇക്കാര്യത്തിൽ തീരുമാനമെടുക്കുക. പക്ഷെ, സർവീസസ് താരങ്ങളെ സംസ്ഥാനങ്ങൾക്ക് വിട്ടുകിട്ടാറില്ല, പ്രത്യേകിച്ച് അവർ ടീമായി സംസ്ഥാനങ്ങൾക്കൊപ്പം മത്സരിക്കാൻ അനുവദിക്കപ്പെട്ടനാൾ മുതൽ.

മണിപ്പൂർ, മഹാരാഷ്ട്ര, പഞ്ചാബ്, തമിഴ്നാട്, ഹരിയാന ടീമുകൾ നിശ്ചയമായും വെല്ലുവിളികളുയർത്തും. സർവീസസ്സിനെ കണക്കിലെടുത്താൽ ആതിഥേയർക്ക് ശ്രമിക്കാവുന്നത് രണ്ടാം സ്ഥാനമാണ്. പക്ഷെ തുറന്നുപറയട്ടെ, എളുപ്പമല്ല. മെഡൽ പട്ടികയിൽ ആദ്യ അഞ്ചു സംസ്ഥാനങ്ങളിൽ കേരളം എത്തുമെന്ന് ചിന്തിക്കുകയാണ് യുക്തം. കാരണം 2009-10 ൽ 220 കോടിയുടെ ബജറ്റിൽ തുടങ്ങി 2014 ൽ ബജറ്റ് 600 കോടി കടന്നപ്പോഴും നാം ടീം ഒരുക്കുന്നതിന് വേണ്ട പ്രാധാന്യം കൊടുത്തിട്ടില്ല.

2010 ലെ ഡൽഹി കോമൺവെൽത്ത് ഗെയിംസിന് ഇന്ത്യൻ ടീമിനെ ഒരുക്കിയ രീതിതന്നെ കേരളത്തിന് മാതൃകയാക്കാമായിരുന്നു. ഈ ഒരുക്കത്തിന്റെ ഗുണം ഗ്വാങ്ഷു ഏഷ്യൻ ഗെയിംസിലും നാം കണ്ടു. കേരളം ഇത്തവണ സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ ഒക്ടോബറിൽ 'ആക്ഷൻ പ്ലാൻ' നടപ്പാക്കിത്തുടങ്ങി. 90 ദിവസത്തെ ക്യാമ്പ്, പോക്കറ്റ് മണിയും കിറ്റുമുൾപ്പെടെ 11,75,63,000 രൂപയുടെ ബജറ്റിട്ടു. ലക്ഷ്യം 70 സ്വർണം

പതിവുപോലെ അത്‌ലറ്റിക്സ് ആണ് കേരളത്തിന്റെ വലിയ പ്രതീക്ഷ. പക്ഷേ, ഉഷയെയോ ഷൈനിയെയോ പോലെ ഒരു സൂപ്പർ താരത്തിന്റെ അസാന്നിധ്യം യുവനിരയുടെ ആവേശം കുറയ്ക്കും. എങ്കിലും ജംപ്, സ്പ്രിന്റ്, മധ്യദൂര ഇനങ്ങളിൽ, പ്രത്യേകിച്ച് വനിതാ വിഭാഗത്തിൽ കേരളത്തിന് സുവർണ വിജയങ്ങൾ പ്രതീക്ഷിക്കാം. നീന്തലിൽ കർണാടകയുടെ ആധിപത്യം മറികടക്കുക എളുപ്പമല്ല. വനിതകളിൽ അവർ വൻ കുതിപ്പുനടത്തിയേക്കും. ഭാരോദ്വഹനത്തിലും ബോക്സിങ്ങിലും പ്രത്യേകിച്ച് വനിതകളുടെ ബോക്സിങ്ങിൽ മണിപ്പൂരിന്റെ ആധിപത്യം പ്രകടമായിരിക്കും.

റോവിങ്, കനൂയിങ്, കയാക്കിങ്, ഇനങ്ങളിൽ കേരളത്തിനാണ് മുൻതൂക്കം. എങ്കിലും മിനിമോൾ, ജെസിമോൾ, ബീന, ബിന്ദു നിരയുടെ മെഡൽവേട്ട എളുപ്പമല്ല. പക്ഷേ, യുവനിര പ്രതീക്ഷ ഉയർത്തുന്നു.

ഗെയിംസിൽ ഹോക്കി, ബാസ്ക



ഹോക്കി സ്റ്റേഡിയം കൊല്ലം

റ്റ്ബോൾ ഇനങ്ങളിൽ നാം പിന്നിലാണ്. വോളിബോൾ, ഫുട്ബോൾ (പുരുഷന്മാർ), ഹാൻഡ് ബോൾ (വനിതകൾ), ബാഡ്മിന്റൺ ഇനങ്ങളിൽ സാധ്യതയുണ്ട്.

## കേരളത്തിന്റെ നേട്ടം

ദേശീയ ഗെയിംസിൽ കേരളം സജീവ സാന്നിധ്യമറിയിച്ചത് 1985 ലെ ഡൽഹി ഗെയിംസ് മുതലാണ്. അന്ന് മെഡൽ പട്ടികയിൽ പത്താം സ്ഥാനമായിരുന്നു കേരളത്തിന്. 12 സ്വർണവും 16 വെള്ളിയും ആറ് വെങ്കലവും നേടാൻ കേരളത്തിനു സാധിച്ചു.

87 ൽ കേരളം വേദിയൊരുക്കിയപ്പോൾ പി.ടി. ഉഷയുടെ നേതൃത്വത്തിൽ ആതിഥേയർ ഓവറോൾ ചാമ്പ്യന്മാരായി. 29 സ്വർണവും 21 വെള്ളിയും 18 വെങ്കലവുമായി 383 പോയിന്റ്. പിന്നീട് 99 ൽ മണിപ്പൂരിൽ നേടിയ രണ്ടാം സ്ഥാനമാണ് (52 സ്വർണം, 34 വെള്ളി, 22 വെങ്കലം) കേരളത്തിന്റെ മികച്ച പ്രകടനം.

94 ൽ പുണെയിൽ നാം 10 ാമതും (12, 19, 15) 97 ൽ ബംഗളുരുവിൽ നാലാമതും (26, 19, 20) 2001 ൽ പഞ്ചാബിൽ ഏഴാമതും (19, 19, 20) 2002 ൽ ഹൈദരാബാദിൽ ആറാമതും (21, 23, 24) 2007 ൽ ഗുവാഹത്തിയിൽ നാലാമതും (31, 19, 25) 2011ൽ റാഞ്ചിയിൽ ഏഴാമതും (30, 29, 28) ആണ് കേരളം മെഡൽ പട്ടികയിൽ സ്ഥാനം നേടിയത്.

ഒളിംപിക്സോ, ഏഷ്യൻ ഗെയിംസോ, കോമൺവെൽത്ത് ഗെയിംസോ ഇല്ലാത്ത വർഷമാണ് 2015. ഏറ്റവും അടുത്തത് 2016 ലെ റയോ ഒളിംപിക്സാണ്. അത്രത്തോളം 'ദൂരക്കാഴ്ച'യോടെ നമ്മുടെ താരങ്ങൾ മത്സരിക്കില്ല. പക്ഷേ, സംസ്ഥാനങ്ങൾ നൽകുന്ന വൻ വാഗ്ദാനങ്ങൾക്കൊപ്പം സ്വന്തം ടീമിനായി കിരീടം എന്നൊരു ടീം സ്പിരിറ്റും ഉടലെടുത്താൽ മത്സരങ്ങൾ ആവേശകരമാകും.

റയോ ലക്ഷ്യമിട്ടൊരു യുവ താരനിര തിളങ്ങിയാൽ നല്ലത്. കനത്ത ചൂട് തുടങ്ങും മുമ്പാണ് മത്സരം. ഫെബ്രുവരി പൊതുവെ നല്ല കാലാവസ്ഥയാകും. വേദികളും കളി ഉപകരണങ്ങളും മികച്ചതായി

**സനിൽ പി. തോമസ്**

# തുടങ്ങിയത് പാരീസ് ഒളിമ്പിക്സിന് ടീമൊരുക്കാൻ

ആന്റ്‌വെർപ്പിൽ 1920 ൽ നടന്ന ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് ഏതാനും അത്‌ലറ്റുകളും ഗുസ്തിക്കാരും പങ്കെടുത്തു. ഇന്ത്യയിൽ ദേശീയ ഒളിമ്പിക് സംഘടന ഇല്ലാതിരുന്നിട്ടും ഇവർക്ക് മത്സരിക്കാൻ സാധിച്ചത് രാജ്യാന്തരതലത്തിൽ സർ ദൊറാബ്ജി ജംഷെഡ്ജി ടാറ്റ എന്ന വലിയ മനുഷ്യനോടുള്ള ആദരവുകൊണ്ടാണ്. ടാറ്റ സ്വന്തം ചെലവിൽ ഇന്ത്യൻ താരങ്ങളെ ആന്റ്‌വെർപ്പ് ഒളിമ്പിക്സിൽ അയയ്ക്കുകയായിരുന്നു.

നാല് വർഷത്തിനുശേഷം 1924 ലെ പാരീസ് ഒളിമ്പിക്സിൽ ഇന്ത്യ ഔദ്യോഗികമായി പങ്കെടുക്കണമെന്ന നിർദേശം ഉയർന്നു. ടാറ്റ പ്രസിഡന്റും ഡോ. എ.ജി. നൊറെൻ ജനറൽ സെക്രട്ടറിയുമായി 1923 ൽ അഖിലേന്ത്യ ഒളിമ്പിക് കമ്മിറ്റി നിലവിൽവന്നു (ഇപ്പോൾ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ). തുടർന്ന് ഡൽഹിയിൽ പ്രഥമ ദേശീയ ഗെയിംസ് (അന്ന് ദേശീയ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ്) സംഘടിപ്പിച്ചു. പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ ടീമിനെ തെരഞ്ഞെടുത്തത് ഈ മേളയിൽ നിന്നാണ്. അത്‌ലറ്റിക് ടീമിൽ സ്ഥാനം നേടിയ കണ്ണൂർ ചെറുവാരി കൊറ്റ്യത്ത് ലക്ഷ്മണൻ എന്ന ഹർഡിൽസ് താരം പ്രഥമ മലയാളി ഒളിംപ്യനായി.

തുടക്കത്തിൽ രണ്ട് വർഷത്തിലൊരിക്കലായിരുന്നു ദേശീയ ഗെയിംസ്. രണ്ടാം ലോകയുദ്ധം ഒളിംപിക്സ് മുടക്കിയപ്പോൾപ്പോലും ഇന്ത്യയിൽ ദേശീയ ഗെയിംസ് മുടങ്ങിയില്ലായെന്നത് അന്നത്തെ സ്പോർട്സ് സംഘാടകരുടെ സമർപ്പണം അടിവരയിടുന്നു.

പക്ഷെ, 1970 ലെ കട്ടക്ക് ദേശീയ ഗെയിംസിനുശേഷം എട്ട് വർഷം മേള നടന്നില്ല. 1979 ൽ ഹൈദ്രാബാദിൽ ദേശീയഗെയിംസ് പുനർജീവിച്ചു. പക്ഷെ വീണ്ടും പല കാരണങ്ങളാൽ ഗെയിംസ് മുടങ്ങി.

## ഇന്നത്തെ രീതിയിൽ

ആറുവർഷത്തെ ഇടവേളയ്ക്കു ശേഷം ദേശീയ ഗെയിംസ് പുനരാരംഭിച്ചത് പ്രൗഢിയോടെയാണ്. ഇന്ന് നാം കാണുന്ന ആഡംബരം ആദ്യമായി ഗെയിംസിന് കൈവന്നത് 1985 ൽ ഡെൽഹിയിലാണ്. 1982 ൽ ഏഷ്യൻ ഗെയിംസിന് ആതിഥ്യമരുളിയ ഡൽഹിക്ക് അതിനുമുന്നോടിയായി നടത്താൻ കഴിയാതെപോയ മേളയായി 85 ലെ ദേശീയ ഗെയിംസ് മാറ്റാൻ കഴിഞ്ഞു. പ്രാതിനിധ്യം കൊണ്ടും മത്സരയിനങ്ങളുടെ വൈവിധ്യം കൊണ്ടും അത് ശ്രദ്ധേയമായ മേളയായി മാറിയത്.

26 ാം ദേശീയ ഗെയിംസാണ് 1985 ൽ നടന്നത്. പക്ഷെ പലപ്പോഴും പ്രഥമ ദേശീയമേളയായി ഡൽഹി ഗെയിംസ് കണക്കാക്കപ്പെടുന്നു. കാരണം മുമ്പ് നടന്ന ഗെയിംസുകൾ ഇത്രത്തോളം ശ്രദ്ധിക്കപ്പെട്ടിട്ടില്ല എന്നതുതന്നെ.

## കേരളത്തിൽ

അടുത്ത ഊഴം കേരളത്തിനായിരുന്നു. 1987 ൽ 27ാം ഗെയിംസ് കേരളത്തിൽ തിരുവനന്തപുരം മുതൽ കണ്ണൂർ വരെ വിവിധ ജില്ലകളിലായി നടന്നു. ഡിസംബർ 20 മുതൽ 28 വരെയായിരുന്നു ഗെയിംസ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലായിരുന്നു 22 മത്സരയിനങ്ങൾക്ക് വേദിയൊരുങ്ങിയത്. 29 ടീമുകൾ പങ്കെടുത്തു. ലക്ഷദ്വീപ്, രാജസ്ഥാൻ, മേഘാലയ, നാഗാലാൻഡ് ടീമുകളാണ് വിട്ടുനിന്നത്.

## ഗ്ലാമർ മേള

ഗെയിംസ് വീണ്ടും മുടങ്ങി. 1994 ൽ പൂണെയിലും മുംബൈയിലുമായി വേദിയൊരുക്കി ഗെയിംസ് പുനർജീവിപ്പിച്ചു. ഏഷ്യൻ ഗെയിംസിനെ വെല്ലുന്ന സജ്ജീകരണങ്ങളാണ് പുണെയിലെ ഛത്രപതി ശിവജി സ്പോർട്സ് കോംപ്ലക്സിൽ ഒരുക്കിയത്.

തുടർന്ന് 1997 ൽ ബാംഗ്ലൂരിലും 1999 ൽ മണിപ്പൂരിലും 2001 ൽ പഞ്ചാബിലും 2002ൽ ഹൈദരാബാദിലും 2007 ൽ ഗുവാഹത്തിയിലും 2011 ൽ റാഞ്ചിയിലും ദേശീയ ഗെയിംസ് നടന്നു. 2008 ൽ അനുവദിക്കപ്പെട്ട ഗെയിംസാണ് 2015 ൽ കേരളത്തിൽ നടക്കുന്നത്. കോമൺവെൽത്ത് ഗെയിംസുമൂലം റാഞ്ചി ഗെയിംസ് നീണ്ടുപോയതും 35 ാം ഗെയിംസ് മാറ്റിവെക്കാൻ കാരണമായി. 36 ാം ഗെയിംസ് ഗോവയിലാണ് നടക്കുക.

## ആന്റിക്ലൈമാക്സ്

ഒളിംപിക്സിനും ഭൂഖണ്ഡതലത്തിലെ ഗെയിംസിനുമൊക്കെ ടീമിനെ തിരഞ്ഞെടുക്കാൻ മറ്റു രാജ്യങ്ങൾ ദേശീയഗെയിംസ് നടത്തുമ്പോൾ നമുക്കിത് കേവലം ചടങ്ങായി മാറുന്നു. മത്സരയിനങ്ങളുടെ വൈവിധ്യവും പങ്കാളികളുടെ ബാഹുല്യവുമൊക്കെ കാരണങ്ങളാകാം. പക്ഷെ ദേശീയ ഗെയിംസ് രാജ്യാന്തരമേളകൾക്കു ശേഷമാകുമ്പോൾ ആന്റി ക്ലൈമാക്സ് ആകുന്നു. 2014 ൽ ഏഷ്യൻ ഗെയിംസ് നടന്നപ്പോൾ 2015 ലെ ദേശീയ മേള ഇന്ത്യക്കാരായ നമുക്കുമാത്രം ആസ്വദിക്കാനുള്ളതാകുന്നു. ■

രിക്കും. ഇതെല്ലാം മത്സരനിലവാരമുയർത്തും.

രാജ്യാന്തരതലത്തിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ച താരങ്ങൾ കേരളത്തിൽ എത്രയോയുണ്ട്. ഇവരുടെ സേവനം ടീം ഒരുക്കുന്നതിൽ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താൻ നമുക്കു സാധിച്ചില്ലെന്നു സമ്മതിക്കണം. ഓരോ ഇനത്തിലും ഏതാനും സൂപ്പർ താരങ്ങളെ മാർഗനിർദേശങ്ങൾക്കായി ഇനിയാണെങ്കിലും ഉൾപ്പെടുത്താം. പരിശീലകരുമായി ഒത്തുപോകുന്നവരായിരിക്കണമെന്നുമാത്രം. സാങ്കേതികമികവുള്ള, ശ്രദ്ധയേനേട്ടം കൈവരിച്ച മുൻ പരിശീലകരെയും സംഘത്തിൽപ്പെടുത്തണം.

രണ്ടുമല്ലെങ്കിൽ സൂപ്പർ താരങ്ങളുടെ സാന്നിധ്യംകൊണ്ട് യുവനിരയ്ക്ക് പ്രചോദനം കൈവരാൻ കഴിയണം. നാട്ടിൽ നടക്കുന്ന മേളയായതിനാൽ വിജയം എല്ലാവരുടേതുമാണ്. അതു സാധ്യമാക്കേണ്ട ചുമതല ഈ രംഗത്തെ എല്ലാവർക്കുമുണ്ട്.

## അടിസ്ഥാന സൗകര്യങ്ങൾ

അടിസ്ഥാന സൗകര്യവികസനത്തിൽ വലിയ മാതൃക കാട്ടിയത് പുണെയാണ്. അതുകൊണ്ടാണ് ഹൈദരാബാദും റാഞ്ചിയും ലുധിയാനയും ഗുവാഹത്തിയുമൊക്കെ വളർന്നത്. പുണെയിൽ കോടികൾ മുതൽമുടക്കിയപ്പോൾ, യൂറോപ്പിനെ ഓർമിപ്പിക്കുന്ന ശൈത്യകാലത്ത് വിദേശ താരങ്ങൾക്കുകൂടി പരിശീലനത്തിനു വേദി അനുവദിക്കുകയും അതുവഴി പണവും നമ്മുടെ താരങ്ങൾക്ക് പ്രചോദനവും ലക്ഷ്യമിട്ടിരുന്നു. പക്ഷേ, ദേശീയ ഗെയിംസിനുശേഷം സ്റ്റേഡിയങ്ങളും ഉപകരണങ്ങളും വേണ്ടരീതിയിൽ ഉപയോഗിച്ചില്ല.

കേരളത്തിന് 87 ലെ സൗകര്യമൊരുക്കൽ ഏതാനും വർഷംകൂടിയേ പ്രയോജനപ്പെട്ടുള്ളൂ. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്കൊക്കെ വേണ്ടരീതിയിൽ പരിപാലിക്കപ്പെടാതെപോയി. ഇനിയതു സംഭവിക്കരുത്. ഏഴു ജില്ലകളിൽ അടിസ്ഥാനസൗകര്യവികസനം ഒരുക്കിയിട്ടുണ്ട്. ഏറ്റവും ആധുനിക സൗകര്യങ്ങളും ഉപകരണങ്ങളും ഗെയിംസ് കഴിഞ്ഞാൽ കേരളത്തിന് സ്വന്തമാകും. ഇത് ഭാവിതലമുറക്കായി കരുതണം.

ദേശീയ ഗെയിംസ് വരുമ്പോൾ ഇതര സംസ്ഥാനങ്ങളിൽ ജോലിനോക്കുന്ന മലയാളി താരങ്ങളെ ഇറക്കുമതി ചെയ്ത് മെഡൽ നേടുകയല്ല; പകരം നമ്മുടെ താരങ്ങൾ ഇവിടെത്തന്നെ വളർന്നുവരാൻ കരുതൽ നടത്തുകയാണു വേണ്ടത്. എല്ലാവർക്കും ജോലി നൽകാനാവില്ല. പക്ഷെ, നാട്ടിൽ വരുമ്പോഴും പരിശീലനം തുടരാനും മലയാളി മണ്ണുമായുള്ള ബന്ധം വേർപെടാതിരിക്കാനും കഴിയണം.

35 ാം ഗെയിംസിന് നമ്മൾ ഒരുക്കുന്ന സൗകര്യങ്ങൾ ഒരു പതിറ്റാണ്ടെങ്കിലും കുറ്റമറ്റരീതിയിൽ നിലനിൽക്കണം. പിന്നെ അടുത്ത വികസനമാകാം. പക്ഷെ മത്സരങ്ങളിലെ ആതിഥേയരുടെ മികവ് പരമപ്രധാനമാണ്. കാണികൾ എത്തിയാലേ പ്രോത്സാഹനമുണ്ടാകൂ. നാടിന്റെ ആനുകൂല്യവും നാട്ടുകാരുടെ പിന്തുണയും സുവർണ നേട്ടങ്ങളായി മാറുമെന്നു പ്രതീക്ഷിക്കാം. ■

## ദേശീയ ഗെയിംസ് വേദികൾ ഇതുവരെ

**1924 മുതൽ ഇന്ത്യ ഒളിംപിക് ഗെയിംസ് എന്ന പേരിൽ രണ്ടു വർഷത്തിലൊരിക്കൽ വലിയ കായിക മത്സരം നടത്തിയിരുന്നു. 1940 ലാണ് ഇതിന് ദേശീയ ഗെയിംസ് എന്ന് പേരു മാറ്റിയത്.**

| മത്സരങ്ങളുടെ പേര് | നമ്പർ | വർഷം | സ്ഥലം |
|---|---|---|---|
| ഇന്ത്യൻ ഒളിംപിക് ഗെയിംസ് | 1 | 1924 | മദ്രാസ് |
| | 2 | 1926 | മദ്രാസ് |
| | 3 | 1928 | മദ്രാസ് |
| | 4 | 1930 | മദ്രാസ് |
| | 5 | 1932 | മദ്രാസ് |
| | 6 | 1934 | മദ്രാസ് |
| | 7 | 1936 | മദ്രാസ് |
| | 8 | 1938 | മദ്രാസ് |
| നാഷണൽ ഗെയിം | 9 | 1940 | മദ്രാസ് |
| | 10 | 1942 | മദ്രാസ് |
| | 11 | 1944 | മദ്രാസ് |
| | 12 | 1946 | മദ്രാസ് |
| | 13 | 1948 | മദ്രാസ് |
| | 14 | 1952 | മദ്രാസ് |
| | 15 | 1953 | മദ്രാസ് |
| | 16 | 1954 | ഡൽഹി |
| | 17 | 1956 | മദ്രാസ് |
| | 18 | 1958 | മദ്രാസ് |
| | 19 | 1960 | മദ്രാസ് |
| | 20 | 1962 | മദ്രാസ് |
| | 21 | 1964 | മദ്രാസ് |
| | 22 | 1966 | മദ്രാസ് |
| | 23 | 1968 | മദ്രാസ് |
| | 24 | 1970 | മദ്രാസ് |
| | 25 | 1979 | മദ്രാസ് |
| നാഷണൽ ഗെയിംസ് | 26 | 1985 | മദ്രാസ് |
| | 27 | 1987 | മദ്രാസ് |
| | 28 | 1994 | മദ്രാസ്-മധുര |
| | 29 | 1997 | മദ്രാസ്-മധുര |
| | 30 | 1999 | മദ്രാസ് |
| | 31 | 2001 | തമിഴ് നാട് |
| | 32 | 2002 | ഹൈദ്രബാദ്, വിശാഖപട്ടണം |
| | 33 | 2007 | ഗുവാഹത്തി |
| | 34 | 2011 | റാഞ്ചി |
| | 35 | 2015 | കേരളം |

### ദീപ ശിഖ ഡിജിറ്റലായി

ഗെയിംസിന്റെ വരവറിയിച്ചുള്ള ദീപശിഖാ പ്രയാണത്തിൽ ഡിജിറ്റൽ സാങ്കേതിവിദ്യയിലൂടെ അണി ചേരാം. നാഷണൽ ഗെയിംസ് വിർചൽ ടോർച്ച് എന്ന മൊബൈൽ ആപ്ലിക്കേഷൻ ദേശീയ ഗെയിംസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യണം. ഈ ആപ്ലിക്കേഷനുപയോഗിച്ച് വിളക്ക് തെളിക്കുന്നതോടെ ഡിജിറ്റലായുള്ള ദീപശിഖാ പ്രയാണത്തിൽ പങ്കാളിയാകാം. സുഹൃത്തുക്കൾക്ക് സോഷ്യൽ മീഡിയയിലൂടെയും മറ്റും ഇത് ഷെയർ ചെയ്യാനുമാകും. ഫോണുകളിൽ നിന്ന് ഫോണുകളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ഡിജിറ്റൽ ദീപശിഖ അനന്തപ്രയാണം നടത്തും. കായിക താരങ്ങൾ നേരിട്ട് പങ്കെടുക്കുന്ന റോഡ് മാർഗ്ഗമുള്ള ദീപശിഖാ പ്രയാണം വിവിധ നഗരങ്ങൾ ചുറ്റി ഗെയിംസ് ഉദ്ഘാടന വേളയിൽ തലസ്ഥാനത്തെത്തും.




ദേശീയ ഗെയിംസിനു മുന്നോടിയായുള്ള റൺ കേരള റണ്ണിനെത്തിയ സച്ചിൻ ടെൻഡുൽക്കർ ഗവർണർ പി. സദാശിവം, മുഖ്യമന്ത്രി ഉമ്മൻചാണ്ടി, കായികമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർക്കൊപ്പം

# ഒറ്റമനസ്സായി കേരളം ഓടി

ഗെയിംസ് ലഹരിയെ മൂർധന്യത്തിലെത്തിച്ച് കേരളം ഒന്നായി ഓടി. ദേശീയ ഗെയിംസിനോടനുബന്ധിച്ച് നടന്ന റൺ കേരള റൺ കായിക കേരളത്തിന്റെ ഊർജസ്വലതയും പ്രസരിപ്പും വിളിച്ചറിയിച്ചു. ഗെയിംസ് ബ്രാന്റ് അംബാസഡർ സച്ചിൻ ടെൻഡുൽക്കറുടെ സാന്നിധ്യത്തിൽ തലസ്ഥാനത്ത് നടന്ന വർണ്ണാഭമായ ഉദ്ഘാടന പരിപാടിയിലും ആവേശം അണപൊട്ടി. ജനുവരി 20ന് രാവിലെ 10.30ന് സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിലായി ഒരേ സമയമാണ് റൺ കേരള റൺ നടന്നത്. ഗവർണർ പി.സദാശിവം തലസ്ഥാനത്ത് ഫ്ളാഗ് ഓഫ് ചെയ്തു. മന്ത്രിമാരായ

## 1987 ൽ കേരളത്തിൽ നടന്ന ദേശീയ ഗെയിംസിലെ മെഡൽ നില

| സംസ്ഥാനം | സ്വർണം | വെള്ളി | വെങ്കലം | ആകെ |
|---|---|---|---|---|
| കേരളം | 29 | 21 | 19 | 69 |
| മഹാരാഷ്ട്ര | 24 | 21 | 18 | 63 |
| വെസ്റ്റ് ബംഗാൾ | 23 | 20 | 23 | 66 |
| തമിഴ് നാട് | 22 | 21 | 19 | 62 |
| പഞ്ചാബ് | 17 | 18 | 24 | 59 |
| ഡൽഹി | 16 | 13 | 19 | 48 |
| ഹരിയാന | 15 | 12 | 8 | 35 |
| കർണാടക | 122 | 21 | 26 | 59 |
| ബീഹാർ | 9 | 9 | 11 | 29 |
| ചണ്ഡിഗഡ് | 6 | 5 | 3 | 14 |
| രാജസ്ഥാൻ | 6 | 4 | 6 | 16 |
| ആന്ധ്രാപ്രദേശ് | 5 | 12 | 11 | 28 |
| അസം | 4 | 2 | 2 | 8 |
| മണിപ്പൂർ | 3 | 3 | 7 | 13 |
| മധ്യപ്രദേശ് | 2 | 4 | 4 | 10 |

| സംസ്ഥാനം | സ്വർണം | വെള്ളി | വെങ്കലം | ആകെ |
|---|---|---|---|---|
| ഉത്തർപ്രദേശ് | 2 | 0 | 6 | 8 |
| ത്രിപുര | 1 | 3 | 3 | 7 |
| ഹിമാചൽ പ്രദേശ് | 1 | 3 | 2 | 6 |
| ആൻഡമാൻ നിക്കോബാർ | 1 | 2 | 1 | 4 |
| ഗുജറാത്ത് | 1 | 1 | 8 | 10 |
| നാഗാലാന്റ് | 1 | 0 | 2 | 3 |
| ഒറീസ | 1 | 0 | 0 | 1 |
| ജമ്മു കശ്മീർ | 0 | 4 | 2 | 6 |
| മിസോറാം | 0 | 0 | 2 | 2 |
| പോണ്ടിച്ചേരി | 0 | 0 | 1 | 1 |
| ഗോവ | 0 | 0 | 1 | 1 |
| അരുണാചൽ പ്രദേശ് | 0 | 0 | 0 | 0 |
| മേഘാലയ | 0 | 0 | 0 | 0 |
| ലക്ഷദ്വീപ് | 0 | 0 | 0 | 0 |
| സിക്കിം | 0 | 0 | 0 | 0 |

ഏറ്റവുമധികം മെഡൽ നേടി ഒന്നാമതെത്തിയത് കേരളമാണ്. ആകെ 69 മെഡലുകൾ. സ്വർണ മെഡലുകൾ കൂടുതൽ കിട്ടിയതും കേരളത്തിനുതന്നെ. 29 എണ്ണം.




തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി.എസ്.ശിവകുമാർ, ഉന്നത കായിക- സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവരെല്ലാം പങ്കെടുത്തു. കേരളത്തിന്റെ കായികചരിത്രത്തിൽ ഏറ്റവുമധികം പേർ അണിനിരന്ന ഇത്തരമൊരു കൂട്ടയോട്ടം ആദ്യം. വിദ്യാർഥികളും കായിക പ്രേമികളും സംഘടനകളുമെല്ലാം അണിനിരന്ന് മഹാവിജയമാക്കുകയായിരുന്നു. ■

**കെ.എം. ബീനമോൾ (അത്‌ലറ്റ്)**

നമ്മുടേ താരങ്ങൾക്ക് ഭാവിയിൽ ഏറ്റവും നല്ല പെർഫോമൻസ് കാഴ്ചവെക്കാനുള്ള അടിത്തറയാകും നാഷണൽ ഗെയിംസ്. അന്താരാഷ്ട്ര മത്സരങ്ങളിൽ നല്ല പ്രകടനം കാഴ്ചവെക്കാൻ ദേശീയ ഗെയിംസ് പ്രചോദനമാകും. കേരള താരങ്ങളെ സംബന്ധിച്ചിടത്തോളം ഇത് അവരുടെ ഹോം ഗ്രൗണ്ടാണ്. അത് കേരള താരങ്ങൾക്ക് അനുകൂലമായ ഒരു ഘടകമാണ്.

**ജോർജ് തോമസ് (ബാഡ്മിന്റൺ)**

1987 മുതൽ നടന്ന ദേശീയഗെയിംസിൽ ആദ്യത്തെ സ്വപ്നമെഡൽ ജേതാവാണ് ഞാൻ. കായികരംഗത്തിന് ഒരു ടോട്ടൽ ഡെവലപ്മെന്റാണ് ഞാൻ പ്രതീക്ഷിക്കുന്നത്. 'റൺ കേരള റൺ' പോലുള്ള പരിപാടികൾ കുട്ടികൾക്കിടയിൽ ഒരു പുതിയ കായിക അവബോധം ഉണർത്താൻ സഹായിക്കും. അതുതന്നെയാണ് ഗെയിംസിന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ കാണുന്നത്.

**കെ.സി. ഏലമ്മ (വോളിബോൾ)**

പഴയൊരു വോളിബോൾ താരമെന്ന നിലയ്ക്ക് കേരള പുരുഷ, വനിത വോളിബോൾ ടീമിനു വളരെയേറെ സാധ്യതയാണ് ഞാൻ കല്പിക്കുന്നത്. മികച്ചരീതിയിലുള്ള പരിശീലനം ടീമിനു കിട്ടുന്നുണ്ട്. ശ്രദ്ധയോടെ കളിച്ചാൽ വോളിബോളിൽ ഇരട്ടക്കിരീടം കേരളത്തിന് സ്വന്തമാക്കാം.

## 34 ാമത് ദേശീയ ഗെയിംസ്

2011 ഫെബ്രുവരി 12 മുതൽ 26 വരെ ഝാർഖണ്ഡിന്റെ തലസ്ഥാനമായ റാഞ്ചിയിലും ജാംഷഡ്പൂർ, ധൻബാദ് എന്നിവിടങ്ങളിലുമായാണ് 34 ാമത് ദേശീയ ഗെയിംസ് നടന്നത്. റാഞ്ചിയായിരുന്നു ആതിഥേയ നഗരം. 8511 കായികതാരങ്ങൾ മാറ്റുരച്ചു. കേരളം 30 സ്വർണമുൾപ്പെടെ 87 മെഡലുകൾ നേടി ഏഴാം സ്ഥാനത്തെത്തി.

### മെഡൽ നില

| | സംസ്ഥാനം | സ്വർണം | വെള്ളി | വെങ്കലം | ആകെ |
|---|---|---|---|---|---|
| 1. | സർവീസസ് | 70 | 50 | 42 | 162 |
| 2. | മണിപ്പൂർ | 48 | 37 | 33 | 118 |
| 3. | ഹരിയാന | 42 | 33 | 40 | 115 |
| 4. | മഹാരാഷ്ട്ര | 41 | 44 | 47 | 132 |
| 5. | ഝാർഖണ്ഡ് | 33 | 26 | 37 | 96 |
| 6. | ഡൽഹി | 32 | 26 | 41 | 99 |
| 7. | കേരള | 30 | 29 | 28 | 87 |
| 8. | മധ്യപ്രദേശ് | 25 | 32 | 46 | 103 |
| 9. | പഞ്ചാബ് | 23 | 38 | 54 | 115 |
| 10. | ഉത്തർ പ്രദേശ് | 20 | 22 | 28 | 70 |
| 11. | കർണാടക | 16 | 19 | 20 | 55 |
| 12. | തമിഴ്നാട് | 14 | 12 | 27 | 53 |
| 13. | ത്രിപുര | 6 | 2 | 1 | 9 |
| 14. | ആന്ധ്രാപ്രദേശ് | 5 | 19 | 25 | 49 |
| 15. | അസം | 5 | 11 | 18 | 34 |
| 16. | ഗോവ | 5 | 5 | 6 | 16 |
| 17. | ഒറീസ | 5 | 4 | 3 | 12 |
| 18. | വെസ്റ്റ് ബംഗാൾ | 4 | 10 | 21 | 35 |
| 19. | ഉത്തരഖണ്ഡ് | 4 | 4 | 5 | 13 |
| 20. | രാജസ്ഥാൻ | 4 | 1 | 10 | 15 |
| 21. | ഛത്തിസ്ഗഢ് | 4 | 1 | 2 | 7 |
| 22. | ആൻഡമാൻ&നിക്കോബാർ | 3 | 2 | 2 | 7 |
| 23. | ഹിമാചൽ പ്രദേശ് | 2 | 0 | 5 | 7 |
| 24. | ബിഹാർ | 1 | 5 | 6 | 12 |
| 25. | മേഘാലയ | 1 | 3 | 2 | 6 |
| 26. | സിക്കിം | 1 | 2 | 1 | 4 |
| 27. | ജമ്മു കശ്മീർ | 0 | 4 | 8 | 12 |
| 28. | ഗുജറാത്ത് | 0 | 3 | 4 | 7 |
| 29. | അരുണാചൽ പ്രദേശ് | 0 | 1 | 10 | 11 |
| 30. | ചണ്ഡിഗഢ് | 0 | 1 | 9 | 10 |
| 31. | മിസോറാം | 0 | 1 | 5 | 6 |
| 32. | നാഗാലാൻഡ് | 0 | 0 | 2 | 2 |
| 33. | ദ്രാനഗർ ഹവേലി | 0 | 0 | 0 | 0 |
| 34. | ദമൻ ദിയു | 0 | 0 | 0 | 0 |
| 35. | ലക്ഷദ്വീപ് | 0 | 0 | 0 | 0 |
| 36. | പോണ്ടിച്ചേരി | 0 | 0 | 0 | 0 |
| | ആകെ | 444 | 447 | 588 | 1479 |

ബിനീഷ് സി.പി.

35 ാം ദേശീയ ഗെയിംസ് കേരളം



# സുവർണപാദങ്ങൾ

**ലോകമെമ്പാടുമുള്ള മലയാളിയുടെ സ്വകാര്യാഭിമാനങ്ങളിലൊന്നായി മാറിക്കഴിഞ്ഞ 'പയ്യോളി എക്സ്പ്രസി'നൊപ്പം ഒരു ദിവസം**

കായിക ഇന്ത്യയുടെ മുഖപടമാണ് പിലാവുള്ള കണ്ടി തെക്കേപ്പറമ്പിൽ ഉഷ എന്ന പി.ടി. ഉഷ. നേട്ടങ്ങളുടെ ട്രാക്കിൽ അത്രയൊന്നും നേടിയിട്ടില്ലാത്ത രാജ്യത്തിന് കനിഞ്ഞ് കിട്ടിയ മുത്ത്. കഠിനാധ്വാനവും ദൈവത്തിന്റെ വരദാനമായി കിട്ടിയ പ്രതിഭയും മാത്രം കൈമുതലായി ഇന്ത്യയുടെ 'ഒരേയൊരു ഉഷ' വാരിക്കൂട്ടിയത് നൂറിലേറെ അന്താരാഷ്ട്ര മെഡലുകളാണ്. കൃത്യായി പറഞ്ഞാൽ 102 അന്താരാഷ്ട്ര പതക്കങ്ങൾ, ദേശീയതലത്തിലെ നൂറുകണക്കിന് മെഡലുകൾ വേറെ. പയ്യോളിയിലെ 'ഉഷസ്സി'ലെ സ്വീകരണമുറിയിലെ ഷോകെയ്സിൽ നിറഞ്ഞിരിക്കുന്ന മെഡലുകളുടെയും പുരസ്കാരങ്ങളുടെയും എണ്ണം മതി ഈ ഉരുക്കുവനിതയുടെ പ്രതിഭയുടെ മിന്നലാട്ടമറിയാൻ. എൺപതുകളിൽ ഏഷ്യൻ ഗെയിംസുകളിലും ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ് വേദികളിലും മിന്നിത്തിളങ്ങിയ ഉഷ ദേശീയ ഗെയിംസുകളിലും മറ്റു ദേശീയ മീറ്റുകളിലും മെഡലുകൾ വാരിക്കൂട്ടി. 84 ലെ ലോസാഞ്ചലസ് ഒളിംപിക്സിൽ നേരിയ വ്യത്യാസത്തിന് 400 മീറ്റർ ഹർഡിൽസിൽ വെങ്കലം നഷ്ടമായ ഉഷ ഭാവിതലമുറയെ വാർത്തെടുക്കാൻ ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് എന്ന മഹത്തായ സ്ഥാപനവുമായി ജൈത്രയാത്ര തുടരുകയാണ്.

## മഞ്ഞിൽ വിരിയുന്ന താരങ്ങൾ

വൃശ്ചികത്തണുപ്പ് ട്രാക്കിലായ പ്രഭാതത്തിൽ രാജ്യത്തിന്റെ കായികവസന്തത്തിനായി ഉണർന്നിരിക്കുകയാണ് പി.ടി. ഉഷ. കാന്തലാട് മലനിരകളുടെ താഴ്‌വാരത്ത് കുഞ്ഞുശിഷ്യകൾക്ക് തന്ത്രങ്ങൾ കൈമാറുന്ന തിരക്കിലാണ് ഈ ലോകോത്തരതാരം. ഭാവിയുടെ ഉഷമാരാകാൻ 20 ഓളം കുട്ടികൾ. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിക്കടുത്ത് കിനാലൂരിലെ ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന്റെ ജീവവായുവാണ് ഉഷ ഇന്ന്. തിരക്കുകളുടെ ഫിനിഷിങ് പോയിന്റ് കഴിഞ്ഞ് പുലർച്ചെ മൂന്നു മണിക്കാണ് ഉറങ്ങിയത്. അഞ്ച് മണിക്ക് എഴുന്നേറ്റ് പയ്യോളിയിൽ നിന്ന് 35 കിലോമീറ്ററിലേറെ ദൂരെയുള്ള കിനാലൂരിലേക്ക്. അവിടെ ടിന്റു ലൂക്ക എന്ന ഏഷ്യൻ മെഡൽ ജേതാവും മറ്റ്

പി.ടി. ഉഷ: മലയാള മനോരമ മുൻ ചീഫ് ഫോട്ടോഗ്രാഫർ പി. മുസ്തഫ എടുത്ത ചിത്രം

ജൂനിയർ താരങ്ങളും കാത്തിരിക്കുന്നു. എല്ലാറ്റിനും പിന്തുണയും ആവേശവുമായി ഭർത്താവ് വി. ശ്രീനിവാസനും ഒപ്പം സ്കൂൾ ജീവനക്കാരനായ പി.പി. രാജീവനും. സംസ്ഥാന സ്കൂൾ കായികമേളയ്ക്കുള്ള പരിശീലനവും തന്ത്രങ്ങളും പറഞ്ഞുകൊടുക്കുകയാണ്. 20 ഓളം കുട്ടികൾ ഗുരുമുഖത്തുനിന്ന് എല്ലാം കേട്ടും കണ്ടും അനുഭവിച്ചും പഠിക്കുന്നു. ഉഷയുടെ കീർത്തി കേട്ടറിഞ്ഞ് സെലക്ഷൻ ട്രയൽസിനെത്തി പ്രവേശനം നേടിയ രാജസ്ഥാൻകാരി പിനാകി അഗർവാളും കൂട്ടത്തിലുണ്ട്. ചെറിയ കുട്ടികളെ ട്രാക്കിലാക്കുന്നത് എളുപ്പമുള്ള കാര്യമല്ല. അസാമാന്യ ക്ഷമയോടെ കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നു. ഇടയ്ക്ക് ബാറ്റൺ കൈമാറ്റംപോലെ സ്നേഹത്തോടെയുള്ള ശകാരം. ഓരോരുത്തരും ഓടുന്ന സമയം കുറിച്ചെടുത്ത് ശ്രീനിവാസൻ.

അതിനിടെ ഒരതിഥിയെത്തി. ദൂരങ്ങൾതാണ്ടിയെത്തിയ ഒരാരാധകൻ കൺമുന്നിൽ. ചെന്നൈയിൽ നിന്ന് സൈക്കിളിൽ ഡൽഹിവരെ ചുറ്റുന്ന ബീഹാറുകാരൻ രാജേഷ്. ലിംഗവിവേചനത്തിനും സ്ത്രീകൾക്കെതിരായ ആസിഡാക്രമണങ്ങൾക്കുമെതിരെ സന്ദേശമുയർത്തി നാടുചുറ്റുന്ന രാകേഷ് കോഴിക്കോട് എത്തിയപ്പോഴാണ് ഉഷയെ കാണണമെന്ന മോഹമുദിച്ചത്. ഉഷ സ്കൂളിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളും രാകേഷിന് പറഞ്ഞുകൊടുത്തു. എന്നും മനസ്സിൽ ആരാധിക്കുന്ന അതുല്യ താരത്തെ കാണാനായതിന്റെ സന്തോഷം രാകേഷ് മറച്ചുവെച്ചില്ല. ബീഹാറിൽ നിന്നുള്ള കുട്ടികളെ ഉഷ സ്കൂളിൽ പ്രവേശിപ്പിക്കണമെന്ന അഭ്യർഥന. സെലക്ഷൻ ട്രയൽസ് സമയത്ത് വന്നാൽ മിടുക്കരാണെങ്കിൽ പരിഗണിക്കാമെന്ന ഉറപ്പ്. ബീഹാറിലെ ഒരു കായിക കോളേജിന് ഉഷയുടെ പേരാണെന്നു പറഞ്ഞപ്പോൾ ആ ബീഹാറിക്ക് സന്തോഷവും ആവേശവും ഇരട്ടിച്ചു. രാജസ്ഥാനിലും ഉഷയുടെ പേരിൽ കോളേജുണ്ടെന്നും കൊച്ചിയിലും കോഴിക്കോട്ടും ബറോഡയിലും എന്തിനധികം കൊറിയയിലും ചൈനയിലും വരെ മലയാളിയുടെ പൊൻമുത്തിന്റെ പേരിൽ വഴിത്താരകളുണ്ടെന്നതും അദ്ദേഹത്തിന്റെ അത്ഭുതപ്പെടുത്തുന്ന അറിവായിരുന്നു. സ്ത്രീകൾക്ക് വിവേചനമില്ലാതെ മുന്നേറാൻ അവസരം വേണമെന്ന ശക്തമായ അഭിപ്രായവും സമ്മാനിച്ചാണ് ഉഷയും ശ്രീനിവാസനും ആ ലോകസഞ്ചാരിയെ കൈവീശി യാത്രയാക്കിയത്.

## ജീവിതം ശിഷ്യകൾക്കായി

കുറച്ച് വർഷം മുമ്പ് കാൽമുട്ടിന് ശസ്ത്രക്രിയ നടത്തിയപ്പോൾ സ്ഥാപിച്ച ഒരു സ്ക്രൂ ഉഷയുടെ കാലിൽ ഇപ്പോഴുമുണ്ട്. ഡിസംബറിൽ ആ സ്ക്രൂ എടുത്തു കളയണമെന്നാണ് ഡോ. ഷില്ലർ ജോസ് പറഞ്ഞിരുന്നത്. അതിനിടെ കുറേ ഡിസംബർ കടന്നുപോയി. പരിശീലനത്തിരക്കിനിടയിൽ സ്ക്രൂ എടുക്കാൻ പോയാൽ തന്റെ കുട്ടികളുടെ പ്രകടനത്തെ ബാധിക്കില്ലേ എന്നാണ് ഉഷയുടെ ചോദ്യം. കഴിഞ്ഞ ഡിസംബറിൽ ശസ്ത്രക്രിയയ്ക്ക് ഒരുങ്ങിയതായിരുന്നു. അപ്പോഴാണ് ദേശീയ ഗെയിംസ് വരുന്നത്. അതു കഴിഞ്ഞാൽ ടിന്റുവിന് ലോകമീറ്റിൽ പങ്കെടുക്കണം. ഒരു മാസത്തോളം വിശ്രമം ആവശ്യമായതിനാൽ കാൽമുട്ടിനെക്കുറിച്ച് ചിന്തിച്ചിട്ടില്ല. സ്വന്തം കാര്യംപോലും മറന്ന് കായികരംഗത്തിനായി ജീവിതം സമർപ്പിക്കുകയാണ് ഉഷ.

കൗമാരപ്രായത്തിൽ തുടങ്ങിയ ഓട്ടം അൻപത് വയസ്സിന്റെ നിറവിലും ഉഷ അവസാനിപ്പിച്ചിട്ടില്ല. സകല പ്രതിസന്ധികളും തരണം ചെയ്ത് ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് ജൈത്രയാത്ര തുടരുകയാണ്.

1999 ൽ കൊയിലാണ്ടിയിലാണ് പരിശീലനകേന്ദ്രത്തിന് തുടക്കമിട്ടത്. 2002 ലാണ് ഔദ്യോഗിക തുടക്കമായത്. എ. ബി. വാജ്പേയ് മന്ത്രിസഭയിലെ സ്പോർട്സ് യുവജനക്ഷേമ മന്ത്രിയായിരുന്ന ഉമാ ഭാരതിയായിരുന്നു ഉദ്ഘാടക. ടിന്റു ലൂക്കയും അശ്വതിയും സി. ശില്പയുമടക്കമുള്ള താരങ്ങൾ പിന്നീട് ട്രെയിനികളായെത്തി.

സ്കൂൾ കായികമേളകളിൽ സ്വർണക്കൊയ്ത്ത് തുടങ്ങിയ താരങ്ങൾ ദേശീയ ജൂനിയർ മീറ്റുകളിലും സീനിയർ നാഷണൽ മീറ്റുകളിലും സ്വർണം വാരിക്കൂട്ടി. ലോകമീറ്റുകളിൽ വരെ ടിന്റു സാന്നിധ്യമറിയിച്ചു. വിമർശകരെയും ഒളിയമ്പെയ്യുന്നവരെയും നാണംകെടുത്തി മെഡൽനേട്ടത്തിലേക്ക് ഈ കണ്ണൂർക്കാരി ഒന്നരലാപ് ഓടി. ടിന്റുവിന് വിദേശകോച്ച് വേണമെന്ന് വിലപിച്ചവർ പിന്നീട് മാളത്തിലൊളിച്ചു. ഇഞ്ചിയോൺ ഏഷ്യൻ ഗെയിംസിൽ 4400 മീറ്ററിൽ റിലേയിൽ സ്വർണവും 800 മീറ്ററിൽ വെള്ളിയും ഗ്വാങ്ചോയിൽ 800 മീറ്ററിൽ വെങ്കലവും ടിന്റുവിന്റെ പേരിലായി. അർജുന അവാർഡ് നൽകി രാജ്യം ആദരിച്ചപ്പോൾ ടിന്റു തന്റെ നേട്ടം സമർപ്പിച്ചത് മറ്റാർക്കുമായിരുന്നില്ല.

വിജയത്തിലേക്ക് കുറുക്കുവഴികളില്ലെന്ന് ഉഷ ഓർമപ്പെടുത്തുന്നു. സൗകര്യങ്ങൾ കാത്തുനിന്നിട്ട് കാര്യമില്ല. ഏത് പ്രതിസന്ധിയെയും അതിജീവിച്ച് മുന്നേറുക. കഠിനാധ്വാനത്തിലൂടെ വിജയങ്ങൾ വെട്ടിപ്പിടിക്കണമെന്നും ചെറിയ തോൽവികളിൽ തളരരുതെന്നും പ്രതിസന്ധികളെ പുല്ലുപോലെ നേരിട്ട താരം പറയുന്നു. അച്ചടക്കവും കഠിനാധ്വാനവുമാണ് വിജയത്തിന്റെ ഫിനിഷിങ് പോയിന്റിലേക്കുള്ള വഴിയെന്ന് ഈ പരിശീലനകേന്ദ്രം സാക്ഷ്യപ്പെടുത്തുന്നു. കൃത്യമായ പരിശീലനങ്ങളും ശാസ്ത്രീയമായ ഭക്ഷണരീതികളും ഈ പരിശീലനകേന്ദ്രത്തെ വേറിട്ടതാക്കുന്നു.



**1989ൽ ഡൽഹിയിൽ നടന്ന ഏഷ്യൻ ട്രാക്ക് ആന്റ് ഫീൽഡ് മീറ്റിൽ 400 മീറ്ററിൽ ഉഷ സ്വർണം നേടുന്നു. പിന്നിൽ ഷൈനി വിത്സൻ**

ഫോട്ടോ പി. മുസ്തഫ

നേരത്തെ മൈസൂരിൽ നിന്നുള്ള വിദഗ്ധന്റെ ഉപദേശപ്രകാരമായിരുന്നു മെനു. മുംബൈയിൽ നിന്നുള്ള സ്പോർട് ന്യൂട്രീഷ്യനിസ്റ്റായ അപൂർവയാണ് ടിന്റുവിന് ഭക്ഷണകാര്യങ്ങളിൽ നിർദേശം നൽകുന്നത്. ഓൺലൈൻ വഴിയും ഇടയ്ക്ക് നേരിട്ടെത്തിയും അപൂർവ ഭക്ഷണകാര്യത്തിൽ ഉപദേശമേകും. അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കേണ്ടതിനാൽ പാസ്തയടക്കമുള്ള ഭക്ഷണങ്ങൾ ടിന്റുവിനും ജെസ്സി ജോസഫിനും നൽകുന്നു. പണ്ട് വിദേശമീറ്റുകളിൽ പങ്കെടുക്കുമ്പോൾ പരിചയമില്ലാത്ത ഭക്ഷണം കഴിച്ച് ബുദ്ധിമുട്ടായതിന്റെ ദുരനുഭവം ഓർമയിലുള്ളതിനാലാണ് ശിഷ്യകൾക്ക് ഈ സൗകര്യങ്ങളൊരുക്കുന്നതെന്ന് ഉഷ പറയുന്നു.

ടിന്റുവടക്കം 16 താരങ്ങളാണ് ഉഷ സ്കൂളിൽ ഇപ്പോൾ പരിശീലിക്കുന്നത്. ജെസ്സി ജോസഫ്, ജിസ്ന മാത്യു, ഷഹർബാന സിദ്ധിഖ്, അബിതമേരി മാനുവൽ എന്നീ താരങ്ങൾ പത്രത്തലക്കെട്ടുകളിൽ സ്ഥാനംപിടിച്ചുകഴിഞ്ഞു. ടിന്റുവിന്റെ പിൻഗാമിയായി ഉയർന്നുവരുന്ന ജെസ്സി ജോസഫും ജിസ്ന മാത്യുവും വിജയവാഡയിൽ നടന്ന ദേശീയ ജൂനിയർ മീറ്റിൽ മികച്ച താരങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. സംസ്ഥാന സ്കൂൾ കായികമേളയിൽ കോഴിക്കോട് ജില്ലയ്ക്ക് മേൽവിലാസമുണ്ടാക്കുന്നത് ഉഷയുടെ ശിഷ്യകളാണ്. സമീപത്തെ പൂവമ്പായ് എ.എം.എച്ച്.എസ്.എസ്സിലും ബാലുശ്ശേരി ജി.ജി.എച്ച്.എച്ച്.എസ്സിലുമാണ് കുട്ടികളുടെ പഠനം. ക്ലാസ് നഷ്ടപ്പെടുന്നവർക്കും ഏതെങ്കിലും വിഷയത്തിൽ പിന്നോട്ടോടുന്നവർക്കും പ്രത്യേകം ട്യൂഷൻ ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന വ്യവസായ വികസന കോർപറേഷൻ പാട്ടത്തിന് നൽകിയ 30 ഏക്കർ സ്ഥലത്താണ് ഉഷ സ്കൂൾ വ്യാപിച്ച് കിടക്കുന്നത്. 2008 മേയ് 16 നാണ് കിനാലൂരിൽ ഔദ്യോഗിക തുടക്കമായത്. കേന്ദ്ര സർക്കാർ സഹായത്തോടെ സിന്തറ്റിക് ട്രാക്കിന്റെ നിർമാണം തുടങ്ങിക്കഴിഞ്ഞു. ഏഷ്യൻ തലത്തിലുള്ള മത്സരങ്ങൾ നടത്താവുന്ന ട്രാക്കാണ് ഒരുങ്ങുന്നത്. അത്യാധുനിക ജിംനേഷ്യവും തയാറാക്കിയിട്ടുണ്ട്.

## ഓർമകളിലെ ദേശീയ ഗെയിംസ്

ദേശീയ ഗെയിംസിന് കായികതാരങ്ങൾ മുന്തിയ പ്രാധാന്യം നൽകാത്ത കാലമായിരുന്നു അത്. മെഡലുകൾ നേടിയാലും വമ്പൻ സമ്മാനത്തുകയോ ശ്രദ്ധയോ കിട്ടിയിരുന്നില്ല. കൃത്യമായ സമയക്രമമില്ലാതെ, മറ്റു മത്സരങ്ങളുടെ ഇടയിലെത്തുന്ന മേളയായിരുന്നു ദേശീയ ഗെയിംസ്. എങ്കിലും അന്താരാഷ്ട്ര മത്സരങ്ങളുടെ ഇടവേളയിൽ ക്ഷീണം മറന്ന് ഉഷ മലയാളനാടിനായി ദേശീയ ഗെയിംസിൽ സ്പൈക്കണിഞ്ഞു; മെഡലുകളും ആ വഴിക്കെത്തി.

മോസ്കോ ഒളിമ്പിക്സിന് മുമ്പ് 1979 ലെ ഹൈദ്രാബാദ് ദേശീയ ഗെയിംസിലാണ് ഉഷ ആദ്യമായി മാറ്റുരച്ചത്. അന്നത്തെ നേട്ടങ്ങൾക്കുശേഷം അടുത്ത ദേശീയ ഗെയിംസ് വിരുന്നെത്തിയത് ഏഴു വർഷങ്ങൾക്കിപ്പുറമായിരുന്നു. ഏഷ്യാഡിന് വേദിയായിരുന്ന ന്യൂഡൽഹിയിലായിരുന്നു ആ വർഷത്തെ ഗെയിംസ്. ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ് ചാമ്പ്യൻഷിപ്പിൽ അഞ്ച് സ്വർണവും ഒരു വെങ്കലവുമടക്കം സ്വന്തമാക്കിയശേഷമാണ് ദേശീയ ഗെയിംസിൽ മാറ്റുരച്ചത്. 400 മീറ്ററിലും 400 മീറ്റർ ഹർഡ്ൽസിലും 4100, 4400 മീറ്റർ റിലെയിലും ദേശീയ ഗെയിംസിൽ കേരളത്തിനായി സ്വർണമണിയാനായി. അന്ന് അത്‌ലറ്റിക്സിൽ തിളങ്ങിയതും മലയാളിക്കൂട്ടമായിരുന്നു.

1985 ലെ ഗെയിംസ് മറ്റൊരു അവിസ്മരണീയ സംഭവവും സമ്മാനിച്ചു. അന്നത്തെ കായികമന്ത്രിയായിരുന്ന മാർഗരറ്റ് ആൽവ ഗെയിംസിന്റെ സമാപനദിനം ഉഷയെ വീട്ടിലേക്ക് ക്ഷണിച്ചു. വിലകൂടിയ സാരി സമ്മാനിച്ച മന്ത്രി ഒരു ചോദ്യമെറിഞ്ഞു. പ്രധാനമന്ത്രി രാജീവ് ഗാന്ധിയെ കാണാൻ ആഗ്രഹമുണ്ടോ? നൂറുവട്ടം സമ്മതം മൂളി.

പിന്നീട് രാജീവ്ഗാന്ധിയുടെ വസതിയിൽ. ജക്കാർത്ത ഏഷ്യൻ മീറ്റിലെയും ദേശീയ ഗെയിംസിലെയും നേട്ടങ്ങൾക്ക് അഭിനന്ദനമർപ്പിച്ച പ്രധാനമന്ത്രി, സൗജന്യ വിമാനയാത്ര എന്ന വാഗ്ദാനവും നൽകി. കഠിനവും ദീർഘവുമായ ട്രെയിൻ യാത്രകൾ അപഹരിക്കുന്ന സമയനഷ്ടത്തെക്കുറിച്ച് രാജീവിനോട് പറഞ്ഞപ്പോഴായിരുന്നു ഈ അസുലഭ വാഗ്ദാനം. അന്ന് വ്യോമയാന മന്ത്രിയായിരുന്ന ജഗദീഷ് ടൈറ്റ്ലറെ വിളിച്ചാണ് പ്രധാനമന്ത്രി സൗജന്യ വിമാനയാത്രയ്ക്ക് നിർദേശം കൊടുത്തത്. പിന്നീട് ഇന്നുവരെ എയറിന്ത്യയിൽ പയ്യോളി എക്സ്പ്രസ് യാത്ര സൗജന്യമാണ്.

രണ്ടു വർഷം കഴിഞ്ഞ് 87 ലെ ദേശീയ ഗെയിംസിന് പ്രത്യേകതകൾ ഏറെയുണ്ടായിരുന്നു. കേരളമണ്ണിലെ ആദ്യ ഗെയിംസ്. സോൾ ഏഷ്യാഡിൽ മെഡൽക്കൊയ്ത്തിനുശേഷമുള്ള ധീരപരിവേഷം. കേരളത്തെ നയിക്കാനുള്ള ഭാഗ്യവും. തിരുവനന്തപുരത്ത് നടന്ന ആ ഗെയിംസിനായി ഉഷയും കായികപ്രേമികളായ മലയാളികളും കാത്തിരുന്നു. ഷൈനി വിൽസൺ അടക്കമുള്ള സൂപ്പർ താരനാരിമാർ നിറഞ്ഞ കേരളം അന്ന് കരുത്തുറ്റ നിരയായിരുന്നു. മികച്ച ഫോമിൽ, ഉഷ ശരിക്കും ഒരുങ്ങിവന്ന മീറ്റായിരുന്നു ഇത്.

എന്നാൽ പലവട്ടം ശകുനപ്പിഴ കാണിച്ച തിരുവനന്തപുരം വീണ്ടും ചതിച്ചു. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ മോശം ട്രാക്കിൽ 400 മീറ്റർ ഹർഡ്ൽസിൽ പരിശീലനത്തിനിടെ കണങ്കാലിന് പരിക്ക്. നിരാശയുടെയും സങ്കടത്തിന്റെയും ദിനങ്ങൾ. കാലിന് നീരുവെച്ചു. എങ്കിലും മറ്റ് താരങ്ങളുടെ പ്രകടനങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഗെയിംസ് കഴിയുംവരെ തിരുവനന്തപുരത്തുതന്നെയുണ്ടായിരുന്നു. ഉദ്ഘാടന ചടങ്ങിൽ പതാകയേന്തിയതും മറ്റാരുമായിരുന്നില്ല. 400 മീറ്റർ, 400 മീറ്റർ ഹർഡ്ൽസ്, 100, 200, 4100, 4400 മീറ്റർ റിലേ എന്നീ ഇനങ്ങളിൽ ഉറച്ച സ്വർണമാണ് അന്ന് കേരളത്തിന് നഷ്ടമായത്. പിന്നീട്



കായിക താരങ്ങളെ പരിശീലിപ്പിക്കുന്ന ഉഷ

ഫോട്ടോ പി. മുസ്തഫ

കോഴിക്കോട് കാരന്തൂരിലെ ചന്ദ്രൻ ഗുരുക്കളുടെ ചികിത്സയ്ക്കു ശേഷം വീണ്ടും ട്രാക്കുതൊട്ടു.

27 വർഷത്തിനിപ്പുറം തിരുവനന്തപുരത്ത് മറ്റൊരു ദേശീയ ഗെയിംസിന് അരങ്ങുണരുമ്പോൾ ടിന്റു എന്ന ശിഷ്യ സ്വർണം നേടാനായുണ്ട്. അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കാൻ അവസരം കിട്ടാത്തവർക്ക് ദേശീയ ഗെയിംസ് മികച്ച അവസരമാണ്. വരുന്ന ദേശീയ ഗെയിംസിൽ കേരളത്തിന് അത്‌ലറ്റിക്സിൽ വനിതകൾക്ക് പ്രതീക്ഷയുണ്ടെങ്കിലും പുരുഷന്മാർക്ക് മെഡൽ പ്രതീക്ഷ വിരളമാണെന്നാണ് ഉഷയുടെ അഭിപ്രായം. വനിതകളുടെ 400, 800, 1500 മീറ്ററുകളിൽ സ്വർണം ഉറപ്പിക്കാം. 800 മീറ്ററിൽ ടിന്റുവും 1500 മീറ്ററിൽ ഒ.പി. ജയ്ഷയും മഞ്ഞപ്പതക്കം കൊണ്ടുവരും. 4100, 4400 മീറ്റർ റിലെയിലും കേരളത്തിന് ഒന്നാമതാകാം. 5,000 10,000 മീറ്ററുകളിൽ പ്രീജാ ശ്രീധരനിൽ പ്രതീക്ഷയുണ്ട്. സർവീസസ് പ്രത്യേക ടീമായി മത്സരിക്കുന്നതിനാൽ മലയാളി താരങ്ങൾക്ക് കേരളത്തിനായി മത്സരിക്കാനാകില്ല. രഞ്ജിത് മഹേശ്വരി ട്രിപ്പിൾ ജംപിലും സജീഷ് ജോസഫ് 800 മീറ്ററിലും മെഡൽ നേടുമെന്നാണ് പ്രതീക്ഷ.

## കേരളമെന്ന് കേട്ടാലോ

മലയാളത്തിന്റെ പുണ്യമായ ഈ അത്‌ലറ്റ് കേരളത്തിനുവേണ്ടിയാണ് എക്കാലത്തും ട്രാക്കിലിറങ്ങിയത്. എത്ര പണം വാരിയെറിഞ്ഞാലും കേരളമല്ലാതെ മറ്റൊരു സംസ്ഥാനത്തിനുവേണ്ടി ഉഷ ട്രാക്കലിറങ്ങിയിട്ടില്ല. ഞങ്ങൾക്കുവേണ്ടി ഇറങ്ങണമെന്നാവശ്യപ്പെട്ട് ആരം സമീപിച്ചിട്ടില്ല. എന്നോട് ചോദിക്കാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല എന്നതാണ് സത്യം' ഉഷ പറയുന്നു.

മറ്റു സംസ്ഥാനങ്ങൾ ദേശീയ ഗെയിംസിനും മറ്റും പ്രമുഖ താരങ്ങളെ റാഞ്ചിക്കൊണ്ടുപോകുമ്പോൾ കേരളത്തിൽതന്നെ ഉറച്ചുനിന്നു. 'എനിക്കതിൽ താത്പര്യമില്ലായിരുന്നു. ഞാൻ ഒരിക്കലും പോയില്ല. പൈസ അല്ല എനിക്ക് വലുത്. അച്ഛൻ, അമ്മ എന്നൊക്കെപ്പറയുമ്പോലെയാണ് പിറന്ന നാടും. അതിനൊക്കെ അതിന്റെതായ മൂല്യമുണ്ട്' താരം നയം വ്യക്തമാക്കുന്നു. പണ്ട് സാഫ് ഗെയിംസിന് മുന്നോടിയായി സംസ്ഥാന മീറ്റിൽ അവസരം നിഷേധിച്ചപ്പോൾ തമിഴ്നാടിനായി ഇറങ്ങേണ്ടിവന്ന കാര്യവും ഉഷ ഓർമിപ്പിക്കുന്നു. അന്ന് രാജ്യത്തിനായി മെഡൽ നേടാനുള്ള അവസരം കളയാതിരിക്കാനായിരുന്നു കൂറുമാറിയത്. വിജയികൾക്ക് തമിഴ്നാട് സർക്കാർ പാരിതോഷികം പ്രഖ്യാപിച്ചപ്പോൾ വാങ്ങിയില്ലെന്നും താരം ഓർക്കുന്നു.

ഗുജറാത്തിൽ ഉഷ സ്കൂളിലേക്കുള്ള സെലക്ഷൻ ട്രെയൽസിന്റെ അവസാനഘട്ടത്തിലാണ് ഉഷയും ഭർത്താവ് ശ്രീനിവാസനും. ബറോഡയിലാണ് കുട്ടികൾക്കായി പരിശീലനകേന്ദ്രം തുടങ്ങുന്നത്. ഗുജറാത്ത് സർക്കാരിന്റെ പദ്ധതിയാണിത്. ഇത് കേരളം വിട്ടുപോകലല്ലെന്നും കായിക രംഗത്തിന് കഴിയുന്ന സഹായമേകുകയാണ് ലക്ഷ്യമെന്നും ഉഷ വ്യക്തമാക്കുന്നു. നാലായിരത്തോളം കുട്ടികളാണ് ഗുജറാത്തിലെ ഉഷ സ്കൂളിൽ പ്രവേശനം നേടാൻ പ്രാഥമിക ട്രയൽസിനെത്തിയിരുന്നത്.


## ഓർമയുടെ ഷോക്കേസിൽ ആ മെഡൽ നഷ്ടം

ഒളിംപിക്സിലെ മെഡൽനഷ്ടം ഉഷയ്ക്ക് ഇന്നും സങ്കടം ബാക്കിയാക്കുകയാണ്. 1984 ഓഗസ്റ്റ് എട്ടിന് ലോസ് ആഞ്ചൽസ് ഒളിംപിക്സിൽ 400 മീറ്റർ ഹഡ്ൽസിൽ സെക്കൻഡിന്റെ നൂറിലൊരംശത്തിന് വെങ്കലമെഡലണിയാനാകാതെ പി.ടി. ഉഷയ്ക്കൊപ്പം രാജ്യവും കണ്ണീരണിയുകയായിരുന്നു. ചരിത്രത്തിലാദ്യമായി ഇന്ത്യക്കാരിക്ക് ഒളിംപിക്സിലെ അത്‌ലറ്റിക് മെഡൽ സ്വന്തമാക്കാനുള്ള അവസരമാണ് നിർഭാഗ്യത്തിന്റെ അകമ്പടിയോടെ ഇല്ലാതായത്. എന്നാൽ ഈ നഷ്ടവസന്തത്തിന് ശേഷവും അഭിമാനത്തിന്റെ ട്രാക്കിലായി ഉഷ. ലോസ് ആഞ്ചൽസ് ഒളിംപിക്സിന് ശേഷം ഇന്ത്യയുടെ അത്‌ലറ്റിക് റാണിയായ ഈ താരത്തിന് നിരാശയില്ല. മതിയായ പരിശീലനവും പരിചയവുമില്ലാതെ കായിക പെരുങ്കളിയാട്ടവേദിയിൽ ലോകനിലവാരത്തിൽ കുതിക്കാൻ മറ്റൊരു ഇന്ത്യൻ താരത്തിനും ഇതുവരെ സാധിച്ചിട്ടില്ല. അതിനാൽ പതക്ക നഷ്ടത്തിൽ നിരാശപ്പെട്ടിരുന്നില്ലെന്നും കൂടുതൽ ഉയരങ്ങളിലെത്താൻ ശ്രമിച്ചെന്നും ഉഷ ഓർക്കുന്നു. അന്ന് കുറിച്ച 55.42 സെക്കന്റിന്റെ റെക്കോർ ഡിനും ഇളക്കമില്ല.

ഓഗസ്റ്റ് ആറിന് നടന്ന സെമി ഫൈനലിൽ ഒന്നാം സ്ഥാനക്കാരിയായാണ് ഉഷ ഫൈനലിലേക്ക് യോഗ്യത നേടിയത്. 55.54 സെക്കൻഡിലാണ് സെമിയിൽ അവസാനവര കടന്നത്. നേരത്തെ 56.81 സെക്കന്റിലാണ് ഹീറ്റ്സിൽ ഓട്ടം പൂർത്തിയാക്കിയത്. ഫൈനലിലെത്തിയതോടെ അതുവരെ ഹോക്കി ടീമിന്റെ പിന്നാലെനടന്ന ഇന്ത്യൻ പത്രപ്രവർത്തകർ ഉഷയെ ശ്രദ്ധിച്ചുതുടങ്ങി. അന്താരാഷ്ട്ര മാധ്യമങ്ങളും നോട്ടമിട്ടു.

വിശ്രമദിനത്തിനുശേഷം ഓഗസ്റ്റ് എട്ടിന് ഫൈനൽ ദിനം. ജൂഡി ബ്രൗണും മൊറോക്കോയുടെ നവാൽ എൽ മുത്തവക്കീലുമടക്കമുള്ള മിടുക്കികളായിരുന്നു കൂടെയോടിയത്. ആദ്യ ഹഡിൽ മുതൽ കുതിക്കണമെന്ന കോച്ചിന്റെ ഉപദേശം കണക്കിലെടുത്ത് കുതിച്ചെങ്കിലും ഒരു താരം ഫൗൾ സ്റ്റാർട്ട് വരുത്തിയതിനാൽ വീണ്ടും സ്റ്റാർട്ടിങ് പോയിന്റിലേക്ക്. ഇതോടെ പതറിയ ഉഷ വീണ്ടും വെടിയൊച്ചമുഴങ്ങിയപ്പോൾ പതിയെയാണ് തുടങ്ങിയത്. പിന്നീട് എട്ടാം ഹഡിൽ മുതൽ ഒപ്പത്തിനൊപ്പം ഓടി. ഉഷയ്ക്കാണ് വെങ്കലമെന്നായിരുന്നു ഫിനിഷിങ്ങിനുശേഷം ഉച്ചഭാഷിണിയിലൂടെ മുഴങ്ങിക്കേട്ടത്. സ്റ്റേഡിയത്തിലെ സ്ക്രീനിലും 'പയ്യോളി എക്സ്പ്രസ്സിന്റെ' പടമായിരുന്നു. എന്നാൽ ആ നല്ല വാർത്തയ്ക്ക് ഒരു മിനിട്ടിന്റെ ആയുസ്സേ ഉണ്ടായിരുന്നുള്ളു. 55.42 സെക്കൻഡിലായിരുന്നു ഉഷയുടെ ഫിനിഷിങ്. സെക്കന്റിന്റെ നൂറിലൊരംശം വ്യത്യാസത്തിന് റൊമേനിയയുടെ ക്രിസ്റ്റീന വെങ്കലമണിഞ്ഞു. വമ്പൻ വേദികളിൽ പരിചയമില്ലാത്തത് വിനയായി. ശരീരം മുന്നോട്ടാഞ്ഞിരുന്നെങ്കിൽ പയ്യോളിയിലെ 'ഉഷസ്സി'ലെ ഷോക്കെയ്സിൽ ഒളിംപിക് മെഡൽ തിളങ്ങി നിൽക്കുമായിരുന്നു. മൊറോക്കോക്കാരി മുത്തവക്കീലിനായിരുന്നു സ്വർണം.


മെഡൽ നഷ്ടം വേദനയായി മാറി. കോച്ച് ഒ.എം. നമ്പ്യാർ ഏറെ കരഞ്ഞെന്ന് ഉഷ പറയുന്നു. മാത്രമല്ല സ്വർണ ജേത്രിയായിരുന്ന മുത്തവക്കീൽപോലും വിങ്ങിപ്പൊട്ടി. ഇക്കാര്യം അവർ മൂന്നു വർഷം മുമ്പ് വെളിപ്പെടുത്തിയിരുന്നു. ലോസ് ആഞ്ചൽസിൽ മത്സരവും ഉത്തേജക പരിശോധനയും കഴിഞ്ഞ് തിരിച്ചുവരുമ്പോൾ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ ടെലക്സ് സന്ദേശമാണ് തേടിയെത്തിയത്. 'താങ്കൾ നന്നായി പരിശ്രമിച്ചു. എന്നിട്ടും നമ്മുടെ രാജ്യം തോറ്റു, ഇനിയും ശക്തമായി മുന്നേറുക. നേട്ടങ്ങൾ കൊണ്ടുവരിക' എന്നായിരുന്നു സന്ദേശം. ശക്തമായി തിരിച്ചുവന്ന ഉഷ പിന്നീട് ട്രാക്കിൽ ഇന്ത്യയുടെ അഭിമാനമായി. 30 വർഷത്തിനിപ്പുറവും ഇന്ത്യൻ അത്‌ലറ്റുകളുടെ സ്ഥിതിയിൽ മാറ്റമൊന്നുമില്ലെന്ന് ഉഷ അഭിപ്രായപ്പെടുന്നു. സൗകര്യങ്ങൾ വർധിച്ചെങ്കിലും അന്താരാഷ്ട്ര മത്സര പരിചയം പലർക്കും ലഭ്യമല്ല. പ്രതീക്ഷയുടെ താരങ്ങൾക്ക് സഹായം നൽകാൻ മുന്നോട്ടുവരേണ്ടതുണ്ട്. ഉഷ സ്കൂൾ അത്‌ലറ്റിക്സിൽ താരങ്ങളെ വാർത്തെടുക്കുന്ന ഈ 'യഥാർഥ താരം' പറയുന്നു. ■



## അമ്മു എന്ന ഭാഗ്യ ചിഹ്നം

സംസ്ഥാനത്തിന്റെ ദേശീയ പക്ഷിയായ വേഴാമ്പലാണ് ഗെയിംസിന്റെ ഭാഗ്യ ചിഹ്നം. അമ്മു എന്ന പേര് ഇതിന് നിർദ്ദേശിച്ചത് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയാണ്. രാജ്യത്ത് വംശനാശ ഭീഷണിയുടെ വക്കിലുള്ള ജീവിവർഗ്ഗങ്ങളിലൊന്നാണ് വേഴാമ്പൽ. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഔഷധ നിർമ്മാണത്തിനും ഭക്ഷണത്തിനുമായി ഇതിനെ വേട്ടയാടാറുണ്ട്. സംസ്ഥാനത്ത് തനത് ആവാസ വ്യവസ്ഥ നശിച്ചു പോകുന്നതാണ് വേഴാമ്പലുകൾ നേരിടുന്ന മുഖ്യ ഭീഷണി.

ഫോട്ടോഫീച്ചർ





# 1987-ലെ ഓർമച്ചിത്രങ്ങൾ




**രണ്ടു പതിറ്റാണ്ടിനുശേഷം ദേശീയ ഗെയിംസ് വീണ്ടും കേരളത്തിലെത്തുകയാണ്. 1987 ഡിസംബർ 20 മുതൽ 28 വരെയായിരുന്നു അന്നത്തെ ഗെയിംസ് അരങ്ങേറിയത്. ഈ ഗെയിംസ് പോലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളായിരുന്നു അന്നും വേദികൾ. 29 ടീമുകൾ പങ്കെടുത്തു. 1987 ലെ ഗെയിംസിന്റെ ചില ചിത്രങ്ങൾ.**

ചിത്രങ്ങൾ: ഐ&പിആർഡി













# അർജുന അവാർഡ്


വില്ല് കുലച്ചു നിൽക്കുന്ന അർജുനന്റെ വെങ്കലപ്രതിമയും പുരസ്കാര തുകയും അടങ്ങുന്നതാണ് അർജുന അവാർഡ്. അഭ്യാസബലം കൊണ്ടും പ്രതിഭകൊണ്ടും കായികരംഗത്ത് വ്യക്തിമുദ്ര പതിപ്പിക്കുന്നവർക്ക് നൽകുന്ന സമ്മാനം. അന്താരാഷ്ട്ര മത്സരവേദികളിൽ തുടർച്ചയായ മൂന്ന് വർഷത്തെ തിളക്കമുള്ള പ്രകടനവും അവാർഡിന് പരിഗണിക്കപ്പെടുന്ന വർഷത്തെ അതുല്യ പ്രകടനവുമാണ് അടിസ്ഥാന യോഗ്യതകൾ. നേതൃത്വ ഗുണം, സ്പോർട്സ് മാൻഷിപ്പ്, അച്ചടക്കം തുടങ്ങി മറ്റ് വ്യക്തിത്വ ഗുണങ്ങളും പരിഗണിക്കും. 1961 ലാണ് കേന്ദ്ര സർക്കാരിന്റെ യുവജന ക്ഷേമ-കായിക മന്ത്രാലയം അവാർഡ് ഏർപ്പെടുത്തിയത്.

## ആദ്യ ജേതാക്കൾ (1961)

ഗുർബചൻ സിങ് രന്ധാവ (അത്ലറ്റിക്സ്), നന്ദു നടേക്കർ (ബാഡ്മിന്റൺ), സരബ്ജിത് സിങ് (ബാസ്ക്കറ്റ് ബോൾ), ബഡ്ഡി ഡിസൂസ (ബോക്സിങ്), മാനുവൽ ആരൻ (ചെസ്), സലീം ദുരാനി (ക്രിക്കറ്റ്), പി.കെ. ബാനർജി (ഫുട് ബോൾ), പി.ജി. സേഥി (ഗോൾഫ്), ശ്യാംലാൽ (ജിംനാസ്റ്റിക്സ്) പ്രിതിപാൽ സിങ്, അൻ ലും സദെൻ (ഹോക്കി), രാമനാഥൻ കൃഷ്ണൻ (ടെന്നീസ്), കർണി സിങ് (ഷൂട്ടിങ്), ബജരംഗി പ്രസാദ് (നീന്തൽ), ജെ.സി. വോറ (ടേബിൾ ടെന്നീസ്), എ. പളനിസ്വാമി (വോളിബോൾ), എ.എൻ. ഘോഷ് (വെയ്റ്റ് ലിഫ്റ്റിങ്), ഉദയ് ചന്ദ് (റെസ്‌ലിങ്).


ഗുർബചൻ സിങ്


നന്ദു നടേക്കർ



പി.കെ. ബാനർജി

## അർജുന നേടിയ മലയാളികൾ-

സി. ബാലകൃഷ്ണൻ (മൗണ്ടനീറിങ് 1965), ടി.സി. യോഹന്നാൻ (അത്ലറ്റിക്സ് 1974), കെ.സി. എലമ്മ (വോളിബാൾ 1975), ജിമ്മി ജോർജ് (വോളിബോൾ 1976), സാം ക്രിസ്തുദാസ് (ബാഡ്മിന്റൻ 1976), സുരേഷ് ബാബു (അത്ലറ്റിക്സ് 1978-79),


യോഹന്നാൻ


പി.ടി. ഉഷ


ഉദയകുമാർ


ജിമ്മി ജോർജ്


ഷൈനി വിത്സൻ


ഐ.എം. വിജയൻ


വി.കെ. കുട്ടികൃഷ്ണൻ (വോളിബോൾ, 1978-79), എഞ്ചൽ മേരി ജോസഫ് (അത്ലറ്റിക്സ്, 1978-79), എം.ഡി. വത്സമ്മ (അത്ലറ്റിക്സ് 1982), പി.ടി. ഉഷ (അത്ലറ്റിക്സ് 1984), ഷൈനി വിത്സൻ (അത്ലറ്റിക്സ് 1984), പി.ജെ. ജോസഫ് (പവർ ലിഫ്റ്റിങ് 1984), സാലി ജോസഫ് (വോളിബോൾ1984), സിറിൾ സി. വള്ളൂർ (വോളിബോൾ 1986), വിൽസൻ ചെറിയാൻ (നീന്തൽ 1988), മേഴ്സി കുട്ടൻ (അത്ലറ്റിക്സ് 1989), കെ. ഉദയകുമാർ (വോളിബാൾ 1991), കെ. സാറാമ്മ (അത്ലറ്റിക്സ് 1993), റോസക്കുട്ടി (അത്ലറ്റിക്സ് 1994), പത്മിനി ശെൽവൻ (അത്ലറ്റിക്സ് 1996), എസ്. ഓമനകുമാരി (ഹോക്കി 1998), രൂപ ഉണ്ണിക്കൃഷ്ണൻ (ഷൂട്ടിങ് 1998), ടി.വി. പോളി (ബോഡി ബിൽഡിങ് 1998), ജോർജ് തോമസ് (ബാഡ്മിന്റൻ 1999), സെബാസ്റ്റ്യൻ സേവ്യർ (നീന്തൽ 2001), ഐ.എം. വിജയൻ (ഫുട്ബോൾ 2003), ജനിൽ കൃഷ്ണൻ (റോവിങ് 2004), കെ.എം. ബിനു (അത്ലറ്റിക്സ് 2006), ജോൺസൺ വർഗീസ് (ബോക്സിങ് 2007), ചിത്ര കെ. സോമൻ (അത്ലറ്റിക്സ് 2007), സിനിമോൾ പൗലോസ് (അത്ലറ്റിക്സ് 2009), കെ.ജെ.കപിൽദേവ് (വോളിബോൾ 2010), ജോസഫ് എബ്രഹാം (അത്ലറ്റിക്സ് 2010), പ്രീജ ശ്രീധരൻ (അത്ലറ്റിക്സ് 2011), ദീപിക പള്ളിക്കൽ (സ്ക്വാഷ് 2012), ടോം ജോസഫ് (വോളിബോൾ 2014), ഗീതു ആൻ ജോസ് (ബാസ്ക്കറ്റ് ബോൾ 2014), സജി തോമസ് (റോവിങ് 2014), വലിയ വീട്ടിൽ ദിജു (ബാഡ്മിന്റൺ 2014), ടിന്റു ലൂക്ക (അത്ലറ്റിക്സ് 2014).


ചിത്ര സോമൻ


ഗീതു ആൻ ജോസ്


അഞ്ജു ബോബി ജോർജ്


ടോം ജോർജ്


ദീപിക


പ്രീജ ശ്രീധരൻ


ടിന്റു ലൂക്ക



സിനിമോൾ പൗലോസ്




## ദ്രോണാചാര്യ ജേതാക്കൾ

മികച്ച കായിക പ്രതിഭകളെ വാർത്തെടുക്കുന്ന പരിശീലകർക്കായി 1985 ലാണ് ദ്രോണാചാര്യ പുരസ്കാരം ഏർപ്പെടുത്തിയത്. പി.ടി. ഉഷയുടെ പരിശീലകൻ ഒ.എം. നമ്പ്യാർ, ഓംപ്രകാശ് ഭരദ്വാജ് (ബോക്സിങ്), ബാലചന്ദ്ര ഭാസ്കർ ഭഗവത് (ഗുസ്തി) എന്നിവർക്കാണ് ആദ്യ ദ്രോണാചാര്യ ലഭിച്ചത്. സച്ചിൻ ടെൻഡുൽക്കറുടെ ഗുരു രമാകാന്ത് അച്‌രേക്കർ ഉൾപ്പെടെ 83 കായിക പരിശീലകർക്ക് ഇതു വരെ ദ്രോണാചാര്യ നൽകിയിട്ടുണ്ട്. വെങ്കലത്തിൽ നിർമിച്ച


കെ.പി. തോമസ്


സണ്ണി തോമസ്


റോബർട്ട് ബോബി


അച്‌രേക്കർ


ഒ.എം. നമ്പ്യാർ

ദ്രോണാചാര്യരുടെ പ്രതിമയും പുരസ്കാര തുകയും അടങ്ങുന്നതാണ് അവാർഡ്. ഒ.എം. നമ്പ്യാർക്കു പുറമേ പ്രൊഫ.സണ്ണിതോമസ് (ഷൂട്ടിങ്), റോബർട്ട് ബോബി ജോർജ് (അത്‌ലറ്റിക്സ്), ദാമോദരൻ ചന്ദ്രലാൽ (ബോക്സിങ്), എ.കെ. കുട്ടി (അത്‌ലറ്റിക്സ്) കെ.പി. തോമസ് എന്നിവരാണ് ദ്രോണാചാര്യ നേടിയ മലയാളികൾ.

## രാജീവ് ഗാന്ധി ഖേൽരത്ന


അതുല്യകായിക പ്രതിഭകളെ ആദരിക്കുന്നതിനായി 1991–92 കാലയളവിലാണ് രാജീവ് ഗാന്ധി ഖേൽരത്ന പുരസ്കാരം ഏർപ്പെടുത്തിയത്. കേന്ദ്രസർക്കാരിന്റെ യുവജന കായിക മന്ത്രാലയമാണ് പുരസ്കാരം നൽകുന്നത്. സ്വർണ്ണ പതക്കവും സമ്മാനത്തുകയും അടങ്ങുന്ന പുരസ്കാരം ആദ്യം നൽകിയത് ചെസ്സ് താരം വിശ്വനാഥൻ ആനന്ദിനായിരുന്നു. തുടർന്നുള്ള വർഷങ്ങളിലെ ജേതാക്കൾ–

ഗീത് സേഥി (ബില്ല്യാർഡ് 1992–93), ഹോമി ഡി മോട്ടിവാല, പി.കെ.ഗാർഗ് (യാട്ടിംഗ് 1994–95), കർണ്ണം മല്ലേശ്വരി(ഭാരോദ്വഹനം 1995–96), ലിയാണ്ടർ പേയ്സ് (ടെന്നീസ് 1996–97),നമെയ്‌രകപം കുഞ്ചറാണി (ഭാരോദ്വഹനം 1996–97), സച്ചിൻ ടെൻഡുൽക്കർ (ക്രിക്കറ്റ് 1997–98),ജ്യോതിർമയി സിക്ദർ (അത്‌ലറ്റിക്സ് 1998–99), ധൻരാജ് പിള്ള(ഹോക്കി 1999–2000), പുല്ലേല ഗോപിചന്ദ് (ബാഡ്മിന്റൻ 2000–01), അഭിനവ് ബിന്ദ്ര (ഷൂട്ടിംഗ് 2001–02), അഞ്ജലി വേദപഥക് ഭഗവത് (ഷൂട്ടിംഗ് 2002–03), കെ.എം. ബീനമോൾ (അത്‌ലറ്റിക്സ് 2002–03), അഞ്ജു ബോബി ജോർജ്ജ് (അത്‌ലറ്റിക്സ് 2003–04), രാജ്യവർദ്ധൻ സിംഗ് റാത്തോഡ് (ഷൂട്ടിംഗ് 2004–05), പങ്കജ് അദ്വാനി (ബില്യാർഡ്സ് ആന്റ് സ്നൂക്കർ 2005–06), മാനവ്ജിത് സിംഗ് സന്ധു (ഷൂട്ടിംഗ് 2006–07), മഹേന്ദ്ര സിംഗ് ധോണി (ക്രിക്കറ്റ് 2007–08), മേരി കോം (ബോക്സിംഗ് 2008–09), വിജേന്ദർ സിംഗ് (ബോക്സിംഗ് 2008–09), സുശീൽകുമാർ (ഗുസ്തി 2008–09), സൈന നേവാൾ (ബാഡ്മിന്റൻ 2009–10), ഗഗൻ നരംഗ് (ഷൂട്ടിംഗ് 2010–11), വിജയ്കുമാർ (ഷൂട്ടിംഗ് 2011–12), യോഗേശ്വർദത്ത് (ഗുസ്തി 2011–12), രോഞ്ജൻ സോധി (ഷൂട്ടിംഗ് 2012–13).

## ഒളിമ്പിക്സിലെ മലയാളി സാന്നിധ്യം

ഭാരതത്തെ പ്രതിനിധീകരിച്ച് വിവിധ ഒളിമ്പിക്സുകളിൽ പങ്കെടുത്തിട്ടുള്ള മലയാളി താരങ്ങൾ.


സി.കെ. ലക്ഷ്മണൻ 110 മീ.ഹർഡിൽസ് (1924 ലെ പാരീസ് ഒളിമ്പിക്സ്), തോമസ് വർഗീസ്- ഫുട്ബാൾ (1948 ലണ്ടൻ), പി.ബി. മുഹമ്മദ് സാലി- ഫുഡ്ബാൾ (1952 ഹെൻസിങ്കി), ഇവാൻ ജേക്കബ്- അത്‌ലറ്റിക്സ് (1952 ഹെൻസിൻകി), എസ്.എസ്. നാരായൺ- ഫുട്ബാൾ (1956 മെൽബൺ, 1960 റോം), ടി. അബ്ദുൾ റഹ്മാൻ- ഫുട്ബോൾ (1956 മെൽബൺ), ഒ. ചന്ദ്രശേഖരൻ- ഫുട്ബോൾ (1960 റോം), എം.ദേവദാസ്-ഫുട്ബോൾ (1960 റോം), സുരേഷ് ബാബു- ലോംഗ് ജംമ്പ് (1972 മ്യൂണിച്ച്), മാനുവൽ ഫ്രെഡറിക്-ഹോക്കി(1972 മ്യൂനിച്ച്), ടി.സി. യോഹന്നാൻ-ലോംഗ്ജംമ്പ് (1976 മോൺട്രിയൽ), പി.ടി. ഉഷ-അത്‌ലറ്റിക്സ് ഇനങ്ങൾ (1980 മോസ്കോ, 1984 ലോസഞ്ചൽസ്, 1996 അറ്റ്ലാന്റ), ഷൈനി വിൽസൻ- അത്‌ലറ്റിക്സ് (1984 ലോസഞ്ചൽസ്, 1988 സോൾ, 1992 ബാഴ്സിലോണ, 1996 അറ്റ്ലാന്റ), സെബാസ്റ്റ്യൻ സേവ്യർ- നീന്തൽ (1996 അറ്റ്ലാന്റ), എം.ഡി. വത്സമ്മ- അത്‌ലറ്റിക്സ് (1984 ലോസഞ്ചൽസ്), മേഴ്സി മാത്യു കുട്ടൻ- അത്‌ലറ്റിക്സ് (1988 സോൾ), യു. വിമൽ കുമാർ- ബാഡ്മിന്റൻ (1992 ബാഴ്സിലോണ), കെ.എം. ബീനമോൾ- അത്‌ലറ്റിക്സ് (1996 അറ്റ്ലാന്റ, 2000 സിഡ്നി, 2004 ഏതൻസ്), കെ.എം. ബിനു-അത്‌ലറ്റിക്സ് (2004 ഏതൻസ്), അഞ്ജു ബോബി ജോർജ് - ലോംഗ് ജംമ്പ് (2004 ഏതൻസ്, 2008 ബെയ്ജിങ്), ചിത്ര കെ. സോമൻ- അത്‌ലറ്റിക്സ് (2004 ഏതൻസ്, 2008 ബെയ്ജിങ്), പ്രീജ ശ്രീധരൻ- അത്‌ലറ്റിക്സ് (2008 ബെയ്ജിങ്), സിനി ജോസ്- അത്‌ലറ്റിക്സ് (2008 ബെയ്ജിങ്), രഞ്ജിത് മഹേശ്വരി-ട്രിപ്പിൾ ജമ്പ് (2008 ബെയ്ജിങ്, 2012 ലണ്ടൻ), ടിന്റു ലൂക്ക- അത്‌ലറ്റിക്സ് (2012 ലണ്ടൻ), മയൂഖ ജോണി- ട്രിപ്പിൾ ജമ്പ് (2012 ലണ്ടൻ), ദിജു- ബാഡ്മിന്റൺ (2012 ലണ്ടൻ), ഇർഫാൻ കൂലോത്തുംതൊടി- ദീർഘദൂര നടത്തം (2012 ലണ്ടൻ), പി.ആർ. ശ്രീജേഷ്-ഹോക്കി (2012 ലണ്ടൻ).


വിമൽ കുമാർ


ഒ. ചന്ദ്രശേഖരൻ


അബ്ദുൾ റഹ്മാൻ


മേഴ്സിക്കുട്ടൻ


രഞ്ജിത് മഹേശ്വരി


ശ്രീജേഷ്


ബീനമോൾ


മയൂഖ


സെബാസ്റ്റ്യൻ സേവ്യർ


ഇർഫാൻ


ദിജു

■ രമേഷ് കുമാർ വെള്ളമുണ്ട

35 ാം ദേശീയ ഗെയിംസ് കേരളം

# ദ്രോണകുലത്തിലെ വില്ലാളികൾ

ഓരോ അസ്ത്രങ്ങളും ലക്ഷ്യത്തിലേക്ക് പായിച്ച് വയനാട് ആർച്ചറി അക്കാദമി വില്ലുകുലച്ചിട്ട് മൂന്നു വർഷം പൂർത്തിയാവുമ്പോൾ കായികലോകത്തിനും അതൊരു പ്രതീക്ഷയാവുകയാണ്. പരിമിതമായ ജീവിതസാഹചര്യത്തിൽ നിന്നും ഇന്ത്യൻ ആർച്ചറിയുടെ നെറുകയിലേക്കാണ് ഇവരുടെ യാത്ര. കേരളത്തിന്റെ ഏക ആർച്ചറി അക്കാദമിയുടെ നേട്ടങ്ങൾ ഏവരുടെയും അഭിമാനമാണ്. എം.പി. മനീഷ എന്ന കായികതാരത്തിനെ കേരളത്തിന്റെ കായികലോകത്തിന് അത്ര പരിചയമുണ്ടായില്ല. എന്നാൽ അസമിൽ നടന്ന ദേശീയ ഗെയിംസിൽ ജൂനിയർ ഇന്ത്യൻ റൗണ്ടിൽ സ്വർണമെഡൽ നേടിയ ഈ ആദിവാസി താരത്തിനെ ഈ കായികമേളയ്ക്ക് മറക്കാൻ കഴിയില്ല. ആഡംബരങ്ങൾക്കപ്പുറം ലക്ഷ്യത്തിലേക്ക് അസ്ത്രമയയ്ക്കാൻ മാത്രമറിയുന്ന ഒരു പെൺകുട്ടി. ഇതായിരുന്നു ആ മേളയിൽ പങ്കെടുത്ത ഉത്തരേന്ത്യൻ കോച്ചുകൾ മനീഷയ്ക്കു നൽകിയ വിശേഷണം. പുൽപ്പള്ളിയിലെ ആർച്ചറി അക്കാദമിയിൽ നിന്നും കോച്ച് ബാലകൃഷ്ണന്റെ ശിക്ഷണത്തിൽ ഇന്റർകൊളീയറ്റ് മത്സരത്തിൽ രണ്ടു വെള്ളിയും ഈ കായികതാരത്തിന്റെ നേട്ടമാണ്. വരയാലിലെ ബാലകൃഷ്ണന്റെയും കമലയുടെയും മകളായ മനീഷ പുൽപ്പള്ളി പഴശ്ശിരാജ കോളേജിലെ ഒന്നാം വർഷ ബിരുദ പഠനത്തിനിടെയാണ് അമ്പെയ്ത്ത് എന്ന കായികാഭ്യാസം ലക്ഷ്യത്തിലെത്തിക്കുന്നത്.

ദിവസവും നാല് മണിക്കൂർ മുടങ്ങാതെ പരിശീലനം. തുടർച്ചയായി അമ്പെയ്ത്തിൽ സംസ്ഥാന ഓവറോൾ ട്രോഫി നിലനിർത്തുമ്പോഴും ഇവിടുത്തെ മുപ്പത്തിയൊന്നു വിദ്യാർഥികളുടെ ലക്ഷ്യം അന്തർദേശീയ മത്സരത്തിലേക്കുള്ള വാതിലുകളാണ്. പരിശീലിക്കാൻ ആധുനിക വില്ലുകൾവേണം. ആർച്ചറിക്ക് സ്വന്തമായി





തലയ്ക്കൽ ചന്തു എവർറോളിങ് ട്രോഫി മത്സരം മന്ത്രി പി.കെ. ജയലക്ഷ്മി ഉദ്ഘാടനം ചെയ്യുന്നു

കെട്ടിടം വേണം. 90 മീറ്ററും 120 മീറ്ററും ദൈർഘ്യമുള്ള പരിശീലന മൈതാനം വേണം. പിന്നെ കായിക മന്ത്രാലയത്തിന്റെ ഒരു പ്രോത്സാഹനവും. ഏറ്റവും ഒടുവിൽ ആർച്ചറി അക്കാദമിയായി പുൽപ്പള്ളി പഞ്ചായത്ത് നൽകിയ എട്ട് ഏക്കർ സ്ഥലത്തിൽ രണ്ട് ഏക്കർ ഒഴികെയുള്ള സ്ഥലം തിരികെ വേണമെന്നാണ് അവരുടെ ആവശ്യം. ആകെയുള്ള പ്രതീക്ഷകൾ ലക്ഷ്യം തെറ്റുമോയെന്ന ആശങ്കകൾക്കിടയിൽ വഴിമാറിപ്പോകുന്നത് ഇന്ത്യൻ കായിക കരുത്തിന്റെ വരുംകാല സ്വപ്നങ്ങൾ കൂടിയാവാം. ഒപ്പം അസ്ത്രവിദ്യയുടെ ഇന്ദ്രജാലങ്ങളും.

## തലയ്ക്കൽ ചന്തു ട്രോഫി

കേരളസിംഹം പഴശ്ശിരാജയുടെ വലംകയ്യായിരുന്ന തലയ്ക്കൽ ചന്തുവിന്റെ പേരിലുള്ള അമ്പെയ്ത്ത് മത്സരം വയനാടിന് ഒട്ടേറെ പ്രതീക്ഷകൾ നൽകുന്നു. ഈ മേഖലയിൽ കിർത്താഡ്സിന്റെ സഹകരണം കൂടിയായപ്പോൾ കായികപ്രതിഭകൾക്കും ആവേശമായി. ഇരുപതോളം ആർച്ചറി ക്ലബ്ബുകളിൽ നിന്നായി നൂറോളം മത്സരാർഥികളാണ് വർഷംതോറും സംഘടിപ്പിക്കുന്ന ടൂർണമെന്റിൽ പങ്കെടുക്കുന്നത്. പരമ്പരാഗത വില്ലും ആധുനിക വില്ലുമുപയോഗിച്ചുള്ള മത്സരങ്ങൾ പ്രത്യേകമായാണ് നടക്കുന്നത്. ഇവിടെയും ആർച്ചറി അക്കാദമിയിലെ താരങ്ങൾ അരങ്ങുവാഴുന്നു. ഇത്തവണത്തെ മത്സരത്തിൽ പി. ശരണ്യയാണ് വ്യക്തിഗത ഇനത്തിൽ ആർച്ചറി അക്കാദമിക്കുവേണ്ടി ചാമ്പ്യൻഷിപ്പ് നേടിയത്. കണ്ണൂർ സർവകലാശാലക്കു കീഴിലുള്ള മാനന്തവാടി ഗവ. കോളേജ് ഗ്രൂപ്പിനത്തിൽ ജേതാക്കളായി. അസ്ത്രവിദ്യയിൽ ഒരുകാലത്തെ താരമായ മന്ത്രി പി.കെ. ജയലക്ഷ്മി തലയ്ക്കൽ ചന്തു എവറോളിങ് ട്രോഫി മത്സരങ്ങൾക്ക് തികഞ്ഞ പിന്തുണയുമായുണ്ട്. വീരപോരാളിയുടെ രണസ്മരണകൾ കൂടിയാണ് ഈ അമ്പെയ്ത്ത് മത്സരം പങ്കുവെക്കുന്നത്. ■



എം.പി. മനീഷ

## ഗെയിംസ് ചിഹ്നം പതിച്ച ഉൽപന്നങ്ങൾ വിപണിയിൽ




ദേശീയ ഗെയിംസിന്റെ ചിഹ്നം മുദ്രണം ചെയ്ത ടീഷർട്ടുകൾ, കപ്പുകൾ, കീ ചെയിനുകൾ, ബാഗ്, ജാക്കറ്റുകൾ, ഷൂ, കോയിനുകൾ, അമ്മു വേഴാമ്പലിന്റെ രൂപത്തിലുള്ള കളിക്കോപ്പുകൾ, കായിക ഉപകരണങ്ങൾ തുടങ്ങിയവ വിൽപ്പനയ്ക്കെത്തും. മത്സരവേദികൾക്കു സമീപവും ഓൺലൈൻ ഷോപ്പിംഗ് സംവിധാനത്തിലൂടെയും ഇവ വാങ്ങാൻ സൗകര്യമുണ്ടാകും.

## അടുത്ത ദേശീയ ഗെയിംസ് ഗോവയിൽ

36-ാമത് ദേശീയ ഗെയിംസ് 2016ൽ ഗോവയിൽ നടക്കും. 2017 ൽ 37-ാമത് ഗെയിംസ് റായ്പൂരിലും 2018ൽ 38-ാമത് ദേശീയ ഗെയിംസ് ഉത്തരാഖണ്ഡിലും നടക്കും.

## വിവരങ്ങളറിയാൻ കാൾ സെന്റർ

ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിൽ നിന്ന് ഗെയിംസുമായി ബന്ധപ്പെട്ട വിവരങ്ങളറിയാം. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ വിവരങ്ങൾ നൽകാൻ സംവിധാനമുണ്ടാകും. ഫോൺ: 0471 255 2015, ടോൾ ഫ്രീ നമ്പർ: 1-800-4250-2015.

■ നിധീഷ്കുമാർ പി.ആർ.

35 ാം ദേശീയ ഗെയിംസ് കേരളം

# കുരുന്നു ചുവടുകൾ വലിയ കുതിപ്പുകൾ

**സമർപ്പണപരതയോടെ കേരളത്തിന്റെ വരുംകാലത്തിന്റെ കായിക തലമുറയെ വളർത്തിയെടുക്കുന്ന ഏതാനും സ്ഥാപനങ്ങൾ**



## ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ്

ഇന്ത്യയിലെ യുവ കായികപ്രതിഭകൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനമൊരുക്കുകയെന്ന ലക്ഷ്യത്തോടെ മുൻ ഒളിമ്പ്യനും ഇന്ത്യൻ അത്‌ലറ്റിക് രംഗത്തെ വിസ്മയതാരവുമായ കേരള അത്‌ലറ്റ് പി.ടി. ഉഷ 2002 ൽ സ്ഥാപിച്ച പരിശീലനക്കളരിയാണ് ഉഷ സ്കൂൾ ഓഫ് അത്‌ലറ്റക്സ്. 1984 ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിൽ സെക്കന്റിന്റെ വ്യത്യാസത്തിൽ മെഡൽ നഷ്ടമായ ഉഷയ്ക്ക് അന്ന് നേരിട്ട വിദഗ്ധ പരിശീലനത്തിന്റെ അപാകത മൂലം രാജ്യത്തിന് മെഡൽ നഷ്ടമാകരുതെന്ന ഉറച്ച തീരുമാനത്തിന്റെ പരിണിതഫലമാണ് ഈ സ്ഥാപനം. സജീവ കായികരംഗത്തുനിന്ന് വിരമിച്ചശേഷം കൊയിലാണ്ടിയിൽ രാജ്യാന്തര നലവാരമുള്ള പരിശീലനകേന്ദ്രമാരംഭിക്കാൻ ഉഷയും സുഹൃത്തുക്കളും നടത്തിയ ശ്രമങ്ങളാണിന്ന് ഇന്ത്യയിലെ പ്രമുഖ പരിശീലനകേന്ദ്രങ്ങളിലൊന്നായ ഉഷ സ്കൂളിലെത്തി നിൽക്കുന്നത്. 20 കോടി ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ടിലൂടെ 2020 ഒളിമ്പിക്സോടെ രാജ്യത്തിന് ഒരു മെഡൽ ജേതാവിനെയാണ് ഉഷ സ്കൂൾ ലക്ഷ്യം വെക്കുന്നത്. നിലവിൽ 18 ട്രെയിനികളാണ് ഉഷയുടെ ശിക്ഷണത്തിൽ ഇവിടെ താമസിച്ച് പഠിക്കുന്നത്. താരങ്ങളുടെ വിദ്യാഭ്യാസമടക്കമുള്ള എല്ലാ ചെലവുകളും സ്കൂൾ വഹിക്കുന്നു. താരങ്ങളുടെ കായികക്ഷമത, മാനസിക കരുത്ത്, ഡയറ്റിങ് എന്നിങ്ങനെ പ്രത്യേക ശ്രദ്ധ ആവശ്യമുള്ള മേഖലകളിലെല്ലാം വിദഗ്ധരായ അന്താരാഷ്ട്ര പരിശീലകരെ സ്കൂൾ സജ്ജീകരിച്ചിട്ടുണ്ട്.

മികച്ച താരങ്ങളെ കൗമാരത്തിൽത്തന്നെ കണ്ടെത്തി ദേശീയ സംസ്ഥാന ഗെയിംസുകളിൽ പങ്കെടുപ്പിച്ച് ആവശ്യമായ മത്സരപരിചയമുണ്ടാക്കി വലിയ മത്സരങ്ങൾക്ക് സജ്ജരാക്കുന്ന പ്രവർത്തന രീതിയാണ് ഉഷ സ്കൂളിന്റേത്. ലോകത്തെ പ്രധാന അന്താരാഷ്ട്ര കായിക ഫൗണ്ടേഷനുകളിലൊന്നായ ലോറേസ് ഫൗണ്ടേഷൻ മേധാവി എഡ്വിൻ മോസെസ് പ്രൊജക്ടിന് സാമ്പത്തിക പിന്തുണ അറിയിച്ചിട്ടുണ്ട്. ഉഷ സ്കൂളിന് 15 ലക്ഷം തുക വാർഷിക ഗ്രാന്റ് നൽകി കേരള ഗവൺമെന്റും സ്വപ്ന പദ്ധതിക്ക് പിന്തുണ നൽകുന്നു. ഗ്യാങ്ഷു ഏഷ്യൻ ഗെയിംസ് വെങ്കല നേട്ടമടക്കം നിരവധി മീറ്റുകളിൽ മികച്ച പ്രകടനം ഇതിനോടകം നടത്തിയ ടിന്റു ലൂക്കയാണ് ഉഷ സ്കൂളിലെ ശ്രദ്ധേയ താരം. പരിമിതമായ ജീവിതസാഹചര്യങ്ങളിൽ ജനിച്ച തന്നെ ഇവിടെവരെ വളർത്തിയത് ഉഷയുടെ ശിക്ഷണവും പിന്തുണയുമാണെന്ന് ടിന്റു സാക്ഷ്യപ്പെടുത്തുന്നു. തനിക്ക് ലഭിക്കാതെപോയ മെഡൽ ടിന്റുവിലൂടെ 2016 ൽ നേടിയെടുക്കാമെന്ന ആത്മവിശ്വാസത്തിലാണ് ഉഷ. ദേശീയ സ്കൂൾ ഗെയിംസ്, സംസ്ഥാന സ്കൂൾ കായികമേള എന്നിവയിൽ റെക്കോർഡ് പ്രകടനം പുറത്തെടുത്ത ജെസി ജോസഫ്, ഷഹർബാന സിദ്ധിഖ്, ജിസ്ന മാത്യു, അബിത മേരി മണിലാൽ, സ്നേഹ കെ. എന്നിങ്ങനെ കായികകേരളത്തിന് പ്രതീക്ഷയേകുന്ന ഒരുപറ്റം താരങ്ങൾ ഉഷ സ്കൂളിൽ പരിശീലനം തേടുന്നു. രാജ്യത്തെ വിവിധയിടങ്ങളിൽ പരിശീലനകേന്ദ്രങ്ങൾ, ക്യാംപുകൾ എന്നിവ സ്ഥാപിച്ച് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും ഉഷ സ്കൂൾ ലക്ഷ്യംവെക്കുന്നു.




## ജി.വി. രാജ സ്പോർട്സ് സ്കൂൾ

കേരള സ്പോർട്സ് കൗൺസിൽ സ്ഥാപകൻ, ടൂറിസം പ്രൊമോഷൻ കൗൺസിൽ പ്രസിഡന്റ്, കായിക സംസ്കാരത്തിന് കേരളത്തിൽ തുടക്കം കുറിച്ച ഭരണത്തലവൻ എന്നിങ്ങനെ വിശേഷണങ്ങൾക്കതീതമായ വ്യക്തിത്വമാണ് ലഫ്. കേണൽ ജി.വി. രാജയുടേത്. അദ്ദഹത്തോടുള്ള ആദരസൂചകമായി സ്ഥാപിച്ച



കായിക വിദ്യാലയമാണ് തിരുവനന്തപുരം അരുവിക്കരയ്ക്ക് സമീപം മൈലത്ത് സ്ഥിതിചെയ്യുന്ന ജി.വി. രാജ സ്പോർട്സ് സ്കൂൾ. കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഒൻപതാം ക്ലാസ് മുതൽ 12 ാം ക്ലാസ് വരെയുള്ള 108 വിദ്യാർഥികൾക്കാണിവിടെ പരിശീലനം നൽകുന്നത്. സംസ്ഥാന ദേശീയ രംഗത്തെ കായിക പ്രതിഭകൾ നേതൃത്വം നൽകുന്ന കോച്ചിങ് ക്യാംപുകൾ, ചിട്ടയായ പരിശീലനം, വിദ്യാർഥികളുടെ പഠനത്തെ തെല്ലും ബാധിക്കാതെ കായികഭാവി പടുത്തുയർത്താനുള്ള ക്രമീകരണങ്ങൾ തുടങ്ങി നാളെയുടെ കായികതാരങ്ങളെ വാർത്തെടുക്കാൻ നിരവധി പ്രവർത്തനങ്ങൾ ഇവിടെ നടത്തിപ്പോരുന്നു.

## കോതമംഗലം സെന്റ് ജോർജ്

കോതമംഗലത്തിന്റെ കായികപ്പെരുമ മലയാളി ആദ്യമറിഞ്ഞത് കോതമംഗലം സെന്റ് ജോർജ് സ്കൂളിലൂടെയാണ്. ഒളിമ്പ്യനും 2010 കോമൺവെൽത്ത് ഗെയിംസ് മെഡൽ ജേതാവുമായ സിനി



ജോസ്, ലോക സ്കൂൾ അത്‌ലറ്റിക് മീറ്റ് വെള്ളിമെഡൽ ജേതാവ് ബിനീഷ് കെ. ഷാജി, അന്താരാഷ്ട്ര അത്‌ലറ്റുകളായ വി.ബി. ബിനീഷ്, ജയൻ പി.എസ്., ലുക്മാൽ ഹക്കിം എന്നങ്ങനെ ഒരു വലിയ താരനിര സെന്റ് ജോർജിൽ പലകാലത്തായി പഠിച്ചിറങ്ങി. കോതമംഗലം മാർ ബേസിന്റെ കുത്തകയായിരുന്ന സംസ്ഥാന സ്കൂൾ ഗെയിംസ് കായിക കിരീടം 2013-14 വർഷങ്ങളിൽ തുടർച്ചയായി നിലനിർത്താൻ രാജു പോളിന്റെ ശിക്ഷണത്തിൽ സെന്റ് ജോർജിന് കഴിഞ്ഞു. ചിട്ടയായ പരിശീലനവും കുട്ടികളുടെ കഠിന പ്രയത്നവുമാണ് കായികകേരളത്തിൽ അസൂയാവഹമായ നേട്ടങ്ങളുണ്ടാക്കാൻ സെന്റ് ജോർജിന് പ്രധാന കാരണമായതെന്ന് രാജുപോൾ സാക്ഷ്യപ്പെടുത്തുന്നു. കഴിവുള്ള താരങ്ങൾക്ക് സാമ്പ



ത്തിക സഹായം നൽകുന്നതുൾപ്പെടെ പല പദ്ധതികളും സെന്റ് ജോർജ് നടപ്പാക്കിവരുന്നു.

## കോതമംഗലം മാർ ബേസിൽ

കേരളത്തിലെ കായിക തലസ്ഥാനമായി പരക്കെ അറിയപ്പെടുന്ന കോതമംഗലത്തിന് ആ പേരുണ്ടാകുന്നതിൽ പ്രധാന പങ്കുവഹിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നാണ് കോതമംഗലം മാർ ബേസിൽ സ്കൂൾ. സംസ്ഥാന സ്കൂൾ കായികമേളയിലെ സർവകാല റെക്കോർഡായ ഒൻപത് കായിക കിരീട നേട്ടമുൾപ്പെടെ പൊൻതൂവലുകൾ അനവധി. സിബി മാത്യുവിന്റെ മുഖ്യ ശിക്ഷണത്തിൽ തെരഞ്ഞെടുത്ത 100 വിദ്യാർഥികൾക്ക് വർഷംതോറും പരിശീലനം നൽകുന്നു. ആൺ-പെൺ കുട്ടികൾക്ക് പ്രത്യേക ജിംനേഷ്യം, പ്രൊഫഷണൽ ട്രെയിനിങ്, നാട്ടുകാരുടെ പിന്തുണ ഇങ്ങനെ ചിട്ടയായ പ്രവർത്തനത്തിന്റെ ശ്രമഫലമാണ് മാർ ബേസിലിന്റെ വിജയഗാഥ.

## പറളി ഹൈസ്കൂൾ, പാലക്കാട്

2014 സംസ്ഥാന കായികമേളയിൽ കോതമംഗലം സ്കൂളുകൾക്ക് കിരീടം നിലനിർത്തുന്നതിൽ വെല്ലുവിളി ഉയർത്തിയാണ് പാലക്കാട് പറളി സ്കൂൾ ആദ്യമായി കായികശ്രദ്ധനേടിയത്. 40 അംഗ സംഘവുമായെത്തി മേളയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കാൻ പറളി സ്കൂളിനായി. പി.ജി. തോമസ് മുഖ്യ പരിശീലനം വഹിക്കുന്ന പറളി സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് നാട്ടുകാരുടെ സാമ്പത്തിക മാനസിക പിന്തുണയുണ്ട്.

## നാട്ടിക സ്പോർട്സ് അക്കാദമി

തൃശൂരിലെ നാട്ടിക ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാദമിയാണ് നാട്ടിക സ്പോർട്സ് അക്കാദമി. 2014 ജൂണിൽ നാട്ടിക ഗ്രാമപഞ്ചായത്ത് മുൻകയ്യെടുത്താണ് അക്കാദമി സ്ഥാപിച്ചത്. വി.വി. സനൂജ്, അനന്തമോഹൻ പുളക്കൽ എന്നിവർ അക്കാദമിയുടെ മുഖ്യപരിശീലകരാണ്. 2014 ലെ സംസ്ഥാന സ്കൂൾ ഗെയിംസിൽ നടത്തിയ പ്രകടനം സ്കൂളിന്റെ ഖ്യാതിയുയർത്തി. ■

■ എ.എൻ. രവീന്ദ്രദാസ്






# അനശ്വരതാരങ്ങൾ മായാമുദ്രകൾ

**ഓരോ കാലഘട്ടത്തിലും വിവിധ കായിക ഇനങ്ങളിൽ അവിസമരണീയവും അസദൃശവുമായ മികവുകാട്ടി ചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടിയ ഒരുപിടി താരങ്ങളെ കേരളം സംഭാവന ചെയ്തിട്ടുണ്ട്. ഇനിയും എത്രയോ കായികമുത്തുകളും കായിക വസന്തങ്ങളും കടന്നുവരാനിരിക്കുന്നു. പോയകാലത്തെ മഹത്തുക്കളായ കളിക്കാരുടെ നിരയിൽനിന്നും ഏറ്റവും മികച്ച ഏതാനുംപേരെ തിരഞ്ഞെടുത്ത് അവതരിപ്പിക്കുക എളുപ്പമല്ല. ഈ പട്ടികയിൽ ഉൾക്കൊള്ളാനാകാതെ പോയ ഒളിമ്പ്യൻ സുരേഷ്ബാബുവിനെപ്പോലെ പലരുമുണ്ട്. എങ്കിലും ഏതുകാലത്തിനും സുവർണദീപ്തിയാകുന്ന കേരളത്തിന്റെ കായികനിരയിലെ ഏതാനുംപേരുടെ ജീവിതത്തിലേക്കും എന്നും ഓർക്കാവുന്ന പ്രകടനങ്ങളിലേക്കും വെളിച്ചം വീശുകയാണിവിടെ...**

കേരളത്തിലെ മുതിർന്ന സ്പോർട്സ് പത്രപ്രവർത്തകരിൽ ഒരാളാണ് എ.എൻ. രവീന്ദ്രദാസ്. 1982ലെ ഡൽഹി ഏഷ്യാഡ്, 2008 ബീജിംഗ് ഒളിംപിക്സ് തുടങ്ങി ഒട്ടനവധി ദേശീയ, അന്തർദേശീയ കായികമേളകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

GET SET PLAY

# ആത്മസമർപ്പണത്തിന്റെ മറുപേര്

## പി. ടി. ഉഷ അത്‌ലറ്റിക്സ്

'സെക്കൻഡിന്റെ നൂറിലൊരംശത്തിൽ ഒളിമ്പിക് മെഡൽ അകന്നുപോയത് എനിക്ക് ഓർത്തെടുക്കേണ്ടിവരില്ല. കാരണം അത് ഒരിക്കലും മറന്നുപോകില്ല. 400 മീറ്റർ ഹർഡിൽസിൽ 55.42 സെക്കൻഡിൽ ഓടിയെത്തിയപ്പോൾ തുടക്കത്തിലെ നിമിഷങ്ങളിൽ മെഡലെന്നായിരുന്നു തോന്നിയത്. ആധുനിക സൗകര്യങ്ങളും മത്സരപരിചയവും ഏറെയുള്ള കാലത്തായിരുന്നു ഓടിയെതെങ്കിൽ അത് തീർച്ചയായും മെഡൽതന്നെ ആകുമായിരുന്നുവെന്ന് തോന്നുന്നു'. ഒളിംപ്യൻ പി.ടി. ഉഷയുടെ ഈ വാക്കുകളിൽ നിറഞ്ഞുനിൽക്കുന്നത് എല്ലാ ഇന്ത്യക്കാരന്റെയും മനസ്സിൽ മായാമുദ്രിതമായിക്കിടക്കുന്ന, നമ്മുടെ കായികചരിത്രത്തിലെ ചിരസ്മരണീയവും സ്വപ്നസന്നിഭവുമായ ലോസ് ഏഞ്ചൽസിലെ ആ മോഹമുഹൂർത്തമാണ്.

കാലം എത്രപെട്ടെന്നാണ് പറന്നകലുന്നത്. ഒരു മഹാരാജ്യത്തിന്റെ മൊത്തം ഒളിംപിക് സ്വപ്നങ്ങൾക്ക് ചിറകുമുളച്ചതും ഒരു സെക്കൻഡിന്റെ നൂറിലൊരംശത്തിൽ ആ സുവർണമോഹങ്ങൾ ചാമ്പലായതും ഓരോ ഇന്ത്യക്കാരന്റെയും പ്രത്യേകിച്ച് മലയാളിയുടെയെല്ലാം ഓർമച്ചെപ്പിൽ നിറംമങ്ങാതെകിടക്കുന്നു. 1984 ലെ ലോസ് ഏഞ്ചൽസ് ഒളിംപിക്സിൽ 400 മീറ്റർ ഹർഡിൽസിൽ പയ്യോളി എക്സ്പ്രസ്സിന്റെ പതക്കനഷ്ടത്തിന്റെ 30 ാം വർഷം 2014 ഓഗസ്റ്റ് എട്ടിനായിരുന്നു. എന്നാൽ അതിന് 42 നാൾ മുമ്പ്, ജൂൺ 27 ന് ഇന്ത്യയുടെ ഒരേയൊരു ഉഷയ്ക്ക് 50 ാം പിറന്നാളായിരുന്നു.

തൃക്കോട്ടൂർ യു.പി. സ്കൂളിലെ കായികാധ്യാപകനായ ബാലകൃഷ്ണൻ മാസ്റ്റർ ഇന്ന് ജീവിച്ചിരിപ്പില്ല. പക്ഷേ, ബാലകൃഷ്ണൻ മാസ്റ്ററിലൂടെ വളർച്ചയുടെ ആദ്യ ചുവടുകൾവെച്ച ഒരു സാധു പെൺകുട്ടിയെ അറിയാത്തവർ ഇന്ന് ഇന്ത്യയിലുണ്ടാവില്ല. പയ്യോളി പിലാവുള്ളകണ്ടി തെക്കേപറമ്പിൽ പൈതലിന്റെ പുത്രി ഉഷയെ. അതേ, തൃക്കോട്ടൂർ എന്ന കടലോരഗ്രാമത്തിൽ കുതിച്ചോട്ടം തുടങ്ങിയ കുരുന്നുപാദങ്ങൾ ഏഷ്യയിലെ ഏതൊരു കായികതാരത്തിനും സ്വപ്നം കാണാൻമാത്രം കഴിയുന്ന ഉത്തുംഗശൃംഗങ്ങൾ കീഴടക്കിയശേഷം പിൻതിരിഞ്ഞുനോക്കുമ്പോൾ പറയാൻ ഒരു നൂറു കഥകളുണ്ട്. കേട്ടു രസിക്കാനുള്ളവയല്ല ആ കഥകൾ. ഉയരങ്ങൾ കീഴടക്കാൻ വെമ്പുന്ന ഏതൊരു കായികതാരത്തിനുമുള്ള സാധകപാഠങ്ങളാണവ.

ഒരു ഇന്ത്യൻ പെൺകുട്ടിക്ക് എത്രത്തോളം ഉയരാം. പി.ടി. ഉഷയോളം എന്നാവും ഉത്തരം. ഒളിംപിക്സിൽ 30 വർഷം മുമ്പ് ഉഷ കുറിച്ച 55.42 സെക്കൻഡിന്റെ റെക്കോർഡിന് വർഷങ്ങൾ ഏറെ പിന്നോട്ടുപോയിട്ടും താരങ്ങൾ ഏറെ പിറന്നിട്ടും ഇളക്കംതട്ടിയിട്ടില്ല. ഏഷ്യൻ ഗെയിംസിലും ഏഷ്യൻ ചാമ്പ്യൻഷിപ്പിലുമായി 13 സ്വർണമടക്കം 33 മെഡലുകൾ. 1985 ലെ ജക്കാർത്ത ഏഷ്യൻ മീറ്റിൽ അഞ്ച് സ്വർണവും ഒരു വെങ്കലവുമടക്കം ആറ് മെഡലുകൾ. 1986 ലെ സോൾ ഏഷ്യൻ ഗെയിംസിൽ നാലു സ്വർണവും ഒരു വെള്ളിയുമടക്കം അഞ്ച് മെഡലുകൾ. 1987 ലെ സിംഗപ്പൂർ ഏഷ്യൻട്രാക്ക് ആൻഡ് ഫീൽഡ് മീറ്റിൽ മൂന്ന് സ്വർണവും ഒരു വെള്ളിയും 1989 ൽ ഡൽഹിയിൽ നടന്ന ഏഷ്യൻ മീറ്റിൽ നാല് സ്വർണവും രണ്ട് വെള്ളിയും. 1990 ലെ ബയ്ജിങ് ഏഷ്യൻ ഗെയിംസിൽ മൂന്ന് വെള്ളി, അങ്ങനെ തന്റെ പ്രതിഭാസ്പർശത്തിലൂടെ ഉഷ രാജ്യത്തിന്റെ അഭിമാനപതാകപാറിച്ച എത്രയെത്ര മത്സര വേദികൾ. 1991 ൽ കബഡിതാരം ശ്രീനിവാസനുമായുള്ള വിവാഹത്തിനുശേഷം അത്‌ലറ്റിക്സിൽ നിന്നു വിരമിച്ചെങ്കിലും 1994ൽ ട്രാക്കിൽ തിരിച്ചെത്തിയ ഉഷ ഹിരോഷിമ ഏഷ്യൻ ഗെയിംസിൽ റിലേയിൽ വെള്ളിമെഡൽ നേടി. നാലു വർഷം കഴിഞ്ഞ് 1998 ലെ ഫുക്കുവോക്ക ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഒരു സ്വർണവും രണ്ടു വെങ്കലവും കരസ്ഥമാക്കി ഉഷ. 1999 ലെ കാഠ്മണ്ഡു സാഫ് ഗെയിംസിലും വിജയപീഠമേറി. ഒരു സ്വർണവും രണ്ടു വെള്ളിയുമായിരുന്നു ഉഷ തന്റെ അവസാന രാജ്യാന്തരമത്സരത്തിൽ നേടിയത്.

ഒളിംപിക്സിൽ പങ്കെടുക്കുന്ന ആദ്യമലയാളി വനിതയെന്ന ബഹുമതിയോടെ 1980 ലെ മോസ്കോ ഒളിംപിക്സിൽ മത്സരിച്ച ഉഷ 100 മീറ്ററിൽ ആറാമതും 200 മീറ്ററിൽ ഏഴാമതുമായി ഹീറ്റ്സിൽ പരാജയപ്പെട്ടു. 1982 ലെ ഡൽഹി ഏഷ്യൻ ഗെയിംസിൽ രണ്ടു വെള്ളിമാത്രമേ നേടിയുള്ളുവെങ്കിലും അതിന് ഏറെ തിളക്കമുണ്ടായിരുന്നു. തുടർന്നങ്ങോട്ട് തന്നെ വെല്ലാൻ ഏഷ്യയിൽ വേറെയൊരു കായികതാരവുമില്ലെന്ന് തെളിയിച്ചുകൊണ്ട് ഉഷ മുന്നേറി. ദേശീയവും രാജ്യാന്തരവുമായ മത്സരങ്ങളിൽ മൊത്തം 102 മെഡലുകൾ. ആത്മസമർപ്പണവും പ്രതിഭയും സമന്വയിക്കുന്ന പയ്യോളി എക്സ്പ്രസ്സിന് പകരം വെക്കാൻ ഇന്ത്യയിൽ മറ്റൊരു അത്‌ലറ്റ് വളർന്നിട്ടില്ല.




കായികദരിദ്രമായ ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഉഷയുടെ നേട്ടം എത്രയോ ഉയരത്തിലാണ്. സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും മികച്ച കായികതാരം ഏഷ്യൻ അത്‌ലറ്റിക്സിലെ നിത്യവിസ്മയം. വിശേഷണങ്ങൾ ഇനിയുമുണ്ടാകാം. ഉഷയെ തേടിയെത്താത്ത ബഹുമതികളുമില്ല. എന്നാൽ ഈ പയ്യോളിക്കാരിയുടെ കായികസപര്യയെ അടുത്തറിയുമ്പോൾ ഉഷയ്ക്കും രാജ്യത്തിനും പിണഞ്ഞ നഷ്ടങ്ങളെക്കുറിച്ചോർത്തു നമുക്ക് ദുഃഖിക്കേണ്ടിവരും. ചരിത്രത്തിലാദ്യമായി ഇന്ത്യക്കാരിക്ക് വിശ്വകായികമേളയിലെ അത്‌ലറ്റിക്സ് മെഡൽ സ്വന്തമാക്കാനുള്ള അവസരം നിർഭാഗ്യത്തിന്റെ

>>>

അകമ്പടിയോടെ ഇല്ലാതായെങ്കിലും രണ്ടു ദശാബ്ദത്തിലേറെക്കാലം മറ്റനേകം വേദികളിലെ മെഡൽ നേട്ടത്തിലൂടെ നമ്മുടെ കായിക സ്വപ്നങ്ങളെ താലോലിച്ചുപോന്ന ഉഷ ഈ 51 ാം വയസ്സിലും അഭിമാനത്തിന്റെ ട്രാക്കിലാണ്. തനിക്ക് കൈവരിക്കാനാവാത്ത നേട്ടങ്ങൾ ശിഷ്യരിലൂടെ വെട്ടിപ്പിടിക്കുകയെന്ന ലക്ഷ്യത്തിലേക്ക് അവരെ പ്രാപ്തരാക്കാൻ പ്രതിജ്ഞാബദ്ധയാണ്.

ഇന്ത്യയുടെ അത്‌ലറ്റിക് റാണി ടിന്റു ലൂക്ക ഉൾപ്പെടെയുള്ള പുതുതലമുറക്കാരെ മത്സരപരിചയം ആർജിക്കാനും അവസരങ്ങൾ ഒരുക്കിക്കൊടുക്കാനും മികച്ച പരിശീലനത്തിലൂടെ പരിപോഷിപ്പിക്കാനും കഴിഞ്ഞാൽ ഒളിംപിക്സ് ഉൾപ്പെടെ അന്താരാഷ്ട്ര കായികവേദികളിൽ മെഡൽനേട്ടം ഉണ്ടാക്കാനാകുമെന്ന് ഉഷയ്ക്കുറപ്പുണ്ട്. ഇന്നിപ്പോൾ ഇന്ത്യൻ അത്‌ലറ്റിക്സിന്റെ ശ്രദ്ധാകേന്ദ്രമായിക്കഴിഞ്ഞ കോഴിക്കോട് കിനാലൂരിലെ ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിലെ എല്ലാ ശിഷ്യകൾക്കും കായികരംഗത്ത് തിളങ്ങാൻ തനിക്കാവുന്നതെല്ലാം ചെയ്തിരിക്കുന്നു അവർ.

അത്‌ലറ്റ് ജനിക്കുന്നത് മെഡലുകളിൽ നിന്നോ പാരിതോഷികങ്ങളിൽ നിന്നോ സ്വീകരണങ്ങളിൽ നിന്നോ അല്ല. ചിട്ടയായ സ്വയമർപ്പിച്ച പരിശീലനത്തിൽ നിന്നാണ്. നമുക്കിന്ന് താരങ്ങളാണധികവും. അത്‌ലറ്റുകളില്ല. ആ അർപ്പണബോധത്തിന്റെയും ത്യാഗബുദ്ധിയുടെയും ആത്മാർഥതയുടെയും ഒരു പ്രതീകമുണ്ടെങ്കിൽ അത് പി.ടി. ഉഷയാണ്. ഉഷയുടെ ഉയർച്ചയുടെ നല്ലൊരു പങ്കും ഈ സ്വയംസമർപ്പണത്തിനും ജന്മസിദ്ധമായ കായികവാസനയ്ക്കും അവകാശപ്പെട്ടതാണ്. എന്നിട്ടും ഉഷയ്ക്ക് അർഹിച്ച ഉയരംവരെയെത്താൻ കഴിഞ്ഞില്ലെങ്കിൽ അതിനു കാരണം മെഡലുകളുടെ ദാഹം തീരാത്ത ഇന്ത്യൻ കായികരംഗവും വ്യക്തതയില്ലാത്ത നമ്മുടെ പരിശീലന പദ്ധതികളുമാണ്. എങ്കിലുമോർക്കുക ഉഷയുടെ ഓരോ വിജയത്തിന്റെയും പിന്നിൽ ഒ.എം. നമ്പ്യാർ എന്ന പരിശീലകന്റെ ശക്തിയുണ്ടായിരുന്നു, പ്രോത്സാഹനമുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ തലമുറയിലെ അത്‌ലറ്റുകൾക്ക് ലഭിക്കുന്നതുപോലുള്ള മുന്തിയ സൗകര്യങ്ങളും ഉന്നത ശാസ്ത്രീയ പരിശീലനവും പി.ടി. ഉഷ ഉൾപ്പെടുന്ന തലമുറയിലെ അത്‌ലറ്റുകൾക്ക് കിട്ടിയിരുന്നില്ല. ഉഷയുടെ നേട്ടങ്ങളെല്ലാം മഹനീയമാണ്. എന്നാൽ അതിലും വലിയ അവസരങ്ങളും ഉജ്ജ്വലമായ നേട്ടങ്ങളും ഉഷയുടെ വിരൽത്തുമ്പിലൂടെ ചോർന്നുപോയിട്ടുണ്ട്. രണ്ട് ദശകത്തിലേറെ ഇന്ത്യയുടെ ജേഴ്സിയണിഞ്ഞ് ഉഷ ട്രാക്കിലിറങ്ങി. രാജ്യാന്തര രംഗത്ത് ഇത്ര സുദീർഘമായ കാലം സജീവസാന്നിധ്യമറിയിക്കാൻ മറ്റേതെങ്കിലും ഇന്ത്യൻ താരത്തിന് കഴിഞ്ഞുവോ? ഇനി കഴിയുമോ? ■

# മരണമില്ലാത്ത സ്മാഷുകൾ

## ജിമ്മി ജോർജ് വോളിബോൾ



ജനനം 1955 മാർച്ച് എട്ട്. മരണം 1987 നവംബർ 30. 'Here was a Ceasar... when comes such another...' അതേ ഇനിയൊരു സീസറുണ്ടാകില്ല. നവംബറിന്റെ നഷ്ടം വീണ്ടും നമ്മേ വേദനിപ്പിക്കുന്നു. 1987 നവംബർ 30 തിങ്കളാഴ്ച കായികകേരളത്തിന് മറക്കാനാവില്ല. എതിരാളികളുടെ കോർട്ടിൽ ഇടിമുഴക്കംപോലുള്ള സ്മാഷുകളുതിർത്ത് വോളിബോൾ പ്രേമികളെ വീർപ്പുമുട്ടിച്ച ജിമ്മി ആരവങ്ങളില്ലാത്ത ലോകത്തേക്കു യാത്രയായിട്ട് 27 ആണ്ട് കടന്നുപോകുന്നു. വായുവിൽ സെക്കൻഡുകളോളം പൊങ്ങിനിന്ന് സ്പ്രിങ് ആക്ഷനിൽ ജിമ്മി തൊടുത്ത അടികളൊന്നും പാഴായിട്ടില്ലെന്ന് ഒരു തലമുറ സാക്ഷിയാണ്. ടെഹറാനിലും അബുദാബിയിലും ഇറ്റലിയിലും വോളി കോർട്ടുകളടക്കിവാണ ജിമ്മി. 1986 ലെ സോൾ ഏഷ്യൻ ഗെയിംസിൽ മറക്കാനാവാത്ത പ്രകടനം. ഏഷ്യൻ ഗെയിംസ് വോളിബോളിൽ അവസാനമായൊരു മെഡൽ ഇന്ത്യയ്ക്ക് നേടിക്കൊടുത്ത് ഒരു പേരാവൂരുകാരന്റെ ചിരിയുമായി എന്നും നമ്മുടെ മനസ്സുകളിൽ സിംഹാസനം അലങ്കരിക്കുന്നു ജിമ്മി.

ജിമ്മി ജോർജ് എന്ന വോളീബോൾ ഇതിഹാസത്തിന് ആമുഖത്തിന്റെ ആവശ്യമില്ല. ഇന്ത്യൻ വോളിബോളിൽ സമാനതകളില്ലാത്ത പ്രതിഭാസമായ ജിമ്മിയുടെ കായികമികവ് ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. പക്ഷേ, വ്യക്തിഗത മികവിനപ്പുറം അദ്ദേഹത്തിന്റെ സമർപ്പിതമായ സ്പോർട്സ് വ്യക്തിത്വം പിൻതലമുറക്കാകെ മാതൃകയാണ്. പൊതുവെ ജിമ്മിയെ മനസ്സിലാക്കാൻ മടിച്ച നമ്മൾ ആ വ്യക്തിത്വത്തിലെ സവിശേഷതകളും വേണ്ടത്ര അറിഞ്ഞിട്ടില്ല. ഇറ്റലിയിലെ മിലാനിൽ യൂറോസ്റ്റൈൽ യൂറോസിയ ക്ലബ്ബിൽ പതിവു പരിശീലനത്തിനുശേഷം രണ്ടു കളിക്കാരോടൊപ്പം താമസസ്ഥലത്തേക്ക് മടങ്ങുകയായിരുന്ന ജിമ്മിയെ കാറപകടത്തിലൂടെ മരണം തട്ടിയെടുക്കുകയായിരുന്നു.

പി.ടി. ഉഷയെപ്പോലെ ജിമ്മി ജോർജും കേരളം കണ്ട ലോകനിലവാരമുള്ള ചുരുക്കം ചില കായികതാരങ്ങളിലുൾപ്പെടും. ഉൾനാടുകളിൽ നിന്നുവന്ന് കായികലോകം കീഴടക്കിയവരാണിരുവരും. ജിമ്മി ജോർജ് എന്ന വോളിബോൾ ഇതിഹാസത്തിന് ആമുഖത്തിന്റെ ആവശ്യമില്ല. കേരളത്തിന്റെ വോളിബോൾ സ്വപ്നങ്ങൾക്ക് സ്വർണച്ചിറകുകൾ നൽകി രാജ്യത്തിനപ്പുറത്തേക്കെത്തിച്ചത് ജിമ്മിയായിരുന്നു. രാജ്യാന്തര വോളിബോളിൽ മലയാളിക്ക് മേൽവിലാസമുണ്ടാക്കിയതും ഈ പേരാവൂർകാരൻ തന്നെയാണ്. ജിമ്മി ഒരു വോളി താരം മാത്രമായിരുന്നില്ല. മികച്ച നീന്തൽക്കാരനും ചെസ്സ് കളിക്കാരനുമൊക്കെയായിരുന്നു.

പേരാവൂരിന് അതൊരു ചരിത്രനിയോഗമായിരുന്നു. നൂറ്റാണ്ടിലൊരിക്കൽമാത്രം കൈവരുന്ന മഹാസൗഭാഗ്യം, കണ്ണൂർ ജില്ലയിലെ തൊണ്ടിയിലെ കൊച്ചു ഗ്രാമത്തിൽ നിന്ന് രാജ്യാന്തര പ്രശസ്തിയിലേക്കു വളർന്ന ജിമ്മിക്ക് തുണയായത് കഠിനാധ്വാനവും അർപ്പണബോധവും മാത്രമായിരുന്നു. കേരളത്തിനും ഇന്ത്യയ്ക്കും മാത്രമല്ല ലോക കായികരംഗത്തിനുതന്നെ കൂടുതൽ മികച്ച സേവനം നൽകാൻ ആ കാലയളവിനുള്ളിൽത്തന്നെ ജിമ്മിക്കു കഴിഞ്ഞേനെ.

കാലിക്കറ്റ്, കേരള സർവകലാശാലകളുടെ തലത്തിൽ നിന്ന് ദേശീയ തലത്തിലേക്കും അവിടെനിന്ന് ഗൾഫ് വഴി യൂറോപ്പിലെ പ്രൊഫഷണൽ വോളീതലത്തിലേക്കും ഉയർന്ന ജിമ്മി യൂറോപ്പിൽ കളിക്കുന്ന ആദ്യ ഇന്ത്യക്കാരനാവുകയും ചെയ്തു. ക്രൂരമായ വിധി കള്ളക്കളി കളിച്ചില്ലായിരുന്നുവെങ്കിൽ ജിമ്മി ഇന്ന് യൂറോപ്യൻ അനുഭവസമ്പത്തുമായി ഇന്ത്യയിൽ വോളിബോളിനെ പരിപോഷിപ്പിക്കാൻ രംഗത്തുണ്ടാകുമായിരുന്നു.

1955 മാർച്ച് എട്ടിനാണ് ജിമ്മിയുടെ ജനനം. പേരാവൂരിൽ കളിയെ ജീവനുതുല്യം സ്നേഹിക്കുന്ന ജോർജ് വക്കീലിന്റെ പത്തു മക്കളിൽ രണ്ടാമനായ ജിമ്മി ചെറുപ്പത്തിലെ കായികവിനോദങ്ങളിലേക്ക് ആകർഷിക്കപ്പെട്ടു. പ്രശസ്ത പരിശീലകരായ കലവൂർ ഗോപിനാഥും എം.ടി. ഇമ്മാനുവലും പ്രശസ്തിയുടെ പടവുകൾ ചവിട്ടിക്കയറാൻ ജിമ്മിയെ സഹായിച്ചു. 1971 ൽ

16 ാം വയസ്സിൽ കേരള വോളി ടീമിൽ അംഗമായ ജിമ്മി 1973 ൽ പാല സെന്റ് തോമസ് കോളേജിനെ പ്രതിനിധീകരിച്ച് അഖിലേന്ത്യാ കിരീടം നേടിയ കേരള സർവകലാശാല ടീമിന്റെ ക്യാപ്ടനായി. 1974 ൽ ടെഹ്റാൻ ഏഷ്യൻ ഗെയിംസിലൂടെ ഇന്ത്യൻ ടീമിലെത്തിയ ജിമ്മി 1975 ൽ മെഡിക്കൽ കോളേജിൽ ചേർന്നെങ്കിലും വോളിബോളിനോടുള്ള കമ്പം മൂലം പഠനമുപേക്ഷിച്ചു. തുടർന്ന് കേരളാ പൊലീസിൽ സർക്കിൾ ഇൻസ്പെക്ടറായി ചേർന്ന ജിമ്മി 1976 ൽ അർജുന അവാർഡിനർഹനായി. 1978 ൽ ബാങ്കോക്ക് ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത ജിമ്മി 1979 ൽ അബുദാബി ക്ലബ്ബിൽ ചേർന്നു. 1984 ൽ ഇറ്റലിയിൽ മിലാനിലെ മോണ്ടിക്കേരിയിലെ യൂറോസ്റ്റൈൽ യൂറോസിയ ക്ലബ്ബിൽ ചേക്കേറിയ ജിമ്മി തൊട്ടടുത്തവർഷം വിവാഹിതനായി. 1986 ലെ ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വോളിബോളിൽ വെങ്കലമെഡൽ നേടിക്കൊടുക്കുന്നതിൽ നിർണായക സംഭാവന നൽകിയത് മറ്റാരുമല്ല.

എല്ലാ അർഥത്തിലും വോളിബോളിലെ സമ്പൂർണ കളിക്കാരനായിരുന്നു ജിമ്മി ജോർജ്. ഇറ്റലിക്കാർ ഗ്രീക്ക് ദേവനായ ഹർമിസിനോടാണ് ജിമ്മിയെ ഉപമിച്ചിരുന്നത്. അദ്ദഹത്തിന്റെ സ്മാഷുകൾ ഒരിക്കലും പ്രതിരോധമെന്തെന്നറിഞ്ഞില്ല. ജിമ്മിയെപ്പോലെ ഉയരത്തിൽ ചാടി പന്തടിക്കുന്ന സ്പൈക്കർമാർ അക്കാലത്ത് യൂറോപ്പിൽത്തന്നെ അപൂർവം. ഇറ്റലിയിലെ മികച്ച വോളിബോൾ കളിക്കാരനുള്ള അവാർഡ് ജിമ്മിയെത്തേടിയെത്തിയപ്പോൾ ആദരിക്കപ്പെട്ടത് ഇന്ത്യയായിരുന്നു. ഏകാഗ്രതയും വിജയിക്കാനുള്ള ഒടുങ്ങാത്ത തൃഷ്ണയും കുട്ടിക്കാലം മുതലേ ജിമ്മിയുടെ പ്രത്യേകതകളായിരുന്നു. എന്ത് പ്രതികൂല സാഹചര്യത്തിലും മാനസിക സമ്മർദത്തിനും അടിപ്പെടാതെ ശാന്തനായി സാഹചര്യങ്ങളെ നേരിടാൻ ജിമ്മിക്ക് ജന്മസിദ്ധമായ കഴിവുണ്ടായിരുന്നു.

നന്മനിറഞ്ഞ മനസ്സായിരുന്നു ജിമ്മിയുടേത്. കളിക്കളത്തിലെ കണ്ണിൽച്ചോരയില്ലാത്ത ജിമ്മിയും കളത്തിനുപുറത്തെ വിനയാന്വിതനും ശുദ്ധനുമായ ജിമ്മിയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളായിരുന്നല്ലോ. ജീവിതത്തിന്റെ സമസ്തമേഖലകളിലും ആ മനസ്സ് പ്രകാശം പരത്തി. ശക്തരായ എതിരാളികളെ അദ്ദേഹം ആദരിച്ചു. തനിക്കുപിന്നിൽ വളർന്നുവന്ന പുതിയൊരു തലമുറയുടെ മുഴുവൻ ആവേശമായി പ്രചോദനമായി. വോളിബോളിൽ പ്രൊഫഷണലിസം നടപ്പാക്കിയ ആദ്യത്തെ കളിക്കാരനും ഒരുപക്ഷെ ജിമ്മി ജോർജായിരിക്കാം.

വോളിബോളിലെ ഇതിഹാസമായ ജിമ്മി ജോർജ് നവംബറിലെ ഒരു തണുത്ത പ്രഭാതത്തിന്റെ വിറങ്ങലിച്ച ഓർമയായി നമ്മെ പൊതിയുന്നു. മനുഷ്യമനസ്സിന്റെ എല്ലാ അതിർവരമ്പുകളും മായിച്ചുകളയുന്ന കായികചരിത്രത്തിന്റെ ഓർമയിൽ വേദനയുണർത്തുന്ന സംഗീതമാണ് ജിമ്മി. വോളിബോൾ വ്യക്തിഗത കായികയിനമല്ലെങ്കിലും ജിമ്മി ഈ കളിയുടെ മറുപേരായി മാറി. ഇന്ത്യൻ വോളിബോളിന്റെ ചരിത്രത്തിൽ ഇത് ആദ്യ അനുഭവമായിരുന്നു. ഒരുപക്ഷെ അവസാനത്തേതും. ■



# ജീവിതം തന്നെ ഫുട്ബോൾ

## ഐ.എം. വിജയൻ

ഐ.എം. വിജയൻ ഇന്ത്യൻ ഫുട്ബോളിൽ പുതിയൊരു കളിക്രമം സൃഷ്ടിച്ച കേരളത്തിന്റെ കറുത്ത മുത്ത്. തൃശൂരിലെ കോലോത്തുപാടത്തെ ഓലക്കുടിലിൽനിന്ന് ഇന്ത്യൻ ഫുട്ബോളിന്റെ നെറുകയിലേക്കുള്ള വിജയന്റെ കുതിപ്പിന് ഇന്നും ഒരു വീരഗാഥയുടെ പ്രതിഛായയാണുള്ളത്. കഷ്ടപ്പാടുകൾ ചുവപ്പു കാർഡ് കാട്ടിയ ചെറുപ്പകാലമായിരുന്നു വിജയന്റേത്. തടിമിടുക്കിനപ്പുറം തലമിടുക്കിന്റെ ഫുട്ബോൾ കളിച്ച് കേരളാ പൊലീസിൽ തുടങ്ങിയ ജീവിതം മോഹൻ ബഗാനിലും ജെ.സി.ടി. മിൽസിലും എഫ്.സി. കൊച്ചിനിലും ഈസ്റ്റ് ബംഗാളിലുമൊക്കെ പ്രഭചൊരിഞ്ഞ ആക്രമണകാരി.

ഇന്ത്യക്ക് സാർക്ക്, സാഫ് കിരീടങ്ങളും കേരള പൊലീസിന് രണ്ടുതവണ ഫെഡറേഷൻ കപ്പും എഫ്.സി. കൊച്ചിന് ഡ്യൂറന്റ് കപ്പും ജെ.സി.ടിക്കും മോഹൻ ബഗാനും കൈനിറയെ ട്രോഫികളും സമ്മാനിച്ച ഫുട്ബോൾ ജീനിയസ്. കൊൽക്കത്തക്കാർക്ക് കാലോഹരിണും (കറുത്ത മാൻ) മറ്റുള്ളവർക്ക് കറുത്ത മുത്തുമായ വിജയൻ. ഫെഡറേഷൻ കപ്പിൽ സ്വന്തം ടീമുകൾക്ക് ആറുതവണ വിജയം സമ്മാനിക്കാനായ ഒരേയൊരു ഫുട്ബോളറാണ്. നെഹ്റു കപ്പിനായുള്ള അന്താരാഷ്ട്ര ടൂർണമെന്റിൽ മൂന്നു തവണ രാജ്യത്തിന്റെ മാനം കാത്ത മലയാളി. ഇന്ത്യകണ്ട ഏറ്റവും നല്ല ഫ്രീകിക്ക് വിദഗ്ധൻ. സീറോ ആങ്കിളിലെ ഷോട്ടുകൾ ഗോളാക്കിമാറ്റുന്ന മാന്ത്രികൻ. മധ്യനിരയിൽ നിന്ന് ഗോൾമുഖംവരെ കാലിൽ പന്ത് ഒട്ടിനിൽക്കുന്ന വിസ്മയ ദൃശ്യം തരുന്ന ഒരേയൊരു ഇന്ത്യൻ താരം. തീർന്നില്ല; ജയരാജന്റെ 'ശാന്തം' ഉൾപ്പെടെ ഏതാനും സിനിമകളിൽ വിജയൻ തന്റെ അഭിനയത്തികവും കാഴ്ചവെച്ചു.



ഇന്ത്യകണ്ട എക്കാലത്തെയും കിടയറ്റ ഈ സ്ട്രൈക്കറുടെ ഭൂതകാലത്തെക്കുറിച്ച് ഏറെപ്പേർക്കും അറിവുണ്ടാകാനിടയില്ല. അവിടെ കണ്ണീരിന്റെ ഉപ്പുരസമുണ്ട്. വിയർപ്പിന്റെ നീറ്റലുണ്ട്. തൃശൂർ പാലസ് ഗ്രൗണ്ടിനോട് (ഇപ്പോഴത്തെ മുൻസിപ്പൽ സ്റ്റേഡിയം) തൊട്ടുരുമ്മിക്കിടന്ന ഒരു കീഴാള കോളനിയിലെ ഇല്ലായ്മകളും വല്ലായ്മകളും കാർന്നുതിന്ന ജീവിതസാഹചര്യങ്ങളിൽ നിന്നും ഉയിർക്കൊണ്ട ഫുട്ബോളറാണ് വിജയനെന്ന സത്യം എത്രപേർക്കറിയാം.

ആരാധകരുടെയും മാധ്യമങ്ങളുടെയുമൊക്കെ ആഘോഷപൂർണമായ കെട്ടുകഥകൾക്കപ്പുറത്ത് തന്നിലെ ഫുട്ബോളറുടെ സ്വത്വം തേടിപ്പോയ സാധാരണക്കാരനാണ് നമ്മുടെ ഈ വിജയം. വിജയൻ ഇന്ത്യയിലെ ഏറ്റവും മികച്ച സമ്പൂർണ ഫുട്ബോളറെന്ന് മോഹൻ ബഗാന്റെ മുന്നേറ്റ നിരയിൽ വിജയനൊപ്പം ഏറെക്കാലം തിളങ്ങിയ നൈജീരിയക്കാരൻ ചീമ ഒകേരി പറഞ്ഞത് അക്ഷരം പ്രതി ശരിയാണ്. ലോക ഫുട്ബോളിൽ 150 ലേറെ നാടുകൾക്ക് പിന്നിൽ നിൽക്കുന്ന ഈ മഹാരാജ്യത്ത് ജനിച്ചതുകൊണ്ടുമാത്രം ലോകം വേണ്ടതുപോലെ അറിയാതെപോയ ഒരു കളിക്കാരനാണ് വിജയൻ. അസാധ്യമായ കോണുകളിൽനിന്ന് വിജയൻ വീഴ്ത്തിയ ഒട്ടേറെ ഗോളുകൾക്ക് തീർച്ചയായും ലോകനിലവാരം തന്നെയുണ്ട്. വിജയന്റെ ബൈസിക്കിൾ കിക്കുകൾ എന്നും മനസ്സിൽ കൊത്തിവെച്ച മനോഹര മുഹൂർത്തങ്ങളാണ്. 2003 ഒക്ടോബർ 31 ന് ഹൈദരബാദിലെ ഫത്തേഹ് മൈതാനിയിലെ ലാൽ ബഹദൂർ സ്റ്റേഡിയത്തിൽ ആഫ്രോ-ഏഷ്യൻ ഗെയിംസ് ഫുട്ബോൾ ഫൈനലിൽ ഉസ്ബക്കിസ്ഥാനെതിരെ കളിച്ചുകൊണ്ട് രാജ്യാന്തര മത്സരത്തിൽ നിന്ന് വിടവാങ്ങിയപ്പോഴും വിജയൻ ആ ടൂർണമെന്റിൽ ടോപ്സ്കോററായിരുന്നു. എന്നാൽ രാജ്യത്തിന് ആഫ്രോ-ഏഷ്യൻ കിരീടം നേടിക്കൊടുത്ത് ബൂട്ടഴിക്കാനുള്ള വിജയന്റെ മോഹം സഫലമായില്ല. അവസാന മിനിട്ടിൽ ഉസ്ബക്കിസ്ഥാന്റെ ഇനോമോവ് ഇസ്ലാം പറത്തിയ ലോങ് റേഞ്ചറിൽ വിജയന്റെയും ഇന്ത്യയുടെയും ആഫ്രോ-ഏഷ്യൻ കിരീടമോഹം ഒഴുകിപ്പോയതിന് ലാൽബഹദൂർ സ്റ്റേഡിയം വിതുമ്പലോടെ സാക്ഷ്യംവഹിച്ചു.

1991 ൽ തിരുവനന്തപുരത്ത് നടന്ന നെഹ്റു കപ്പിൽ കന്നി രാജ്യാന്തര കുപ്പായം

>>>



# ഒരു ദുരന്തസ്മൃതിയായി

## വി.പി. സത്യൻ ഫുട്ബോൾ

2006 ജൂലൈ 18 ന് ചെന്നൈയിലെ പല്ലാവരം റെയിൽവേ സ്റ്റേഷനിൽ വെച്ചാണ് ഇന്ത്യൻ ഫുട്ബോൾ കണ്ട ഏറ്റവും പ്രതിഭാശാലിയായ കളിക്കാരിലൊരാളായ വി.പി. സത്യന്റെ ജീവിതയാത്രയ്ക്ക് മരണം ചുവപ്പുകൊടി കാണിച്ചത്. പ്രതിരോധത്തിന്റെ ഉരുക്കുകോട്ടകെട്ടി, ഇന്ത്യൻ ഫുട്ബോളിലെ സുവർണ ദീപ്തിയായ കണ്ണൂർ മേക്കുന്ന് വട്ടപ്പറമ്പത്ത് സത്യൻ മരണമില്ലാത്ത ലോകത്തേക്ക് യാത്രയായപ്പോൾ കളിക്കളത്തിലും ജീവിതത്തിലും മാന്യതയുടെയും സംസ്കാരത്തിന്റെയും ഒരു പാഠപുസ്തകമാണ് നമുക്ക് നഷ്ടമായത്.

ഇന്ത്യൻ ഫുട്ബോളിൽ കളിക്കാരനായും അതിനുശേഷമുള്ള കാലത്തിലും സത്യന്റേത് നിസ്തുലമായ സംഭാവനകളാണ്. കളിക്കാരനെന്ന നിലയിലും പരിശീലകന്റെ കുപ്പായത്തിലും ദേശീയ സെലക്ടറുടെ പദവിയിലും ഉൾക്കാഴ്ചയും ദീർഘവീക്ഷണവുമുള്ളവനായിരുന്നു. ഇന്ത്യൻ ഫുട്ബോളിനപ്പുറത്ത് ലോകഫുട്ബോളിലെ വികാസപരിണാമങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കാനും കൂടുതൽ ഉൾക്കൊള്ളാനും ശ്രമിച്ച ഫുട്ബോളിന്റെ നല്ല പഠിതാവുകൂടിയായിരുന്നു സത്യൻ.

ജർണയിൽ സിങ്ങിനുശേഷം ഇന്ത്യകണ്ട ഏറ്റവും കരുത്തനായ ഡിഫൻഡർ മാരിലൊരാളായ സത്യനും ഷറഫലിയും വിജയനും പാപ്പച്ചനും തോബിയാസുമൊക്കെ ഒരുമിച്ച നാളുകൾ കേരള ഫുട്ബോളിന്റെ സുവർണ കാലമായിരുന്നു. 1985 മുതൽ 96 വരെ ഇന്ത്യൻ ഫുട്ബോളിൽ നിറഞ്ഞുനിന്നിരുന്ന സത്യൻ നൂറോളം രാജ്യാന്തര മത്സരങ്ങളിൽ ബൂട്ടണിഞ്ഞു. പത്തുതവണ ഇന്ത്യയുടെ നായകനായി. നെഹ്റു കപ്പ്, മെർദേക്ക കപ്പ്, സാഫ് ഗെയിംസ്, ഏഷ്യൻ ഗെയിംസ് തുടങ്ങി നിരവധി രാജ്യാന്തര ടൂർണമെന്റുകളിൽ ഇന്ത്യൻ ടീമിന്റെ ശക്തിമാർഗമായിരുന്നു. അടിസ്ഥാനപരമായി പ്രതിരോധനിരക്കാരനായ സത്യന്റെ ഗോൾ വാങ്ങിയവരുടെ പട്ടികയിൽ ബഹ്റൈൻ, ദക്ഷിണകൊറിയ, കാമറൂൺ, ലെബനൻ എന്നീ നാല് രാജ്യങ്ങളെങ്കിലുമുണ്ട്. 1986 ലെ മെർദേക്ക കപ്പിൽ ദക്ഷിണ കൊറിയക്കെതിരെയും 1993 ലെ ചെന്നൈ നെഹ്റുകപ്പിൽ കാമറൂണിനെതിരെയും സത്യൻ അടിച്ച ഗോളുകൾ ഇന്ത്യൻ ഫുട്ബോളിന്റെ ചരിത്ര താളുകളിൽ കുറിച്ചിട്ടവയാണ്.

മെർദേക്കയിൽ പ്രബലരായ ദക്ഷിണ കൊറിയയെ തോല്പിച്ച് ഇന്ത്യ (4-3) സെമിയിൽ കടന്നപ്പോൾ വിജയഗോൾ സത്യന്റെ ബൂട്ടിൽ നിന്നായിരുന്നു. പിന്നീടൊരിക്കലും ഇന്ത്യ കൊറിയയെ തോല്പിച്ചിട്ടില്ല. 1985 ൽ ജർമനിയിലെ ബോക്ക ഇലവനെതിരെ 19 ാം വയസ്സിലായിരുന്നു ഈ കണ്ണൂർക്കാരൻ ആദ്യമായി ഇന്ത്യൻ കുപ്പായമണിഞ്ഞത്. നെഹ്റു കപ്പിലായിരുന്നു രാജ്യാന്തര അരങ്ങേറ്റം. 1993 ൽ ചെന്നൈയിലും 95 ൽ കൊൽക്കത്തയിലും നടന്ന നെഹ്റു കപ്പിൽ സത്യനായിരുന്നു ഇന്ത്യൻ നായകൻ. 1992 ൽ കോയമ്പത്തൂരിൽ കേരളം രണ്ടാംതവണ ദേശീയ ഫുട്ബോൾ ചാമ്പ്യന്മാർക്കുള്ള സന്തോഷ് ട്രോഫി ജയിച്ചത് സത്യന്റെ നേതൃത്വത്തിലായിരുന്നു. 1990 ലും 91 ലും കേരള പൊലീസിന്റെ തുടർച്ചയായ ഫെഡറേഷൻ കപ്പ് വിജയത്തിൽ നിർണായക പങ്കുവഹിച്ച സത്യൻ 93 ൽ മോഹൻ ബഗാനിൽ ചേർന്നു. 1995 ൽ ചെന്നൈയിലെ ഇന്ത്യൻ ബാങ്കിൽ ചേർന്നു. കണ്ണൂർ ലക്കി സെന്റർ ക്ലബിലൂടെ ഫുട്ബോൾ ജീവിതം തുടങ്ങിയ സത്യൻ സ്വയം ജീവിതം ഒടുക്കുമ്പോൾ ഇന്ത്യൻ ബാങ്കിന്റെ ചെന്നൈ രാജാജി ശാഖയിൽ അസിസ്റ്റന്റ് മാനേജരായിരുന്നു.

# ജീവിതം തന്നെ...

ധരിച്ച വിജയന് പിന്നീട് ഒരു വർഷം പോലും തന്റെ പത്താം നമ്പർ ജേഴ്സി അഴിച്ചുവെക്കേണ്ടിവന്നില്ല. തുടർച്ചയായി 12 വർഷം ദേശീയ നിരയിൽ തിളങ്ങിയ വിജയൻ 95 ലെ സാർക്ക് കപ്പിൽ മാത്രമാണ് ടീമിലില്ലാതെ പോയത്. എന്നാൽ ആ ടൂർണമെന്റിൽ തന്നെ ഒഴിവാക്കിയ കോച്ചിനോടുള്ള ... റുസ്തം അക്രമോവിനുള്ള മറുപടിയായി വിജയൻ ടീമിൽ തിരിച്ചുവന്നു. വിജയന്റെ ബൂട്ടുകൾ ഗോൾവല കുലുക്കാത്ത ടൂർണമെന്റുകൾ വിരളമായി. 1993 ൽ ലാഹോറിൽ നടന്ന സാർക്ക് കപ്പിൽ കളിച്ച എല്ലാ മത്സരത്തിലും ഗോളടിച്ചു. 99 ലെ കാഠ്മണ്ഡു സാഫ് ഗെയിംസിൽ രണ്ട് ഹാട്രിക് ഉൾപ്പെടെ ഏഴ് ഗോളടിച്ച് വിജയൻ ടോപ്പ് സ്കോററായി. ഇതിൽ ചരിത്രത്തിൽ പതിഞ്ഞ 12 ാം സെക്കൻഡിലെ വിജയന്റെ അതിവേഗ ഗോളുമുണ്ടായിരുന്നു. കാഠ്മണ്ഡുവിൽ തന്നെ നടന്ന 1997 ലെ സാഫ് ഗെയിംസിലും വിജയൻ അര ഡസൻ തവണ വലകുലുക്കി. രണ്ടായിരത്തിലെ ഏഷ്യാകപ്പ് യോഗ്യതാ മത്സരത്തിലും മൂന്ന് ഗോളുകൾ വലയിലാക്കി. 1998 ൽ ബാങ്കോക്കിൽ നടന്ന ഏഷ്യൻ ഗെയിംസിലും രണ്ടായിരത്തിലെ ഏഷ്യാകപ്പ് യോഗ്യതാ മത്സരത്തിലും വിജയൻ ദേശീയ ടീമിന്റെ നായകനായിരുന്നു. 2001 ൽ പ്രീ ലോകകപ്പ് ടീമിലും കളിച്ചു. ബൈച്ചിങ് ബൂട്ടിയയുടെ നേതൃത്വത്തിൽ ഇംഗ്ലണ്ടിൽ പര്യടനം നടത്തിയ ടീമിൽ ഉപനായകനായിരുന്നു.

തൃശൂരിലെ സ്റ്റേഡിയത്തിൽ കടല വിറ്റു നടന്നിരുന്ന പയ്യൻ ഇടവേളകളിൽ പന്തുതട്ടുന്നതിലെ സാമർഥ്യം കണ്ടെത്താൻ കേരളവർമ കോളേജിലെ കായികാധ്യാപകനായ രാധാകൃഷ്ണനുണ്ടായിരുന്നു. അന്ന് എട്ടാം ക്ലാസിലായിരുന്ന അവൻ പഠിത്തത്തിൽ മോശമായിരുന്നെങ്കിലും കാൽപ്പന്തുകളിയുടെ വ്യാകരണമപ്പാടെ കാലിൽ കൊണ്ടുനടന്നിരുന്നു. എട്ടിൽ വെച്ച് അവൻ പഠിപ്പുനിർത്തി. പിന്നെ അവനെ ഏറ്റെടുക്കാൻ കേരളാ പൊലീസ് ടീമുണ്ടായിരുന്നു. അന്നത്തെ ഡി.ജി.പി എം.കെ. ജോസഫ് ഉൾപ്പെടെയുള്ളവരുടെ പ്രോത്സാഹനത്തിൽ അവൻ തന്നെ തളച്ചിട്ട ദാരിദ്ര്യം മറന്നു. അവന്റെ കാലുകൾക്ക് വേഗവും താളവും പകർന്ന് മികച്ച കാൽപ്പന്തുകളിക്കാരനാക്കി പരിപോഷിപ്പിക്കാൻ പരിശീലകരുടെ നീണ്ട നിരതന്നെയുണ്ടായിരുന്നു. അവന് താങ്ങും തണലുമായി നിൽക്കാൻ വി.പി. സത്യനെന്ന കേരളാ പൊലീസിന്റെ സമർഥനായ കളിക്കാരനുണ്ടായിരുന്നു.



കളിക്കളത്തിൽ വി.പി. സത്യനുപകരം മറ്റൊരാളില്ല. മുൻ ദേശീയ കോച്ച് പി.കെ. ബാനർജി പറഞ്ഞത് സത്യനെപ്പോലെ പൂർണതയാർജിച്ച കളിക്കാരനെ കിട്ടാൻ ഇന്ത്യ ഇനിയുമേറെ കാത്തിരിക്കണമെന്നാണ്. മൈതാനത്തിലും പുറത്തും അസാമാന്യ വ്യക്തിത്വത്തിനുടമയായ സത്യൻ കേരളം ഇന്ത്യൻ ഫുട്ബോളിന് നൽകിയ ഏറ്റവും വലിയ സംഭാവനയാണ്. എന്നിട്ടും ഈ കളിക്കാരന് അർഹിക്കുന്ന ആദരവ് നൽകാൻ നാടിന് കഴിഞ്ഞിട്ടില്ല. സ്പോർട്സ് കൗൺസിൽ ജീവനക്കാരിയായ അനിതയാണ് ഭാര്യ. മകൾ ആതിര.

സത്യനെപ്പോലെ മനസ്സ് എന്ന മഹാപ്രഹേളികയെ നിലയ്ക്കു നിർത്താനാവാതെ വലഞ്ഞ് ഒടുവിൽ സ്വയം മരണത്തിന്റെ വഴി തിരഞ്ഞെടുത്തവർ ഏറെയുണ്ട് ഫുട്ബോൾ ചരിത്രത്തിൽ എന്നു വിസ്മരിക്കാനാവില്ലല്ലോ. ആത്മസംഘർഷങ്ങളുടെയും ധർമസങ്കടങ്ങളുടെയും മുമ്പിൽ പിടിച്ചുനിൽക്കാൻ കഴിയാതെ സ്വയം ചുവപ്പുകാർഡ് കാട്ടി ഭാര്യയെയും മകളെയും തനിച്ചാക്കി സത്യൻ ജീവിതത്തിന്റെ കളമൊഴിഞ്ഞത് വിധിയുടെ യാദൃച്ഛികതയാവാം. ■

# മധ്യദൂരത്തിലെ ചക്രവർത്തിനി

## ഷൈനി വിത്സൺ അത്‌ലറ്റിക്സ്



ഇന്ത്യയുടെ എക്കാലത്തെയും മികച്ച മധ്യദൂര ഓട്ടക്കാരി. നേട്ടങ്ങളുടെ കാര്യത്തിൽ പി.ടി. ഉഷയ്ക്കു മാത്രം പിന്നിലാണ് ഷൈനി. ഏഷ്യൻ ഗെയിംസിൽ സ്വർണം സ്വന്തമാക്കാൻ സാധിച്ചില്ലെന്നു മാത്രം. 1986 ലെ സോൾ ഏഷ്യൻ ഗെയിംസിൽ 800 മീറ്ററിൽ ഒന്നാമതെത്തിയെങ്കിലും ട്രാക്ക് തെറ്റിയതിന്റെ പേരിൽ അയോഗ്യയാക്കപ്പെട്ടു. പക്ഷേ 16 വർഷം നീണ്ട കായികസപര്യയിൽ 75 രാജ്യാന്തര മത്സരങ്ങളിൽ 67 മെഡലുകളുമായാണ് ഷൈനി 1998 ൽ 33ാം വയസ്സിൽ വിടവാങ്ങിയത്.

പിന്നിട്ട വഴികളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഷൈനിക്ക് മനസ്സിന്റെ ചെപ്പിൽ സൂക്ഷിച്ചുവെച്ചിട്ടുള്ള സന്തോഷങ്ങൾക്കൊപ്പം സ്വകാര്യ ദുഃഖങ്ങളുമുണ്ട്. സോളിൽ തൊട്ടടുത്ത എതിരാളിയെ 20 മീറ്റർ പിന്നിലാക്കിക്കൊണ്ടായിരുന്നു താൻ സ്വർണമെഡൽ കിട്ടാത്ത ഒന്നാം സ്ഥാനക്കാരിയായതെന്ന കാര്യം ഷൈനി നിരാശയോടെ ഓർക്കുന്നു. 1984 ലെ ലോസ് ഏഞ്ചൽസ് ഒളിംപിക്സിൽ 800 മീറ്റർ മത്സരിച്ച് സെമി ഫൈനലിൽ കടന്ന ആദ്യ ഇന്ത്യൻ വനിതയെന്ന ബഹുമതി നേടിയെങ്കിലും തന്റെ ഏറ്റവും ധന്യമായ നിമിഷമായി ഷൈനി കാണുന്നത്, 1995 ൽ ചെന്നൈയിലെ സാഫ് ഗെയിംസിൽ 800 മീറ്ററിൽ രണ്ട് മിനിട്ടിൽ താഴെ ഓടിയെത്തിയ പ്രകടനത്തെയാണ്. അന്ന് ഷൈനി കുറിച്ച സമയം 1:59:85

തൊടുപുഴ കുരിശിങ്കൽ എബ്രഹാമിന്റെയും മറിയാമ്മയുടെയും പുത്രി ശ്രദ്ധിക്കപ്പെട്ടത് 1980 ലെ ദേശീയ സ്കൂൾ മത്സരത്തിൽ 400, 800 മീറ്ററുകളിൽ റെക്കോർഡോടെ സ്വർണം നേടിയപ്പോഴാണ്. അടുത്ത വർഷം ബംഗളുരിൽ ദേശീയ മത്സരത്തിൽ സീനിയർ വിഭാഗം 800 മീറ്റർ റെക്കോർഡോടെ സ്വർണം നേടുകയുണ്ടായി. കോട്ടയം മെഡിക്കൽ കോളേജ് ഹൈസ്കൂളിലെ സ്പോർട്സ് ഡിവിഷൻ, തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂൾ, പാല അൽഫോൺസ കോളേജ് എന്നിവിടങ്ങളായിരുന്നു

>>>

സത്യൻ ക്യാപ്റ്റനായപ്പോൾ വിജയനായിരുന്നു ദേശീയ ടീമിന്റെ വൈസ് ക്യാപ്ടൻ. സത്യൻ പരിശീലകനായപ്പോഴും വിജയൻ ആ ടീമിലുണ്ടായിരുന്നു.

ഒരു സുപ്രഭാതത്തിൽ സമ്പൂർണ ഫുട്ബോളറായി അവതാരമെടുത്തയാളല്ല വിജയൻ. വിജയനെന്ന ഫുട്ബോളറുടെ വളർച്ചയുടെ നാൾവഴി തിരഞ്ഞുപോകേണ്ടത് തൃശൂരിലേക്കാണ്. ഇന്ത്യൻ ഫുട്ബോളിന്റെ നേഴ്സറികളിലൊന്നായ തൃശൂരിൽ അക്ഷരാർഥത്തിൽ കുപ്പയിൽ നിന്ന് കാലം കണ്ടെടുത്ത മാണിക്യമാണ് അയ്നിവളപ്പിൽ മണി വിജയൻ എന്ന ഐ.എം. വിജയൻ.

വിജന്റെ പങ്കാളികളും ഭാഗ്യജോഡികളുമായി ഒരുകാലത്ത് തിളങ്ങിയവർ ആറെല്ലാമായിരുന്നു. വിജയൻ പ്രൊഫഷണൽ ഫുട്ബോളിലേക്ക് കടന്നശേഷം നാല് മുന്നേറ്റ സഖ്യങ്ങൾ ഇന്ത്യൻ ഫുട്ബോളിൽ ശ്രദ്ധേയമായി. 1991 ൽ ചീമ ഒകേരി - വിജയൻ (മോഹൻ ബഗാൻ), 1993-94 വിജയൻ-ജോപോൾ അഞ്ചേരി (മോഹൻബഗാൻ), 1995 ൽ വിജയൻ-ജോപോൾ (ജെസിടി), 1996 ൽ വിജയൻ-ബൂട്ടിയ (ജെസിടി), 1997 ൽ വിജയൻ-രാമൻ വിജയൻ (എഫ്.സി. കൊച്ചിൻ). വിജയനോടുള്ള ആരാധന മൂത്താണ് രാമൻ വിജയൻ എഫ്.സി. കൊച്ചിനിലെത്തിയതു തന്നെ.

വിജയന്റെ ഏറ്റവും നല്ലഗോൾ ഏതായിരിക്കാം. മറക്കാനാവാത്ത ഗോളുകളുടെ ശേഖരത്തിൽ ഫുട്ബോൾ പ്രേമികളും വിജയനും പവിഴമുത്തുപോലെ സൂക്ഷിക്കുന്ന ഗോൾ 1993 ലെ ഐ.എഫ്.എ ഷീൽഡ് സെന്റിനറി ടൂർണമെന്റിന്റെ സെമി ഫൈനലിൽ മോഹൻ ബഗാനുവേണ്ടി മുഹമ്മദൻ സ്പോർട്ടിങ്ങിന്റെ നെറ്റിലെത്തിച്ചതായിരുന്നു. വിങ്ങിൽ നിന്ന് മൂളിപ്പാഞ്ഞ് വന്ന ക്രോസ്. മധ്യരേഖയിൽ നിന്നു കുതിച്ചുവന്ന വിജയൻ പന്ത് നിലംതൊടുംമുമ്പ് ഒരു ബാക്ക് വോളിയിലൂടെ കവാടത്തിലേക്ക് തിരിച്ചുവിടുന്നു. ഒരു നിമിഷാർധനേരം വായുവിൽ തലകീഴായി തൂങ്ങിക്കിടക്കുന്ന വിജയന്റെ ചിത്രം സ്റ്റേഡിയത്തിൽ സൂചികുത്താനിടമില്ലാത്ത വിധം നിറഞ്ഞുകവിഞ്ഞ ജനക്കൂട്ടം ഇന്നും മറന്നുകാണില്ല.

ഇതൊക്കെയാണെങ്കിലും വിജയനോട് ഇന്ത്യൻ ഫുട്ബോളിലെ മേലാളന്മാർ നീതി പുലർത്തിയെന്നു പറഞ്ഞുകൂട. ഇന്ത്യൻ ഫുട്ബോൾ കണ്ട എക്കാലത്തെയും വലിയ കളിക്കാരിലൊരാളെന്ന് ആരും തലകുലുക്കി സമ്മതിക്കുമ്പോഴും വിജയന് അർഹിക്കുന്ന ആദരം നാം നൽകിയിട്ടുണ്ടോ യെന്ന ചോദ്യം അവശേഷിക്കുന്നു. പക്ഷേ നന്ദികേടിന്റെ കഥകളോർത്ത് വിജയൻ വ്യാകുലപ്പെടുന്നില്ല. അതാണ് വിജയൻ എന്ന വ്യക്തി, കളിക്കാരൻ.

ഫുട്ബോളിൽ നിന്ന് വിരമിച്ച് ഭാര്യ രാജിയോടും മൂന്നു മക്കളോടുമൊത്ത് തൃശൂരിൽ താമസിക്കുന്ന വിജയൻ പൊലീസിൽ തിരിച്ചെത്തി പൊലീസ് ടീമിനുവേണ്ടി ബൂട്ടണിഞ്ഞു. തുടർന്ന് പരിശീലകനുമായി. കൊൽക്കത്തയിൽ സതേൺ സമിതി ടീമിനെയും കുറഞ്ഞൊരുകാലം വിജയൻ പരിശീലിപ്പിച്ചിട്ടുണ്ട്. വിജയന് ഇനി വലിയ ലക്ഷ്യങ്ങളുണ്ട്. നാളെയുടെ പ്രതിഭകളെ വാർത്തെടുക്കുകയെന്ന ഉത്തരവാദിത്വം ഏറ്റെടുത്തു കഴിഞ്ഞ വിജയൻ നല്ല ഫുട്ബോളറിൽ നിന്ന് നല്ല പരിശീലകനിലേക്ക് യാത്രതുടരുകയാണ്. ■

ഷൈനിയുടെ കളരികൾ. 1982 ൽ സോളിൽ നടന്ന ജൂനിയർ ഏഷ്യൻ അത്‌ലറ്റിക് മീറ്റായിരുന്നു ആദ്യ രാജ്യാന്തര മത്സരം. നാല് ഒളിംപിക്സിലും (1984 ലോസ് ഏഞ്ചൽസ്, 1988 സോൾ, 1992 ബാഴ്സലോണ, 1996 അറ്റ്‌ലാന്റ) മൂന്ന് ഏഷ്യൻ ഗെയിംസിലും (1982 ഡൽഹി, 1986 സോൾ, 1994 ഹിരോഷിമ) ഇന്ത്യൻ കളറണിഞ്ഞു. ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ് മീറ്റിൽ ഇന്ത്യയെ ഏഴുതവണയാണ്. ഷൈനി പ്രതിനിധീകരിച്ചത്. 1987 റോം, 1993 സ്റ്റ്യൂട്ട്ഗാർട്ട് ലോക ചാമ്പ്യൻഷിപ്പുകളിലും കാൻബറ, ബാഴ്സലോണ, ഹവാന, ലണ്ടൻ എന്നീ നാല് ലോകകപ്പ് മീറ്റുകളിലും തുടർച്ചയായി പങ്കെടുത്തു. സാഫ് ഗെയിംസിൽ ഏഴുതവണ പങ്കെടുത്ത ഷൈനി 18 സ്വർണമടക്കം 20 മെഡൽ നേടുകയും ചെയ്തു.

ട്രാക്കുകളിൽ നിന്ന് ട്രാക്കുകളിലേക്കുള്ള പ്രയാണത്തിനിടയിലാണ് ഷൈനി എബ്രഹാം ഷൈനി വിൽസണായത്. 1982 ൽ പാട്യാലയിൽ എൻ.ഐ.എസ്. ക്യാമ്പിൽ നിന്നാരംഭിച്ച പ്രണയത്തിന് 1988 ൽ സാഫല്യം. നീന്തൽ താരം വിൽസൺ ചെറിയാൻ ഷൈനിയുടെ ജീവിതത്തിലേക്ക് കടന്നുവന്നതോടെ ആ താരങ്ങളുടെ കായികസപര്യയ്ക്ക് തിളക്കം കൂടുകയായിരുന്നു. 1984 ൽ ക്ലാർക്കായി എഫ്.സി.ഐയിൽ ചേർന്ന ഷൈനി ഇപ്പോൾ ചെന്നൈയിൽ സോണൽ ഓഫീസ് ജനറൽ മാനേജർ (പി.ആർ.) ആണ്.

സോൾ ഏഷ്യൻ ഗെയിംസിൽ ഷൈനിക്കേറ്റ തിരിച്ചടി ഇന്ത്യയെ മുഴുവൻ ഞെട്ടിച്ചു. രണ്ട് വർഷം കഴിഞ്ഞ് സോളിൽത്തന്നെ നടന്ന ഒളിംപിക്സിനുശേഷം ഡൽഹി എ.ടി.എഫ്. മീറ്റിൽ 800 മീറ്ററടക്കം രണ്ടു സ്വർണം നേടി ഷൈനി ഉജ്ജ്വലമായ തിരിച്ചുവരവ് നടത്തി. 1990 ലെ ബെയ്ജിങ് ഏഷ്യൻ ഗെയിംസിനുശേഷം ശില്പമോളോടൊപ്പം ട്രാക്കിലെത്തിയപ്പോൾ നെറ്റിചുളിച്ചവർ പലരുമുണ്ടായിരുന്നു. എന്നാൽ വിമർശകരെയെല്ലാം അടിച്ചിരുത്തിക്കൊണ്ട് 91 ലെ കാലാലംപൂർ എ.ടി.എഫ് മീറ്റിൽ മൂന്ന് സ്വർണം നേടി. ധാക്കയിലെ സാഫ് ഗെയിംസിൽ അഞ്ച് സ്വർണം വാരി ചരിത്രം സൃഷ്ടിച്ച ഷൈനിക്ക് തുടർന്നുവന്ന കൊളംബൊ സാഫ് ഗെയിംസിൽ റിലേയ്ക്ക് സ്വർണം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. പിന്നീട് ബാഴ്സലോണ ഒളിംപിക്സും കഴിഞ്ഞ് 1994 ലെ ഹിരോഷിമ ഏഷ്യൻ ഗെയിംസിൽ നിന്ന് ഓരോ വെള്ളി, വെങ്കല മെഡലുമായി തിരിച്ചുവന്നപ്പോൾ ഷൈനി വിൽസൺ രാജ്യത്തെ ഏറ്റവും മികച്ച മധ്യദൂര ഓട്ടക്കാരിയെന്ന പദവിയിൽ അനിഷേധ്യയായിക്കഴിഞ്ഞിരുന്നു. 1983 ൽ അർജുന അവാർഡും 1993 ൽ മികച്ച കായികതാരത്തിനുള്ള രാജീവ് ഗാന്ധി അവാർഡും (ഖേൽരത്ന) 1998 ൽ പത്മശ്രീയും ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ മധ്യദൂര ഓട്ടത്തിലെ ചക്രവർത്തിനിയെ തേടിയെത്തിയിട്ടുണ്ട്. ■

# ഒരേയൊരു ലോകചാമ്പ്യൻ


## അഞ്ജു ബോബി ജോർജ് ലോംഗ്ജമ്പ്




പി.ടി. ഉഷയ്ക്കും ഷൈനി വിൽസണും ശേഷം ഇന്ത്യയുടെ ഏറ്റവും മികച്ച വനിതാ അത്‌ലറ്റ് ആരെന്നു ചോദ്യത്തിന് മറുപടി പറയാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ല. ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ത്രിവർണ പതാക പറത്താൻ കഴിഞ്ഞ ഒരേയൊരു താരമായ അഞ്ജു ബോബി ജോർജ് തന്നെ. 2003 ൽ പാരീസിൽ നടന്ന ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 6.70 മീറ്റർ ചാടി വെങ്കലത്തിലെത്തിയപ്പോൾ അത് ഇന്ത്യയിൽ നിന്ന് മുമ്പൊരിക്കലും ഒരു താരത്തിനും കൈവരിക്കാനാവാത്ത ബഹുമതിയായി ചരിത്രത്തിൽ പതിഞ്ഞു. പാരീസിൽ അഞ്ജു നേടിയ വെങ്കലമുദ്രയ്ക്ക് സ്വർണത്തേക്കാൾ തിളക്കമുണ്ട്. അതേ വർഷം സ്റ്റോക്ഹോമിൽ നടന്ന സൂപ്പർ ഗ്രാൻഫ്രീ മീറ്റിൽ 6.49 മീറ്റർ ചാടി അഞ്ജു വെള്ളിയും കരസ്ഥമാക്കി.

# മോസ്കോയെ മോഹിപ്പിച്ച മലയാളി

## പപ്പൻ (ടി.സി. ജോസഫ്) വോളിബോൾ



ഏതാണ്ട് അരനൂറ്റാണ്ടാവാൻ പോകുന്നു. മുൻ സോവിയറ്റ് യൂണിയനിൽ പര്യടനം നടത്തുകയായിരുന്ന ഇന്ത്യൻ വോളിബോൾ ടീമിലെ ഒരു കളിക്കാരൻ സ്മാഷ് ചെയ്ത പന്ത് നിലത്തുനിന്ന് കുതിച്ചുയർന്നുവന്ന് സ്റ്റേഡിയത്തിന്റെ മേൽക്കൂരയിൽത്തട്ടി. അസാധാരണമായ ആ പ്രകടനം കണ്ട് കാണികൾ ഒന്നടങ്കം തരിച്ചു. പിന്നീടങ്ങോട്ട് സോവിയറ്റ് കളിക്കാരുടെ ലക്ഷ്യം മേൽക്കൂരയായിരുന്നു. ആ സ്പൈക്കർ ജീവിതത്തോട് വിടപറഞ്ഞിട്ട് കാൽ നൂറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇന്ത്യൻ വോളിബോളിൽ ഇന്നും ആവേശമായി നിറയുന്ന ടി.സി. ജോസഫ് എന്ന ഫാക്ട് പപ്പന്റെ അപാരമായ ആ സ്മാഷ് കീഴടക്കാൻ പോന്നവർ പിന്നീടുണ്ടായിട്ടില്ല. ഇന്ത്യൻ വോളിബോളിന് നിരവധി



ചങ്ങനാശ്ശേരി മല്ലപ്പള്ളി കയ്യോലത്ത് കുടുംബത്തിൽ കൊച്ചുപറമ്പിൽ മാർക്കോസിന്റെയും ഗ്രേസിയുടെയും മകളായ അഞ്ജു ബോബി ജോർജ് (അഞ്ജു കെ. മാർക്കോസ്) ഹൈസ്കൂൾ വിദ്യാർഥിനിയായിക്കെ സ്കൂൾ അത്‌ലറ്റിക്സിന്റെ നേഴ്സറിയായിരുന്ന കോരുത്തോട് സി.കെ.എം. എച്ച്.എസ്സിലെ കായികാധ്യാപകനായ കെ.പി. തോമസ് മാസ്റ്ററുടെ കീഴിലാണ് പരിശീലനം നടത്തിയത്. എന്നാൽ ബിരുദപഠനത്തിനായി തൃശൂർ വിമല കോളേജിൽ ചേർന്നപ്പോൾ ഇ.ജെ. ജോർജിന്റെയും തുടർന്ന് ഇന്ത്യ കണ്ട ഏറ്റവും മികച്ച ജംപിങ് കോച്ച് ടി.പി. ഔസേഫിന്റെയും വിദഗ്ധ നിരീക്ഷണത്തിൽ ഓട്ടത്തിലും ചാട്ടത്തിലും മികവുറ്റ താരമായി അഞ്ജു ഉയരങ്ങൾ കണ്ടെത്തി. ഒന്നാം വർഷം ഡിഗ്രി വിദ്യാർഥിനിയായിരിക്കെ യൂണിവേഴ്സിറ്റി മീറ്റിൽ ഏഴ് ഇനങ്ങളിൽ വിജയിച്ച് അത്ഭുതം സൃഷ്ടിച്ചു. ആ വർഷം അഖിലേന്ത്യാ വാഴ്സിറ്റി മീറ്റിൽ ലോങ് ജംപിലും ഹെപ്റ്റാത്‌ലണിലും വെള്ളി മെഡലുകൾ. 1995 ൽ തൃശൂരിൽ നടന്ന പ്രഥമ കോളേജ് ഗെയിംസിൽ ആറ് സ്വർണവുമായി വ്യക്തിഗത ചാമ്പ്യനായി. അഞ്ചടി ഒൻപത് ഇഞ്ച് ഉയരക്കാരിയായ അഞ്ജു പിന്നീട് ലോങ് ജംപിലും ട്രിപ്പിൾ ജമ്പിലും മാത്രം ശ്രദ്ധയൂന്നി.

1996 ൽ പൂണെയിൽ നടന്ന ഫെഡറേഷൻ കപ്പ് അത്‌ലറ്റിക്സിൽ ജൂനിയർ വിഭാഗത്തിൽ ദേശീയ റെക്കോർഡ് സൃഷ്ടിച്ചു. ടി.പി. ഔസേഫിന്റെ പരിശീലനത്തിൽ ജൂനിയർ ഇൻഡോർ മീറ്റിലും ഓപ്പൺ നാഷണൽസിലും മെഡൽ നേടി. 1997 ലെ ഫെഡറേഷൻ കപ്പിൽ ലോങ് ജംപിൽ സ്വർണമണിഞ്ഞ അഞ്ജു ബംഗളുരിൽ നടന്ന ദേശീയ ചാമ്പ്യൻഷിപ്പിൽ ട്രിപ്പിൾ ജംപിൽ 13.13 മീറ്റർ ചാടിദേശീയ റെക്കോർഡ് പുതുക്കി. ദേശീയ ക്യാംപിൽ വെച്ച് ജിമ്മി ജോർജിന്റെ ഇളയ സഹോദരനും പ്രസിദ്ധ കായികതാരവുമായ റോബർട്ട് ബോബി ജോർജുമായി പരിചയത്തിലാവുകയും 2004 ഏപ്രിലിൽ വിവാഹിതരാവുകയും ചെയ്തു. പാരീസിലെ ലോക ചാമ്പ്യൻഷിപ്പിലെ മെഡലിനെത്തുടർന്ന് അഞ്ജുവിന്റെ നേട്ടങ്ങളിലെ പങ്കാളിക്കുള്ള അംഗീകാരമായി റോബർട്ട് ബോബിക്ക് 2003ൽ ദ്രോണാചാര്യ അവാർഡും സമ്മാനിച്ചു. 2004 ലെ ആതൻസ് ഒളിംപിക്സിൽ ലോങ്ജംപിൽ 6.83 മീറ്ററോടെ അഞ്ജു ആറാം സ്ഥാനത്തെത്തി. അഞ്ജുവിന്റെ മികച്ച പ്രകടനവും ഇതാണ്. ആ വർഷം ജപ്പാൻ ഗ്രാൻപ്രീയിൽ നാലാം സ്ഥാനം, ദോഹയിൽ ഖത്തർ അത്‌ലറ്റിക് ഗ്രാൻപ്രീയിൽ സ്വർണം, യുഗേൻ പെർഷോന്റയ്ൻ ക്ലാസിക്കിൽ വെങ്കലം, മാഡ്രിഡ് മീറ്റിൽ വെള്ളി, മൊണൊക്കൊ ലോക അത്‌ലറ്റിക് ഫൈനലിൽ നാലാം സ്ഥാനം. അങ്ങനെ അഞ്ജുവിന് നേട്ടങ്ങളുടെ വർഷമായിരുന്നു 2004.

2002 ലെ കോമൺവെൽത്ത് ഗെയിംസിൽ ലോങ് ജംപിൽ 6.48 മീറ്റർ ചാടി വെങ്കലത്തിലെത്തിയ അഞ്ജു കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ വനിതാ അത്‌ലറ്റായി മാറി. മാത്രമല്ല 24 വർഷത്തിനുശേഷം അത്‌ലറ്റിക്സിൽ ഇന്ത്യയ്ക്ക് ആദ്യ മെഡൽ കിട്ടുകയും ചെയ്തു. അതേവർഷം ബുസാനിൽ നടന്ന ഏഷ്യൻ ഗെയിംസിൽ 6.53 മീറ്ററോടെ സ്വർണം നേടിക്കൊണ്ട് ഏഷ്യൻ ഗെയിംസ് ലോങ്ജംപിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യക്കാരിയെന്ന ബഹുമതിയും അഞ്ജുവിനൊപ്പമെത്തി.

2005 ൽ മോണ്ടികാർലോയിൽ നടന്ന ലോക അത്‌ലറ്റിക്സ് ഫൈനലിൽ റഷ്യയിലെ തത്യാന കോട്ടോവയാണ് സ്വർണം നേടിയത്. അഞ്ജുവിന് രണ്ടാം സ്ഥാനമായിരുന്നു. എന്നാൽ ഒൻപതു വർഷത്തിനുശേഷം മരുന്നടിച്ചതിന്റെ പേരിൽ റഷ്യക്കാരിയെ അയോഗ്യയാക്കുകയും സ്വർണമെഡൽ അഞ്ജുവിന് നൽകുകയും ചെയ്തു. അങ്ങനെ ലോക അത്‌ലറ്റിക്സ് ഫൈനലിൽ ഇന്ത്യയുടെ ഒരേയൊരു ലോകചാമ്പ്യനെന്ന ബഹുമതിയും അഞ്ജുവിന്റെ പേരിനൊപ്പമായി. ■

സുവർണ നിമിഷങ്ങൾ സമ്മാനിച്ച പപ്പൻ ഒരു ജ്വലിക്കുന്ന ഓർമയാണ്. അദ്ദേഹത്തിന്റെ കളികാണിച്ചുതരാൻ വീഡിയോ ചിത്രങ്ങളില്ല. എങ്കിലും നമുക്ക് നിസംശയം പറയാം ഇന്ത്യ കണ്ട ഏറ്റവും മികച്ച വോളിബോൾ കളിക്കാരനാണ് പപ്പനെന്ന്.

നിലത്തു മുട്ടിയശേഷം ഇൻഡോർ സ്റ്റേഡിയത്തിന്റെ മേൽക്കൂരയിൽ സ്പർശിച്ചു താഴെയെത്തിയ പപ്പന്റെ കൂറ്റനടികൾ കണ്ട് റഷ്യക്കാർ വാപൊളിച്ചപ്പോൾ അവരുടെ പ്രമുഖ ദേശീയ പത്രമായ 'പ്രവ്ദ'യുടെ ഒന്നാം പേജിൽ ഈ താരത്തെക്കുറിച്ച് വാർത്ത പ്രത്യക്ഷപ്പെട്ടു. അക്കാലത്ത് ലോകത്തെ മികച്ച ആറ് കളിക്കാരിലൊരാളായി ഗണിക്കപ്പെട്ടിരുന്ന പപ്പൻ 'പവർ സ്പൈക്കർ ഓഫ് ഏഷ്യ' എന്ന വിശേഷണത്തിനുടമയായി. 'അവൻ സോവിയറ്റ് യൂണിയനിലായിരുന്നെങ്കിൽ...' എന്ന് പപ്പനെ കണ്ട് യു.എസ്.എസ്.ആർ കോച്ച് മോഹിച്ചത് വെറുതെയായിരുന്നില്ല.

കുനമ്മാവിൽ നിന്ന് ക്രെംലിൻ വരെ നീണ്ട ജൈത്രയാത്രയാണ് പപ്പന്റേത്. കുനമ്മാവ് സെന്റ് ഫിലോമിനാസ് സ്കൂളിൽ പഠിക്കുമ്പോഴാണ് പപ്പൻ വോളിബോൾ താരമാകുന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസ കാലത്താണ് വോളിബോളിൽ തനിക്കുള്ള കരുത്ത് പപ്പൻ തെളിയിക്കുന്നത്. പുത്തൻപള്ളി യങ് സ്റ്റേഴ്സ് ക്ലബ്ബിനു വേണ്ടി കളിച്ചുകൊണ്ടാണ് ആദ്യമായി പ്രകാശധാരയിൽ എത്തുന്നത്. പിന്നീടുള്ള ചരിത്രം വോളിബോളിൽ തനിക്കുള്ള സ്ഥാനം വിളംബരം ചെയ്തുകൊണ്ടുള്ളതായിരുന്നു. 1958-59 ൽ സ്കൂൾ വിദ്യാർഥിയായിരിക്കെ സംസ്ഥാന സീനിയർ ടീമിൽ സ്ഥാനംനേടി. കേവലം രണ്ടു വർഷം കൊണ്ട് ഇന്ത്യൻ ടീമിൽ സ്ഥാനമുറപ്പിച്ച പപ്പൻ താൻ കിടയറ്റ സ്പൈക്കറാണെന്ന് അപ്പോഴേക്കും തെളിയിച്ചുകഴിഞ്ഞിരുന്നു.1962 ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിലാണ് പപ്പനിലെ കളിക്കാരന്റെ പ്രതിഭയ്ക്ക് ദേശാന്തരീയമാനം കിട്ടുന്നത്. കൊറിയക്കാരുടെ സംയുക്ത ടീമിനെ സെമിയിൽ തോൽപ്പിച്ച് ഫൈനലിൽ കടന്ന ഇന്ത്യയ്ക്ക് ജപ്പാനെതിരെ വെള്ളി മെഡൽ കൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. എന്നാൽ ആ നേട്ടം പപ്പന്റെ മികവുറ്റ പ്രകടനത്തിന്റെ ബലത്തിലായിരുന്നു. 1963 ൽ ദൽഹിയിൽ നടന്ന പ്രീ ഒളിംപിക്സ് മത്സരത്തിൽ പങ്കെടുത്ത പപ്പന്റെ കായികജീവിതത്തിലെ തിളക്കമാർന്ന ഏടുകളായിരുന്നു അടുത്ത മൂന്നു വർഷങ്ങൾ. 1964 ൽ മോസ്കോയിൽ നടന്ന ലോകചാമ്പ്യൻഷിപ്പിൽ പപ്പന്റെ വിശ്വരൂപം ലോകം ഒരിക്കൽക്കൂടി കണ്ടു. 1966 ലെ ബാങ്കോക്ക് ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് സെമിയിലെത്താൻ കഴിഞ്ഞില്ലെങ്കിലും പപ്പൻ വൻകരയിലെ ഏറ്റവും ശക്തനായ സ്മാഷറായി തെരഞ്ഞെടുക്കപ്പെട്ടു. വേഗമേറിയ നീക്കം, പന്ത് കൈമാറ്റത്തിലെ ചന്തം, ഷോട്ടുകളിലെ അപാരമായ കരുത്ത്, അതുപോലെ പപ്പന്റെ ഷോട്ട് ലിഫ്റ്റ് ഇവയെല്ലാം വോളിബോൾ പ്രേമികളുടെ രോമാഞ്ചമായിരുന്നു. തേങ്ങാപ്പുരയ്ക്കൽ ദേവസി ജോസഫ് എന്ന പപ്പൻ വോളിബോളിന് ഇന്ത്യയ്ക്കകത്തും പുറത്തും മേൽവിലാസമുണ്ടാക്കിത്തന്ന ഇതിഹാസമാണ്.

കളിക്കളംവിട്ട പപ്പൻ ഫാക്ട് സ്പോർട്സ് വിഭാഗത്തിൽ ജോലിയിലിരിക്കെ 1991 ജൂലൈ 25 ന് 52 ാമത്തെ വയസ്സിൽ ലോകത്തോട് യാത്രപറയുകയായിരുന്നു. ഭാര്യ പുഷ്പ. മക്കൾ ബിന്ദുവും ഫെബിയും. ■

# എന്നും റാക്കറ്റ് നെഞ്ചോടു ചേർത്ത്

## ജോർജ് തോമസ് ബാഡ്മിന്റൺ

1998 ൽ ക്വാലാലംപൂരിൽ കോമൺ വെൽത്ത് ഗെയിംസിൽ ബാഡ്മിന്റൺ വെള്ളി നേടിയ ഇന്ത്യൻ ടീമിലെ അംഗം. 1991 ൽ ഫ്രാൻസിലെ തോലോ ഓപ്പൺ ബാഡ്മിന്റണിൽ സിംഗിൾസ്, ഡബിൾസ് കിരീടങ്ങൾ. 1991 ലെ ലോക ചാമ്പ്യൻഷിപ്പിലും 1994 ലെ തോമസ് കപ്പിലും ഇന്ത്യയുടെ നായകൻ. 1998ലെ കൊളംബോ ഏഷ്യൻ സാറ്റലൈറ്റ് ടൂർണമെന്റിൽ വെള്ളി മെഡൽ. 1993 ലെ തോലോ ഓപ്പൺ ബാഡ്മിന്റൺ മാസ്റ്റേഴ്സ് ടൂർണമെന്റിൽ 35 വയസ്സുകാരുടെ വിഭാഗത്തിൽ സിംഗിൾസിലും ഡബിൾസിലും സ്വർണമെഡൽ. 1991 ൽ ദേശീയ ചാമ്പ്യൻ. 1993 ൽ ദേശീയ ഡബിൾസ് ചാമ്പ്യൻ. 1980 മുതൽ 2006 വരെ ദേശീയ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ചു. 1979 മുതൽ 2004 വരെ സംസ്ഥാന ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ മൊത്തം 22 കിരീടങ്ങൾ. കാലിക്കറ്റ് യൂണിവേഴ്സിറ്റിയെ ആറുതവണ പ്രതിനിധീകരിച്ച് മൂന്നുവട്ടം അഖിലേന്ത്യാ കിരീടം. 2006 ൽ മാഡ്രിഡിൽ നടന്ന ലോക ചാമ്പ്യൻഷിപ്പിന് ടീമിനെ ഒരുക്കിയ ദേശീയ കോച്ച്.

ഇത് ചെങ്ങന്നൂർ കല്ലിശ്ശേരി താഴത്തേതിൽ തോമസിന്റെ പുത്രൻ ജോർജ് തോമസ്. കേരളത്തിൽ ബാഡ്മിന്റണിന് ഒരു നവഭാവുകത്വപരിണാമമേകിയ നിരവധി നേട്ടങ്ങളുടെ സൂക്ഷിപ്പുകാരനായ ജോർജ് തോമസ് ഇപ്പോഴും കളിയെ നെഞ്ചോട് ചേർത്തുപിടിക്കുന്നു. അത് ചില പ്പോൾ പരിശീലകന്റെയും സംഘാടകന്റെയുമൊക്കെ റോളിലാകും. കൊച്ചി അമ്പലമുകളിലെ ഭാരത് പെട്രോളിയം കോർപ



റേഷനിൽ പ്രോജക്ട് സീനിയർ മാനേജരായ ഈ 48 കാരൻ 1998 മുതൽ 2000 വരെ ലോക ചാമ്പ്യൻഷിപ്പും തോമസ് കപ്പും കോമൺവെൽത്ത് ഗെയിംസും ഏഷ്യൻ ടൂർണമെന്റുകളുമുൾപ്പെടെ 45 ലേറെ വേദികളിൽ ഇന്ത്യക്കായി റാക്കറ്റേന്തിയിട്ടുണ്ട്.

ജ്യേഷ്ഠൻ സുരേഷിനെ പിന്തുടർന്ന് വീട്ടിൽ കോർട്ടിലെത്തിയ ജോർജ് 1980 ൽ സംസ്ഥാന സബ്ജൂനിയർ ചാമ്പ്യനായി. 1983 ലും 84 ലും ജൂനിയർ ചാമ്പ്യനായി. 1983 ൽ കൃഷ്ണകുമാറുമൊത്ത് ദേശീയ ജൂനിയർ ഡബിൾസ് ടൂർണമെന്റിൽ ജയിച്ചു. 1984 ൽ സംസ്ഥാന സീനിയർ ചാമ്പ്യനായ ജോർജ് 1988 വരെ കിരീടം കാത്തു.

100 മീറ്ററിൽ 12 സെക്കൻഡിൽ താഴെ ഓടുമായിരുന്ന ജോർജ് ബാഡ്മിന്റണിലേക്ക് ആകർഷിക്കപ്പെട്ടത് തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂളിലെ പഠനകാലത്താണ്. പരിശീലകരായ ബാലഗോപാലൻതമ്പിയുടെയും ശിവരാമകൃഷ്ണന്റെയും കീഴിൽ തേച്ചുമിനുക്കപ്പെട്ട കഴിവുകളുമായാണ് ജോർജ് ജി.വി.രാജ വിട്ടത്. അന്നവിടെ സഹപാഠിയായി ഇപ്പോൾ സൈന നെഹ്‌വാളിന്റെ പരിശീലകൻകൂടിയായ മുൻ രാജ്യാന്തര താരം വിമൽ കുമാറുണ്ടായിരുന്നു. തുടർന്ന് തൃശൂരിൽ എൻജിനീയറിങ് കോളേജിൽ പഠനത്തിനെത്തിയപ്പോൾ തന്റെ ബാഡ്മിന്റൺ സപര്യ മുന്നോട്ടുകൊണ്ടുപോകാൻവേണ്ട സാഹചര്യമുണ്ടായിരുന്നില്ലെങ്കിലും ജോർജ് എല്ലാ പരിമിതികളെയും മറികടന്നുകൊണ്ട് റാക്കറ്റിനെ മുറുകെപ്പിടിച്ചു. പതിനൊന്നു വർഷക്കാലം സംസ്ഥാനത്തെ ഒന്നാം നമ്പർ താരമായി. അന്തർദേശീയതലത്തിലും സജീവസാന്നിധ്യമായി. കൊച്ചിയിലെ റീജിയണൽ സ്പോർട്സ് സെന്ററിന്റെ സെക്രട്ടറിയും ബാഡ്മിന്റൺ കോച്ചുമായിരുന്ന ജോർജ് പുതിയ തലമുറയിലെ കളിക്കാരെ കണ്ടെത്തുന്നതിനും വളർത്തിയെടുക്കുന്നതിനും വലിയ സംഭാവന നൽകിയിട്ടുണ്ട്.

1991 ൽ ബെസ്റ്റ് പ്ലെയർ ഓഫ് അവാർഡും ഫ്രാൻസിലെ തോലോ ഓപ്പണിലെ മികച്ച കളിക്കാരനുള്ള ഗോൾഡൻ ഷട്ടിലും 1985 ൽ ജിവി. രാജ അവാർഡും 1999 ൽ ജിമ്മി ജോർജ് അവാർഡും ലഭിച്ച ജോർജ് തോമസിനെ 2000 ൽ അർജുന അവാർഡും തേടിയെത്തി. ഭാര്യ പ്രീതയും ബാഡ്മിന്റൺ കളിക്കാരിയാണ്. മക്കളായ അരുണും കിരണും അച്ഛന്റെ പാത പിന്തുടർന്ന് ബാഡ്മിന്റണിലുണ്ട്. ■

# എടത്വയിലെ സുവർണമത്സ്യം

## സെബാസ്റ്റ്യൻ സേവ്യർ നീന്തൽ



പമ്പാനദി നീന്തിക്കടക്കാൻ കടത്തുവള്ളം കിട്ടാതെ നീന്തിത്തുടങ്ങിയ ആലപ്പുഴ എടത്വാ ചങ്ങംകരി മണലേൽ റിട്ടയേർഡ് അധ്യാപകൻ എം.ജെ. ശൗരിയുടെ പുത്രൻ ഇന്ത്യയുടെ എക്കാലത്തെയും മികച്ച നീന്തൽക്കാരനായില്ലെങ്കിലേ അത്ഭുതമുള്ളു. ദേശീയവും രാജ്യാന്തരവുമായ ഇരുന്നൂറോളം മെഡലുകളുടെ ഉടമയായ സെബാസ്റ്റ്യൻ നീന്തലിൽ ഒളിംപ്യനായ ആദ്യ മലയാളിയുമാണ്. 39 രാജ്യാന്തര സ്വർണമെഡലുകളാണ് സെബാസ്റ്റ്യന്റെ പേരിലുള്ളത്. ഇതിൽ 20 എണ്ണവും സാഫ്ഗെയിംസിലേതാണ്. പതിനേഴാം വസ്സിൽ നീന്തൽക്കുളത്തിലെ സുവർണമത്സ്യമായി അറിയപ്പെട്ടുതുടങ്ങിയതു മുതൽ ഈ എടത്വാക്കാരൻ രാജ്യാന്തര ശ്രദ്ധപിടിച്ചുപറ്റുകയും ചെയ്തു. എങ്കിലും ഏറെ അവഗണനക്കും കാത്തിരിപ്പിനും ശേഷം 2000 ലാണ് ഇന്ത്യയുടെ ഏറ്റവും മികച്ച ഈ നീന്തൽക്കാരന് അർജുന അവാർഡ് നൽകിയതെന്നും ഓർക്കുക.

എടത്വയിലെ കുട്ടികൾ നടക്കുന്നതിനുമുമ്പേ നീന്തുമെന്നാണ് പറയുന്നത്. സെബാസ്റ്റ്യനും വ്യത്യസ്തനായിരുന്നില്ല. ഓർമവെച്ച നാൾമുതൽ വീടിന് മുന്നിലൂടെ ഒഴുകുന്ന പമ്പയാറും ഓളങ്ങളും നീന്തലും സെബാസ്റ്റ്യനോടൊ

# കേരളത്തിന്റെ ഏക ഒളിംപിക് ജേതാവ്

## മാനുവൽ ഫ്രെഡറിക്സ് ഹോക്കി



കണ്ണൂർ ബർണാശ്ശേരിയിലെ വാവൂർ സോളമന്റെ മകൻ മാനുവൽ ഫ്രെഡറിക്സിനെ ഇന്ന് എത്രപേർ ഓർക്കുന്നു; അല്ലെങ്കിൽ അറിയുന്നു. ഒളിംപിക്സിൽ മെഡൽ നേടിയ ഏക മലയാളി ആരെന്നു ചോദിച്ചാലും ഉത്തരം കിട്ടിയെന്നു വരില്ല. എന്നാൽ ആ ചോദ്യത്തിനുള്ള ഒരേയോരു ഉത്തരമാണ് ഈ പേര് - മാനുവൽ ഫ്രെഡറിക്. 1972 ലെ മ്യൂണിക് ഒളിംപിക്സിൽ വെങ്കലമെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിന്റെ ഗോൾ കീപ്പറായിരുന്നു ഈ കണ്ണൂർക്കാരൻ. തൊട്ടടുത്ത വർഷം ആംസ്റ്റർഡാമിൽ നടന്ന ലോകകപ്പിൽ വെള്ളിമെഡൽ നേടിയ ഇന്ത്യൻ ടീമിന്റെ ഗോൾവലയം കാത്തതും മാനുവൽ തന്നെ.

ഒരിക്കൽ ഇന്ത്യ കണ്ട ശക്തനായ ഈ ഗോൾകീപ്പർ ജീവിതവുമായുള്ള കളിയിൽ തോറ്റ നിസ്സഹായനായ മനുഷ്യനാണ്. സൈന്യത്തിൽ നിന്ന് വിരമിച്ചശേഷം തുച്ഛമായ പെൻഷനുമായി ബംഗളുരിലെ ലാൽബഹദൂർ ശാസ്ത്രി നഗറിലെ വാടകവീട്ടിൽ താമസം. ഒളിംപിക് മെഡൽ മാറിലണിഞ്ഞ ഈ ഏക മലയാളിക്ക് ജന്മനാട്ടിലും ഒരു തുണ്ട് ഭൂമിയില്ല. ഭാര്യ ശീതളും മക്കളായ ഫ്രഷീനയും ഷെനിലയും ഉൾപ്പെടുന്ന കുടുംബം പോറ്റാൻ ഈ ഒളിംപ്യൻ ബംഗളുരിലെ സ്കൂൾ കുട്ടികൾക്ക് ഹോക്കി പരിശീലനം നൽകുന്നു.

ഇസ്രയേലി അത്‌ലറ്റുകളെ വധിച്ചുകൊണ്ട് ബ്ലാക് സെപ്റ്റംബർ ഭീകരർ ചോര ചീന്തിയ മ്യൂണിക് ഒളിംപിക്സിൽ ഹോളണ്ടിനെ 2-1 ന് തോല്പിച്ചുകൊണ്ടായിരുന്നു ഇന്ത്യ വെങ്കലം നേടിയത്. “നമുക്ക് വെങ്കലം നേടാനേ കഴിഞ്ഞുള്ളുവെങ്കിലും സ്വർണം നേടാൻ കഴിവുള്ള കരുത്തുറ്റ ടീമായിരുന്നു”വെന്ന് 2014 ൽ ജന്മനാടായ കണ്ണൂരിലെത്തിയപ്പോൾ മാനുവൽ പറയുകയുണ്ടായി. അശോക് കുമാർ, അജിത്പാൽ സിങ്, എം.പി. ഗണേഷ്, കുൻവന്ത്സിങ് എന്നീ പ്രമുഖ താരങ്ങളടങ്ങിയതായിരുന്നു ഇന്ത്യയുടെ അന്നത്തെ ഹോക്കി ടീം. ബ്രിട്ടണെ 5-0 നും ഓസ്ട്രേലിയയെ 3-1 നും ആയിരുന്നു മ്യൂണിക്കിൽ ഇന്ത്യ തോല്പിച്ചത്.

ഹോക്കിക്ക് വളക്കൂറുള്ള കണ്ണൂരിലെ ബർണാശ്ശേരിയിൽ 1948 ഒക്ടോബർ 20 നാണ് മാനുവൽ ജനിച്ചത്. പിതാവായ ബി.ജെ. സോളമൻ മദിരാശി എൻജിനീയറിങ് ഗ്രൂപ്പിലെ അറിയപ്പെടുന്ന ബോക്സറായിരുന്നു. പിതാവിന്റെ കാല്പാടുകൾ പിന്തുടർന്ന മൂത്ത സഹോദരൻ ബി.ജെ. സ്റ്റീഫൻ എ.എസ്.സിയെയും സർവീസസിനെയും ബോക്സിങ്ങിൽ പ്രതിനിധീകരിക്കുകയുണ്ടായി. ഫുട്ബോൾ താരമായ മറ്റൊരു സഹോദരൻ പാട്രിക് സർവീസസിന്റെ കുപ്പായം അണിഞ്ഞു. എന്നാൽ ചെറുപ്പംമുതലേ ഹോക്കിയായിരുന്നു മാനുവലിന്റെ ഇഷ്ടവിനോദം. സ്കൂളിൽ നിന്നുകിട്ടിയ ഹോക്കി കമ്പം ബോയ്സ് ബറ്റാലിയനിൽ ചേർന്നതോടുകൂടി വികസിപ്പിച്ചെടുക്കാനുള്ള അവസരം കൈവന്നു. മാനുവലിൽ ഒളിഞ്ഞുകിടപ്പുണ്ടായിരുന്ന ഗോൾ കീപ്പറെ തേച്ചുമിനുക്കിയെടുക്കാൻ സഹായിച്ചതും ആദ്യകാലത്തെ പരിശീലകനായ നായിക് പൂവയ്യയാണ്.

ബംഗളുരിലെ എ.എസ്.സി. സെൻട്രൽ സൗത്തിലേക്കുള്ള മാറ്റം മാനുവലിന്റെ ഹോക്കി ജീവിതത്തിലെ വഴിത്തിരിവായി. എ.എസ്.സി. സെൻട്രൽ സൗത്തിനുവേണ്ടി പ്രമുഖ ടൂർണമെന്റുകകളിൽ ഗോൾവല കാത്തു. നെഹ്റു മെമ്മോറിയൽ, ആഗാഖാൻ കപ്പ് എന്നീ ടൂർണമെന്റുകളിൽ കിടയറ്റ പ്രകടനം കാഴ്ചവെച്ച മാനുവൽ അന്താരാഷ്ട്ര മത്സരത്തിൽ അരങ്ങേറിയത് 1970 ലായിരുന്നു. മീററ്റ് ഇലവനും കെനിയയും തമ്മിലായിരുന്നു ആ മത്സരം.

1972 ജലന്തറിൽ നടന്ന ദേശീയ ഹോക്കി ചാമ്പ്യൻഷിപ്പിലെ മികച്ച പ്രകടനമാണ് മാനുവലിന് ദേശീയ ടീമിന്റെ വാതിൽ തുറന്നുകൊടുത്തത്. 1979 ൽ എ.എസ്.സിയിൽ നിന്ന് വിരമിച്ചെങ്കിലും ഈ ഒളിംപിക്സ് മെഡൽ ജേതാവിന് എവിടെനിന്നും ആനുകൂല്യമോ പ്രോത്സാഹനമോ ലഭിച്ചില്ല. ■

പ്പമുണ്ട്. എടത്വ സ്കൂളിലെ മലയാളം അധ്യാപകൻ സേവ്യറിന്റെ 11 മക്കളിൽ പത്താമന് നന്നേ ചെറുപ്പത്തിലേ പമ്പയാറിലെ ഓളപ്പരപ്പിൽ മണിക്കൂറുകളോളം കഴിയാൻ ഏറെ ഇഷ്ടമായിരുന്നു. ഹൈസ്കൂളിലെത്തിയപ്പോഴേക്കും അറിയപ്പെടുന്ന നീന്തൽത്താരമായി മാറിക്കഴിഞ്ഞ സെബാസ്റ്റ്യൻ 1989 ലെ സീനിയർ നാഷണലിൽ നേടിയ അഞ്ച് സ്വർണത്തോടെ പിന്നീട് തിരിഞ്ഞുനോക്കിയിട്ടേയില്ല.

കൊളംബോയിലും ഇസ്ലാമാബാദിലും മദിരാശിയിലുമെല്ലാം നടന്ന സാഫ്ഗെയിംസിൽ സ്വർണമെഡലുകൾ വാരിക്കൂട്ടിയ സെബാസ്റ്റ്യന് പൂണെ ദേശീയ ഗെയിംസിൽ ഏഴ് സ്വർണവും ബംഗളുരിൽ അഞ്ചും 1999ൽ മണിപ്പൂരിൽ 30 ാം വയസ്സിൽ ഏഴ് സ്വർണവും ഒരു വെള്ളിയും കരസ്ഥമാക്കിക്കൊണ്ട് ഒരു കാലഘട്ടം മുഴുവൻ ഓളപ്പരപ്പിൽ ആധിപത്യത്തിന്റെ നിലയ്ക്കാത്ത തരംഗമുണർത്തി.

നിശ്ചയദാർഢ്യവും സമർപ്പണവും ഒത്തുചേർന്ന സെബാസ്റ്റ്യനെ കീഴ്പ്പെടുത്താൻ ആർക്കുമാവില്ല. 1989 ഫെബ്രുവരിയിൽ ടെഹ്റാനിൽ നടന്ന ഏഷ്യൻ ജൂനിയർ മീറ്റിലെ 50 മീറ്റർ ഫ്രീ സ്റ്റൈൽ സ്വർണമാണ് സെബാസ്റ്റ്യനെ ശ്രദ്ധേയനാക്കിയത്. 89 ൽ തിരുവനന്തപുരത്ത് നടന്ന ദേശീയ നീന്തലിൽ ജോസഫ് ചാവറയെ അട്ടിമറിച്ച് സ്വർണം നേടിയ സെബാസ്റ്റ്യൻ 1994 ലെ ഗോവ നാഷണൽസിൽ എട്ട് സ്വർണം നീന്തിയെടുത്തു. 1997 ൽ തിരുവനന്തപുരത്ത് നടന്ന ദേശീയ നീന്തലിൽ റിലേയിലടക്കം അഞ്ച് സ്വർണവും ഒരു വെള്ളിയും നേടി വ്യക്തിഗത ചാമ്പ്യൻഷിപ്പ് പൊലീസിന്റെ കൈലാസനാഥനുമായി പങ്കിട്ടു. 1999 ൽ മുംബൈയിൽ നടന്ന ദേശീയ ചാമ്പ്യൻഷിപ്പിൽ 22.89 സെക്കൻഡിൽ 40 മീറ്റർ ഫ്രീസ്റ്റൈൽ ജയിച്ച് തുടരെ 11 ാം തവണയും രാജ്യത്തെ വേഗമേറിയ താരമായി. 1988 മുതൽ 2000 വരെ നീന്തൽക്കുളം കുത്തകയാക്കി ജൈത്രയാത്ര നടത്തിയ സെബാസ്റ്റ്യൻ സേവ്യർ 2003 സെപ്റ്റംബറിൽ കൊൽക്കത്തയിൽ ബില്ലെഗാദ നീന്തൽക്കുളത്തിൽ റിലേയിൽ വെള്ളിമെഡലോടെ ഹംസഗാനം ചൊല്ലി.

ഫ്രീസ്റ്റൈൽ നീന്തലിലെ അനിഷേധ്യചാമ്പ്യനായ സെബാസ്റ്റ്യൻ സേവ്യർ ഇപ്പോൾ ചെന്നൈയിൽ സതേൺ റെയിൽവേയിലെ ഉദ്യോഗസ്ഥനാണ്. നീന്തലിൽ വേഗത്തിന്റെ രാജാവിനെ നിർണയിക്കുന്ന 50 മീറ്റർ ഫ്രീസ്റ്റൈലിൽ സെബാസ്റ്റ്യന്റെ മികച്ച സമയം 22.89 സെക്കൻഡ്. 100 മീറ്റർ ഫ്രീസ്റ്റൈലിൽ 0:53.65 സെക്കൻഡ്. 1997 ൽ സെബാസ്റ്റ്യന് ജിമ്മി ജോർജ് അവാർഡ് ലഭിച്ചു. ഏറെ വൈകിപ്പോയ അർജുന അവാർഡ് 2000 ലാണ് കിട്ടിയത്. മുൻ രാജ്യാന്തര അത്‌ലറ്റ് മോളി ചാക്കോയാണ് ഭാര്യ. മക്കൾ എലിസബത്ത്, മാർക്. ■

# അത്‌ലറ്റിക്സിലെ ഇന്ത്യൻ റെക്കോർഡുകൾ



## പുരുഷന്മാർ

| ഇനം | റെക്കോർഡ് | അത്‌ലറ്റ് | വർഷം | മത്സരം | സ്ഥലം |
|---|---|---|---|---|---|
| 100 മീറ്റർ | 10.30 | അനിൽകുമാർ പ്രകാശ് | 2005 | നാഷണൽ ക്രിട്ടിക് | ഇന്ത്യ |
| | 10.30 | അബ്ദുൾ നജീബ് ഖുറേഷി | 2010 | കോമൺവെൽത്ത് ഗെയിംസ് | ഇന്ത്യ |
| | 10.21 | അനിൽകുമാർ പ്രകാശ് | 2000 | | ഇന്ത്യ |
| 200 മീറ്റർ | 20.73 | അനിൽകുമാർ പ്രകാശ് | 2000 | | ഇന്ത്യ |
| 400 മീറ്റർ | 45.48 | കെ.എം. ബിനു | 2004 | ഒളിംപിക് ഗെയിംസ് | ഗ്രീസ് |
| 800 മീറ്റർ | 1:45.77 | ശ്രീറാം സിങ് | 1976 | ഒളിംപിക് ഗെയിംസ് | കാനഡ |
| 1500 മീറ്റർ | 3:38.00 | ബഹദൂർ പ്രസാദ് | 1995 | | ഇന്ത്യ |
| 3000 മീറ്റർ | 7:50.31 | സുരേന്ദ്ര സിങ് | 2008 | | യു.കെ. |
| 5000 മീറ്റർ | 13:29.70 | ബഹദൂർ പ്രസാദ് | 1992 | | യു.കെ. |
| 10000 മീറ്റർ | 28:02.89 | സുരേന്ദ്ര സിങ് | 2008 | | സ്പെയിൻ |
| 110 മീറ്റർ ഹർഡിൽസ് | 13.65 | സിദ്ധാർഥ് തിങ്കാലയ | 2012 | ബൽഗയിൻ ചാമ്പ്യൻഷിപ്പ് | ബൽജിയം |
| 400 മീറ്റർ ഹർഡിൽസ് | 49.51 | ജോസഫ് ജി. അബ്രഹാം | 2007 | വേൾഡ് ചാമ്പ്യൻഷിപ്പ് | ജപ്പാൻ |
| 3000 മീറ്റർ .... | 8:30.88 | ഗോപാൽ സയ്നി | 1981 | ഏഷ്യൻ ചാമ്പ്യൻഷിപ്പ് | ജപ്പാൻ |
| ഹൈ ജംപ് | 2.25 | ഹരിശങ്കർ റോയ് | 2004 | | സിങ്കപ്പൂർ |
| പോൾ വയലറ്റ് | 5.13 | കെ.പി. ബിമിൻ | 2012 | 78ാം റെയിൽവേ ചാമ്പ്യൻഷിപ്പ് | ജബൽപ്പൂർ, ഇന്ത്യ |
| ലോങ് ജംപ് | 8.09 | കുമാരവേൽ പ്രേം കുമാർ | 2013 | 79ാം റെയിൽവേ ചാമ്പ്യൻഷിപ്പ് | ഡൽഹി, ഇന്ത്യ |
| ട്രിപ്പിൾ ജംപ് | 17.17 | അർപിന്തർ സിങ് | 2014 | നാഷണൽ ഇന്റർ സ്റ്റേറ്റ് ചാമ്പ്യൻഷിപ്പ് | ലക്നൗ, ഇന്ത്യ |
| ഷോട്ട് പുട്ട് | 20.69 | ഓംപ്രകാശ് കരാന | 2012 | സു-ഡി-ക കബ് | ഹഗ്രി |
| ഡിസ്കസ്ത്രോ | 66.28 | വികാസ് ഗൗഡ | 2012 | ഓൾഡ് സ്റ്റൈൽ ഡിസ്കസ് ചലഞ്ച് | യുണൈറ്റഡ് സ്റ്റേറ്റ്സ് |
| ഹാർമർ ത്രോ | 70.16 | രാകേഷ് കുമാർ യാദവ് | 2003 | | ബംഗളൂരു, ഇന്ത്യ |
| ജാവലിൻ ത്രോ | 80.72 | അനിൽ കുമാർ സിങ് | 2008 | | ഭോപ്പാൽ, ഇന്ത്യ |
| 2000 മീറ്റർ നടത്തം ട്രാക്ക് | 1:20.22.52 | ഗുർമീറ്റ് സിങ് | 2012 | 77 ാം റെയിൽവേ ചാമ്പ്യൻഷിപ്പ് | ഭുവനേശ്വർ, ഇന്ത്യ |
| 20 കി.മീ. നടത്തം റോഡ് | 1:20:21 | ഇർഫാൻ കോലോത്തുംതോടി | 2012 | ഒളിംപിക് ഗെയിംസ് | ലണ്ടൻ, ബ്രിട്ടൺ |
| 30 കി.മീ. നടത്തം റോഡ് | 2:19:09 | സുരിന്ദർ സിങ് | 2014 | ഐഎഎഫ് വേൾഡ് റേസ് വോക്കിങ് കപ്പ് | ചൈന |
| 35 കി.മീ. നടത്തം റോഡ് | 2:43:20 | സന്ദീപ് കുമാർ | 2014 | ഐഎഎഫ് വേൾഡ് റേസ് വോക്കിങ് കപ്പ് | ചൈന |
| 40 കി.മീ. നടത്തം റോഡ് | 3:07:08 | സന്ദീപ് കുമാർ | 2014 | ഐഎഎഫ് വേൾഡ് റേസ് വോക്കിങ് കപ്പ് | ചൈന |
| 45 കി.മീ. നടത്തം റോഡ് | 3:31:37 | സന്ദീപ് കുമാർ | 2014 | ഐഎഎഫ് വേൾഡ് റേസ് വോക്കിങ് കപ്പ് | ചൈന |
| 50 കി.മീ. നടത്തം റോഡ് | 3:56:22 | സന്ദീപ് കുമാർ | 2014 | ഐഎഎഫ് വേൾഡ് റേസ് വോക്കിങ് കപ്പ് | ചൈന |
| 4x100 മീറ്റർ റിലെ | 38.89 | റഹ്മത്തുള്ള മൊള്ള, സുരേഷ് സത്യ ഷമീർ മോൻ, എ. ഖുറേഷി | 2010 | കോൺവെൽത്ത് ഗെയിംസ് | ഡൽഹി, ഇന്ത്യ |
| 4x100 മീറ്റർ റിലെ | 3:02.62 | ലിജോ ഡേവിഡ്, രാമചന്ദ്രൻ, ജത ശങ്കർ, പ്രേംജിത് സിങ് | 1998 | ഏഷ്യൻ ഗെയിംസ് | ബാങ്കോക്ക്, തായ്‌ലന്റ് |



## സ്ത്രീകൾ

| ഇനം | റെക്കോർഡ് | അത്‌ലറ്റ് | വർഷം | മത്സരം | സ്ഥലം |
|---|---|---|---|---|---|
| 100 മീറ്റർ | 11.35 | മെർളിൻ കെ. ജോസഫ് | 2013 | നാഷണൽ ഓപ്പൺ ചാമ്പ്യൻഷിപ്പ് | റാഞ്ചി, ഇന്ത്യ |
| | 11.26 | രചിത മിസ്ട്രി | 2000 | | ബംഗളൂരു, ഇന്ത്യ |
| 200 മീറ്റർ | 22.82 | സരസ്വതി സാഹ | 2002 | നാഷണൽ അത്‌ലറ്റിക് മീറ്റ് | ലുധിയാന, ഇന്ത്യ |
| 400 മീറ്റർ | 51.05 | മഞ്ജിത് കൗർ | 2004 | | ചെന്നൈ, ഇന്ത്യ |
| 800 മീറ്റർ | 1:59.17 | ടിന്റു ലൂക്ക | 2010 | കോണ്ടിനന്റൽ കപ്പ് | സ്ലിറ്റ്, കൊറേഷ്യ |
| 1500 മീറ്റർ | 4:06.03 | സുനിത റാണി | 2002 | ഏഷ്യൻ ഗെയിംസ് | സൗത്ത് കൊറിയ |
| 5000 മീറ്റർ | 9:06.42 | മോളി ചാക്കോ | 1994 | ഏഷ്യൻ ഗെയിംസ് | ജപ്പാൻ |
| 10000 മീറ്റർ | 31:50.47 | പ്രീജ ശ്രീധരൻ | 2010 | ഏഷ്യൻ ഗെയിംസ് | ചൈന |
| 100 മീറ്റർ ഹർഡിൽസ് | 13.38<br>13.38 | അനുരാധ ബിസ്വാൾ | 2002<br>2002 | | ഡെൽഹി, ഇന്ത്യ |
| 400 മീറ്റർ ഹർഡിൽസ് | 55.42 | പി.ടി. ഉഷ | 1984 | ഒളിംപിക് ഗെയിംസ് | യുണൈറ്റഡ് സ്റ്റേറ്റ് |
| 3000 മീറ്റർ | 9:35.37 | ലളിത ബബർ | 2014 | ഏഷ്യൻ ഗെയിംസ് | സൗത്ത് കൊറിയ |
| ഹൈജംപ് | 1.92 | സഹാന കുമാരി | 2012 | നാഷണൽ ഇന്റർസ്റ്റേറ്റ് ചാമ്പ്യൻഷിപ്പ് | ഹൈദ്രബാദ്, ഇന്ത്യ |
| പോൾ വ | 4.15 | വി.എസ്. സുരേഖ | 2014 | നാഷണൽ ഓപ്പൺ | ഡൽഹി, ഇന്ത്യ |
| | | | | ചാമ്പ്യൻഷിപ്പ് | |
| ലോങ് ജംപ് | 6.83 | അഞ്ജു ബോബി ജോർജ് | 2004 | ഒളിംപിക് ഗെയിംസ് | ഏതൻസ്, ഗ്രീസ് |
| ട്രിപ്പിൾ ജംപ് | 14.11 | മയൂഖ ജോണി | 2011 | ഏഷ്യൻ ചാമ്പ്യൻഷിപ്പ് | ജപ്പാൻ |
| ഷോട്ട് പുട്ട് | 17.46 | ഹർബൻസ് കൗർ | 1997 | | കൊൽക്കത്ത, ഇന്ത്യ |
| | 17.43 | | 1997 | | മുംബൈ, ഇന്ത്യ |
| ഡിസ്കസ് | 64.48 | സീമ അന്റിൽ | 2004 | | ഉക്രൈൻ |
| ത്രോ | 46.76 | കൃഷ്ണ പൂനിയ | 2012 | | യുണൈറ്റഡ് സ്റ്റേറ്റ്സ് |
| ഹാമർ ത്രോ | 62.74 | മഞ്ജു ബാല | 2014 | നാഷണൽ ഇന്റർ സ്റ്റേറ്റ് ചാമ്പ്യൻഷിപ്പ് | ലഖ്നൗ, ഇന്ത്യ |
| ജാവലിൻ ത്രോ | 58.83 | അന്നു റാണി | 2014 | നാഷണൽ ഇന്റർ സ്റ്റേറ്റ് ചാമ്പ്യൻഷിപ്പ് | ലഖ്നൗ, ഇന്ത്യ |
| ഹെപ്താത്തലൺ | 6211 | ജാവൂർ, ജഗദീശപ്പ, ശോഭ | 2004 | | ഡൽഹി, ഇന്ത്യ |
| 10000 മീറ്റർ നടത്തം(ട്രാക്ക്) | 45:42.4 | ഗൗരവ് കുമാരി | 2014 | പൊലീസ് ചാമ്പ്യൻഷിപ്പ് | ഡൽഹി, ഇന്ത്യ |
| 10 കി.മീറ്റർ നടത്തം(റോട്) | 44.42 | കുശ്ബിർ കൗർ | 2014 | ഐഎഎഎഫ് വേൾഡ് വോക്കിങ് കപ്പ് | ചൈന |
| 15 കി.മീറ്റർ നടത്തം(റോട്) | 1:07:56 | കുശ്ബിർ കൗർ | 2014 | ഐഎഎഎഫ് വേൾഡ് വോക്കിങ് കപ്പ് | ചൈന |
| 2000 മീറ്റർ നടത്തം(ട്രാക്ക്) | 1:41:51.57 | എൽ. ദീപമാലദേവി | 2012 | 77ാം ഓൾ ഇന്ത്യ റെയിൽവെ ചാമ്പ്യൻഷിപ്പ് | .. ഇന്ത്യ |
| 20 കി.മീറ്റർ നടത്തം(റോട്) | 1:31:40 | കൗശ്ബിർ കൗർ | 2014 | ഐഎഎഎഫ് വേൾഡ് വോക്കിങ് കപ്പ് | ചൈന |
| 4x100 മീറ്റർ റിലെ | 44.43 | പി.ടി. ഉഷ, രചിത മിസ്ട്രി<br>ഇ.ബി. ഷൈല, സരസ്വതി ദേവി | 1998 | ഏഷ്യൻ ചാമ്പ്യൻഷിപ്പ് | ജപ്പാൻ |
| 4x100 മീറ്റർ റിലെ | 3:26.89 | ചിത്ര കെ. സോമൻ, രജവിന്ദർ കൗർ<br>കെ.എം. ബീനാമോൾ, മഞ്ജിത് കൗർ | 2004 | ഒളിംപക് ഗെയിംസ് | ഏതൻസ് ഗ്രീസ് |
| | | | | | |

■ പി.എസ്. പരമേശ്വരൻ




# കേരള ഫുട്ബോൾ ചരിത്ര വഴികളിലൂടെ

ഇന്ത്യൻ ഫുട്ബോളിന്റെ ജന്മസ്ഥലം എന്നറിയപ്പെടുന്ന നഗരമാണ് കൊൽക്കത്ത. സ്വാതന്ത്ര്യത്തിന് മുൻപും ശേഷവും സന്തോഷ് ട്രോഫി, ക്ലബ് ടൂർണമെന്റുകളിലുമൊക്കെ ബംഗാളികളുടെ ആധിപത്യം തന്നെയായിരുന്നു. പക്ഷെ 1973 ൽ കൊച്ചിയിൽ നടന്ന സന്തോഷ് ട്രോഫി മാറ്റത്തിന്റെ പുതിയ കാറ്റുവീശി. നിറഞ്ഞുകവിഞ്ഞ മഹാരാജാസ് സ്റ്റേഡിയത്തിൽ ഫൈനലിൽ ഏറ്റുമുട്ടിയത് പ്രബലരായ റെയിൽവേയും പിന്നെ തങ്ങളുടെ കന്നി കിരീടപോരാട്ടത്തിന് ഇറങ്ങിയ കേരളവും. മത്സരം ഒരു മണിക്കൂർ പിന്നിട്ടപ്പോൾ ഇരു ടീമുകളും രണ്ടു ഗോൾവീതം അടിച്ച് സമനിലയിൽ നിൽക്കുന്നു. ഒടുവിൽ 73 മിനിട്ടിൽ തന്റെ നേർക്കുവന്ന ഒരു ക്രോസ് ഹെഡ് ചെയ്ത് ലക്ഷ്യത്തിലേക്ക് പായിച്ച നായകൻ മണി എന്നറിയപ്പെടുന്ന ടി.കെ. സുബ്രഹ്മണ്യൻ കേരളത്തിന് ആദ്യ സന്തോഷ് ട്രോഫി നേടിക്കൊടുത്തു. ക്രിസ്തുമസ് ആഘോഷങ്ങൾ കഴിഞ്ഞ് പുതുവർഷത്തെ വരവേല്ക്കാൻ കാത്തുനിന്ന മലയാളികൾ നാലു ദിവസങ്ങൾക്ക് മുമ്പുതന്നെ ആഘോഷങ്ങൾതുടങ്ങി.

ഈ വിജയത്തിന് മുമ്പും കേരളം ചെറിയതോതിൽ എങ്കിലും ഇന്ത്യൻ ഫുട്ബോളിൽ ചലനങ്ങളുണ്ടാക്കിയിട്ടുണ്ട്. ദേശീയ ടീമിനെ പ്രതിനിധീകരിച്ചും കേരളത്തിന് പുറത്തുപോയി കളിച്ചും പ്രശസ്തി നേടിയ ഒരുപാട് താരങ്ങളുണ്ട്. ഇതിൽ എടുത്തുപറയേണ്ടത് മെൽബൺ ഒളിംപിക്സിൽ നാലാം സ്ഥാനം കരസ്ഥമാക്കിയ ഇന്ത്യൻ ടീമിൽ അംഗങ്ങളായ അബ്ദുൾ





അബ്ദുൾ റഹ്മാൻ (ഒളിംപ്യൻ റഹ്മാൻ)


ഒ. ചന്ദ്രശേഖരൻ

റഹ്മാനും (ഒളിംപ്യൻ റഹ്മാൻ) സി.സി. നാരായണനുമാണ്. പ്രതിരോധ നിരയിൽ ഒരു നിറസാന്നിധ്യമായിരുന്നു റഹ്മാൻ. നാരായണനാവട്ടെ നാലാം സ്ഥാനം നേടിയ മത്സരത്തിൽ ടീമിന്റെ ഗോൾ വലയം കാത്തു. കൊൽക്കത്തയിലെ വമ്പന്മാരായ മോഹൻ ബഗാനുവേണ്ടിയും ഒട്ടേറെക്കാലം റഹ്മാൻ ബൂട്ട് കെട്ടിയിട്ടുണ്ട്.

മറ്റൊരു ശ്രദ്ധേയനായ കളിക്കാരനാണ് ഒ. ചന്ദ്രശേഖരൻ. 1960 റോം ഒളിംപിക്സിലും രണ്ടു വർഷങ്ങൾക്കുശേഷം ജക്കാർത്തയിൽ നടന്ന ഏഷ്യൻ ഗെയിംസിൽ സ്വർണമെഡൽ നേടിയ ടീമിലെയും സ്ഥിരം സാന്നിധ്യമായിരുന്നു. റോമിൽ ഫ്രാൻസിനെതിരെ പി.കെ. ബാനർജി അടിച്ച ഗോളിന് വഴിയൊരുക്കിയത് ഈ മലയാളിയുടെ കാലുകളായിരുന്നു.

താരങ്ങളിൽ മാത്രമൊതുങ്ങുന്നില്ല ആ കാലഘട്ടത്തിലെ കേരളത്തിന്റെ ഫുട്ബോൾ പ്രതാപം. കോഴിക്കോട് സ്ഥിരമായി നടത്തിയിരുന്ന സേട്ട് നഗർജി ട്രോഫിയിൽ കണ്ണൂരിൽ നിന്നുള്ള ലക്കി സ്റ്റാർ, ജിംഘാന എന്നീ ക്ലബുകൾ മികച്ച പ്രകടനം കാഴ്ചവെച്ചു. 1967 ൽ കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന അലുമിനിയം ഇൻഡസ്ട്രീസിന്റെ ഫുട്ബോൾ ടീമായ അലിൻഡ് കുണ്ടറയാണ് ആദ്യമായി കപ്പ് നേടിയ കേരള ടീം. ആന്ധ്ര ഇലവനെ തോല്പിച്ചാണ് ഈ നേട്ടം കൈവരിച്ചത്.

എഴുപതുകൾ കേരള ഫുട്ബോളിനും അതിനെ തലോടി നില്ക്കുന്ന ആരാധകരും ഒരു സുവർണകാലമായിരുന്നു. സംസ്ഥാനമൊട്ടാകെ ടൂർണമെന്റുകൾ. കോട്ടയത്ത് മാമ്മൻ മാപ്പിള ട്രോഫി, തൃശൂരിൽ ചാക്കോളാസ് ഗോൾഡൻ ട്രോഫി, തിരുവനന്തപുരത്ത് ജി.വി. രാജാ ട്രോഫി. അതേസമയംതന്നെ കേരളത്തിലെ ക്ലബ്ബുകൾക്കുവേണ്ടി മാത്രം ഒരു സ്റ്റേറ്റ് ക്ലബ് ചാമ്പ്യൻഷിപ്പും തുടങ്ങി. സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളായ ടൈറ്റാനിയം, സെൻട്രൽ എക്സൈസ്, എഫ്.എ.സി.ടി., കെ.എസ്.ആർ.ടി.സി. എന്നിവയുടെ ഫുട്ബോൾ ടീമുകളെ മുൻനിരയിലേക്ക് കൊണ്ടുവരാൻ സാധിച്ചു. ഇതേസമയം ഇന്ത്യൻ ഫുട്ബോളിന്റെ വളർച്ച താഴേക്ക് പോയെങ്കിലും ദേശീയ ടീമിൽ കേരളത്തിൽനിന്ന് താരങ്ങളുണ്ടായിരുന്നു. സന്തോഷ് ട്രോഫി നേടിയ ടീമിൽ മിന്നുന്ന പ്രകടനങ്ങൾ നടത്തിയ സേതുമാധവൻ, വിക്ടർ മഞ്ഞില, സി.സി. ജേക്കബ് എന്നിവർ സ്ഥിരം അംഗങ്ങളായിരുന്നു.

കേരള ഫുട്ബോൾ ചരിത്രമെടുത്തു നോക്കിയാൽ കേരള പൊലീസ് ഫുട്ബോൾ ടീമിന്റെ സ്ഥാനം ഏറ്റവും മുൻപന്തിയിൽത്തന്നെ ആയിരിക്കും. എൺപതുക


വിക്ടർ മഞ്ഞില

ളുടെ അവസാനം സംസ്ഥാനത്ത് അങ്ങോളമിങ്ങോളം നടത്തിവന്നിരുന്ന അഖിലേന്ത്യാ ടൂർണമെന്റുകളുടെ പ്രതാപം പതുക്കെ അസ്തമിച്ചുകൊണ്ടിരുന്ന സമയം. സന്തോഷ് ട്രോഫിയിൽ നാലുതവണ അടുപ്പിച്ച് നമ്മൾ ഫൈനൽ തോൽക്കുന്നു. ഈ സമയത്താണ് കേരള പൊലീസ് ഫുട്ബോൾ ടീമിന്റെ വരവ്. ഒരു കൂട്ടം ചെറുപ്പക്കാരുമായി വന്ന ടീം രണ്ടു വർഷങ്ങളിൽ തുടർച്ചയായി എ.ഐ.എഫ്.എഫ്. (അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ) നടത്തിയിരുന്ന ഫെഡറേഷൻ കപ്പ് നേടി. അത് ഒരു പുതിയ തലമുറയ്ക്ക് കേരള ഫുട്ബോളിൽ ജന്മം നൽകി. ഐ.എം.വിജയൻ, ജോ പോൾ അഞ്ചേരി, സി.വി. പാപ്പച്ചൻ, വി.പി. സത്യൻ, അഷ്റഫ് അലി.

ഇവരുടെ കരുത്തിൽ കേരളം 19 വർഷത്തിന്റെ ഇടവേളയ്ക്കുശേഷം വീണ്ടും സന്തോഷ് ട്രോഫി നേടി. അന്ന് കേരളത്തിന്റെ കോച്ച് ആദ്യമായി കപ്പ് നേടിയപ്പോൾ ടീമിൽ പ്രധാന പങ്കുവഹിച്ചത് വിക്ടർ മഞ്ഞിലയായിരുന്നു. അടുത്ത വർഷം മഹാരാജാസ് സ്റ്റേഡിയത്തിൽവെച്ച് മഹാരാഷ്ട്രയെ തോല്പിച്ച് കിരീടം നിലനിർത്തിയപ്പോൾ ഏറ്റവും കൂടുതൽ സന്തോഷം കൊച്ചിയിലെ ഫുട്ബോൾ പ്രേമികൾക്കായിരുന്നു. കാരണം മത്സരശേഷം കേരളത്തിന്റെ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരൻ കളിക്കാരുടെ ആവേശം കണ്ട് ഒരു പുതിയ സ്റ്റേഡിയം ഉടനടി കൊണ്ടുവരുമെന്നു പ്രഖ്യാപിച്ചു. കേരള ബ്ലാസ്റ്റേഴ്സിന്റെ കളികാണാൻ 69000ൽ അധികം പേർ തിങ്ങിനിറഞ്ഞ ജവഹർലാൽ നെഹ്രുസ്റ്റേഡിയമാണ് അത്. 1997 ൽ ഘാന, ഇറാഖ്, ചൈന എന്നീ രാജ്യങ്ങൾ പങ്കെടുത്ത നെഹ്രു കപ്പ് നടന്നത് ഇതേ സ്റ്റേഡിയത്തിൽ വെച്ചുതന്നെയാണ്.



ഐ.എം. വിജയൻ

കേരള പൊലീസിന്റെ ആ തലമുറയിൽ ഏറ്റവും ശോഭിച്ചത് ഇന്ത്യൻ ഫുട്ബോളിലെ 'കറുത്ത മുത്ത്' എന്നറിയപ്പെടുന്ന ഐ.എം. വിജയനാണ്. പി.കെ ബാനർജിക്കും ചുന്നി ഗോസ്വാമിക്കും ശേഷം ഇന്ത്യകണ്ട ഏറ്റവും മികച്ച മുന്നേറ്റക്കാരനായി വിജയൻ മാറി. പന്തുമായി മുന്നേറി, പ്രതിരോധം കാത്തുസൂക്ഷിക്കുന്ന കളിക്കാരെ വെട്ടിച്ചും ദൂരെ നിന്ന് ബുള്ളറ്റ് മാതൃകയിലുള്ള ഷോട്ടുകൾ പായിച്ച് ഗോൾകീപ്പർമാരെ നിഷ്പ്രഭരാക്കിയും വിജയൻ ഫുട്ബോൾ കാണികൾക്ക് ഒരു വിസ്മയമായി മാറി. ഇന്ത്യൻ ടീമിനുവേണ്ടി തന്റെ അവസാന ടൂർണമെന്റ് കളിച്ചപ്പോഴും (ആഫ്രോ ഏഷ്യൻ ഗെയിംസ്) അതിലെ ടോപ് സ്കോററാവാൻ തൃശൂർക്കാരനായ താരത്തിന് കഴിഞ്ഞു.

യൂറോപ്യൻ നാടുകളിലെപോലെ സ്വന്തമായി ഒരു ഫുട്ബോൾ ലീഗ് എന്ന ആശയം ഇന്ത്യൻ ഫുട്ബോളിൽ ഉടലെടുക്കുന്നത് തൊണ്ണൂറുകളുടെ മധ്യത്തിലാണ്. കളിക്കാർക്ക് മെച്ചമായ സൗകര്യങ്ങൾ, മികച്ച വേതനം, വിദേശ മണ്ണിൽ നിന്ന് താരങ്ങളെക്കൊണ്ടുവന്നു നമ്മുടെ കളി മെച്ചപ്പെടുത്തുക എന്നിവയായിരുന്നു ലക്ഷ്യങ്ങൾ. സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ടീമുകളാണ് അന്ന് കേരളത്തിലുണ്ടായിരുന്നത്. ആ സമയത്താണ് കൊച്ചി ആസ്ഥാനമാക്കി ഒരു സ്വകാര്യ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ എഫ്.സി. കൊച്ചിൻ എന്ന പേരിൽ ഒരു ക്ലബ് രൂപീകരിക്കുന്നത്. ചെറിയ കളികളിൽത്തന്നെ ഒരുപാട് ശ്രദ്ധനേടാൻ അവർക്ക് സാധിച്ചു. വമ്പന്മാരായ മോഹൻബഗാനെ തോല്പിച്ചാണ് ലോകത്തിലെ ഏറ്റവും പഴക്കമേറിയ ഡൂറന്റ് കപ്പ് എഫ്.സി. കൊച്ചിൻ നേടിയത്. ആ വർഷം തന്നെ കേരള സ്റ്റേറ്റ് ക്ലബ് ചാമ്പ്യൻഷിപ്പും കരസ്ഥമാക്കി. നാഷണൽ ഫുട്ബോൾ ലീഗിന്റെ ഒരു സ്ഥിരം സാന്നിധ്യമായി മാറാനും കേരള ടീമിന് കഴിഞ്ഞു. ഇതിലും ഏറെ സവിശേഷമായ കാര്യം അന്നത്തെ ചട്ടങ്ങളും നിയമങ്ങളുമനുസരിച്ച് എഫ്.സി. കൊച്ചിനായിരുന്നു ഇന്ത്യയിലെ ആദ്യത്തെ പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്. കൊൽക്കത്തയിലും ഗോവയിലും ഒരുപാട് നേട്ടങ്ങൾ കൊയ്ത ടീമുകളുണ്ടായിരുന്നെങ്കിലും ആ നേട്ടം എഫ്.സി. കൊച്ചിനെ തേടിയെത്തി. അതുകൊണ്ടുതന്നെ കേരളത്തിന് പുറത്തും, വിദേശമണ്ണിൽ നിന്നും ഒരുപാട് താരങ്ങളെ ആകർഷിക്കാൻ അവർക്കായി.

ഒരുപക്ഷെ വിജയൻ, അഞ്ചേരി, പാപ്പച്ചൻ, സത്യൻ എന്നിവർക്കുശേഷം ഒരു പുതിയ തലമുറ കേരള ഫുട്ബോളിലുണ്ടാ



ജോ പോൾ അഞ്ചേരി



**സി.വി. പാപ്പച്ചൻ**

യത് എസ്.ബി.ടി. ശക്തമായപ്പോഴാണ്. എഫ്.സി. കൊച്ചിന്റെ ഒപ്പംതന്നെ അവർ നാഷണൽ ഫുട്ബോൾ ലീഗിൽ കളിച്ചിരുന്നു. മലയാളികൾ മാത്രമുള്ള ടീം കേരളത്തിൽ നടക്കുന്ന മിക്ക ടൂർണമെന്റുകളിലും തങ്ങളുടെ ആധിപത്യം പുലർത്തി. എഫ്.സി. കൊച്ചിൻ തകർന്നപ്പോഴും മലയാളി ഫുട്ബോൾ ആരാധകരുടെ ആവേശം ബാങ്ക് ടീമിലൂടെ നിലനിന്നു. ദേശീയ ടീമിലേക്ക് കടന്നുവന്ന മലയാളി താരങ്ങൾ മുഹമ്മദ് റാഫി, കൃഷ്ണൻ നായർ അജയൻ, എൻ.പി. പ്രദീപ് എന്നിവർ എസ്.ബി.ടിക്കുവേണ്ടി കളിച്ചവരായിരുന്നു. അതുപോലെതന്നെ എട്ടു വർഷത്തിന്റെ ഇടവേളയ്ക്കുശേഷം കേരളം സന്തോഷ്ട്രോഫി നേടിയപ്പോൾ അതിൽ നല്ല പങ്ക് ബാങ്ക് ടീമിൽ നിന്നുതന്നെയായിരുന്നു. അന്ന് കേരളത്തിനുവേണ്ടി ഗോളുകൾ അടിച്ചുകൂട്ടിയ ആസിഫ് സഹീറും, അബ്ദുൾ ഹക്കീമും എസ്.ബി.ടിയുടെ മുൻനിര താരങ്ങളായിരുന്നു. എന്തിന് കേരളം അവസാനം സന്തോഷ് ട്രോഫി നേടിയപ്പോൾ (2004 ൽ) അന്ന് വിജയഗോൾ നേടിയത് എസ്.ബി.ടിയുടെ സിൽവെസ്റ്റർ ഇഗ്നേഷ്യസായിരുന്നു.

താരങ്ങളും ക്ലബുകളും മാത്രമല്ല കേരള ഫുട്ബോളിന് ഒരിക്കലും മികച്ച പരിശീലകരുടെയും അഭാവമുണ്ടായിട്ടില്ല. മഹാരാജാസിൽ കേരളം ആദ്യ സന്തോഷ്ട്രോഫി കിരീടം ചൂടിയതിന് നന്ദിപറയേണ്ടത് അന്ന് ഹാട്രിക് നേടിയ മണിയോടു മാത്രമല്ല കോച്ച് ഒളിംപ്യൻ സൈമൺ സുന്ദർരാജിനോടും കൂടിയാണ്. ആദ്യ ഇലവനിൽ കളിച്ചിരുന്ന ഒൻപതു കളിക്കാർ പരുക്കുമൂലം വിട്ടുനിന്നിട്ടും നേടിയ വിജയങ്ങൾ അത്ഭുതം തന്നെയാണ്. അതുപോലെതന്നെ അടുപ്പിച്ച് നാലുതവണ ഫൈനലിൽ തോറ്റ കേരള ടീമിനെ അടുത്ത വർഷം ഗോവയെ 3-0 ന് തോല്പിച്ച് വിജയത്തിലേക്കു നയിച്ച വികൂർ മഞ്ഞില തന്റെ പ്രാഗത്ഭ്യം തെളിയിച്ചു. അതുപോലെ മോഹൻ ബഗാന് നാഷണൽ ഫുട്ബോൾ ലീഗ് നേടിക്കൊടുത്ത ടി.കെ. ചാത്തുണ്ണി, കേരള പൊലീസ്, എഫ്.സി. കൊച്ചിൻ, വിവ കേരള എന്നിവിടങ്ങളിൽ കോച്ചായിരുന്ന എ.എം. ശ്രീധരൻ, എസ്.ബി.ടിയെ ഇന്ത്യൻ ഫുട്ബോളിന്റെ ഉയരങ്ങളിലെത്തിക്കാൻ പ്രധാന പങ്കുവഹിച്ച എൻ.എം. നജീബ്, രണ്ട് സന്തോഷ് ട്രോഫി കിരീടങ്ങൾ കേരളത്തിന് നൽകിയ പീതാംബരൻ



**വി.പി. സത്യൻ**

അങ്ങനെ പോകുന്നു നീണ്ട നിര.

ഏറെ നാളത്തെ ഇടവേളക്കുശേഷം കേരള ബ്ലാസ്റ്റേഴ്സിന്റെ വരവോടെ ഇപ്പോൾ കേരള ഫുട്ബോളിൽ പുതിയ ചലനങ്ങളുണ്ടായിരിക്കുന്നു. ഏറെക്കാലമായി സ്റ്റേഡിയങ്ങളിൽ നിന്ന് അപ്രത്യക്ഷരായ കാണികളെ തിരിച്ചുകൊണ്ടുവരാനായി. പ്രൊഫഷണൽ സമീപനത്തിന്റെ വിജയമായി ഇത് കണക്കാക്കാം. ഒരുപക്ഷെ വരും വർഷങ്ങളിൽ ഇതിന്റെ ഗുണം കേരള ഫുട്ബോളിൽ വലിയ മാറ്റത്തിന് വഴിതെളിക്കും എന്നുതന്നെ നമുക്ക് വിശ്വസിക്കാം. ■



■ യു.ആർ. അഭയൻ

35 ാം ദേശീയ ഗെയിംസ് കേരളം



# ഓളപ്പരപ്പിലെ മലയാളി കരുത്ത്

**കനോയിങ്, കയാക്കിങ്, റോവിങ് മത്സരങ്ങളിൽ നിരവധി മെഡലുകളാണ് കേരളത്തെ കാത്തിരിക്കുന്നത്**




കുട്ടനാട്ടിലെ കായലുകളിലൂടെയും തോടുകളിലൂടെയും ഓളങ്ങളെ കീറിമുറിച്ചു കൊണ്ട് പാഞ്ഞുപോകുന്ന വെളുത്ത സുന്ദരികളായ ഫൈബർ ബോട്ടുകൾ, അത്ഭുതം കൂറുന്ന മിഴികളോടെ നോക്കിനിൽക്കുന്ന കുട്ടനാട്ടുകാർക്ക് ആദ്യം ഒന്നും മനസ്സിലായിരുന്നില്ല. പലതവണ പറഞ്ഞുകേട്ടിട്ടും. കനോയിങ്, കയാക്കിങ്, റോവിങ് എന്ന് കറതീർന്ന് പറയുന്നവർ ഇപ്പോഴും വിരളം. പക്ഷേ, പിന്നീട് ഇത് സായിപ്പിന്റെ വെറുമൊരു വിനോദോപാധി മാത്രമല്ല നാട്ടിലെ സാധാരണക്കാരായ മിടുക്കരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ജീവിതത്തിന്റെ സുന്ദരമായ പടവുകൾ ചവിട്ടിക്കയറുവാൻ ഇതിലും നല്ലൊരു മാർഗമില്ലെന്ന് ആൾക്കാർക്ക് മനസ്സിലായിത്തുടങ്ങി.

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മികച്ച പദ്ധതികളിലൊന്നായിരുന്നു സ്പെഷ്യൽ ഏര്യ ഗെയിംസ്. ഓരോരോ ദേശത്തെയും ജനങ്ങളുടെ ജീവിത മാർഗവും സംസ്കാരവുമായി ബന്ധപ്പെട്ട കായികാഭ്യാസങ്ങളെ പരിപോഷിപ്പിച്ച് സമാനമായ കായികമത്സരങ്ങളെ വികസിപ്പിക്കുകയെന്നതായിരുന്നു ഈ സ്കീമിന്റെ ഉദ്ദേശ്യം. അതനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ഇനങ്ങളായിരുന്നു കനോയിങ്, കയാക്കിങ്, റോവിങ്. വള്ളംകളികളുടെ നാടായ കുട്ടനാട്ടിലെ ജനങ്ങളുടെ ഉപജീവന മാർഗങ്ങളിൽ വള്ളവും തുഴകളും ഭാഗമായിരുന്നു. ദേശീയതലത്തിൽ നെഹ്റുട്രോഫി വള്ളംകളിക്കുള്ള പ്രശസ്തിയും കനോയിങ്, കയാക്കിങ്, റോവിങ് എന്നിവയെ ആലപ്പുഴയിലേക്കെത്തിക്കാൻ സഹായകമായി. 1987 ൽ ആദ്യമായി ആലപ്പുഴയുടെ കായൽപ്പരപ്പിലൂടെ ശാസ്ത്രീയമായ രീതിയിൽ ഇവ നീങ്ങിത്തുടങ്ങി. അതേവർഷം തന്നെ കേരളത്തിൽ അരങ്ങേറിയ ദേശീയ ഗെയിംസിൽ കനോയിങ്, കയാക്കിങ്, റോവിങ് എന്നിവയുടെ അരങ്ങേറ്റം കുറിച്ചു. ഇതിൽ കയാക്കിങ് ഔദ്യോഗിക ഇനമായും മറ്റ് രണ്ടിനങ്ങൾ പ്രദർശന മത്സരവുമായാണ് തുടക്കം കുറിച്ചത്. കയാക്കിങ്ങിൽ നാലിൽ മൂന്ന് സ്വർണമെഡലുകൾ കേരളം നേടുകയുണ്ടായി. ഒന്നിൽ മാത്രം വെള്ളി മെഡലിൽ തൃപ്തിപ്പെടേണ്ടിവന്നു. തുടർന്നിങ്ങോട്ട് കേരളത്തിന്റെ സർവാധിപത്യമായിരുന്നു കനോയിങ്ങിലും കയാക്കിങ്ങിലും. റോവിങ് വളരെ മുമ്പു തന്നെ വടക്കേ ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നിരുന്നു. ഇപ്പോൾ 35 ാമത് ദേശീയ ഗെയിംസിന് കേരളം ആതിഥേയത്വം വഹിക്കുമ്പോൾ ഈ കാലഘട്ടം കേരളത്തിൽ കനോയിങ്ങിന്റെയും കയാക്കിങ്ങിന്റെയും വളർച്ചയുടെ കാലഘട്ടം തന്നെയാണ്. 27 വർഷങ്ങൾക്കു ശേഷമാണ് വീണ്ടും ഒരു ദേശീയ ഗെയിംസിന് കേരളം ആതിഥേയത്വം വഹിക്കുന്നത്. ഇതിനിടെ ആയിരക്കണക്കിന് തുഴച്ചിൽക്കാർ വന്നു മടങ്ങി. അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടവർ കേരളത്തിൽ നിന്ന് ധാരാളമുണ്ടായി. ദേശീയതലത്തിൽ നൂറുകണക്കിന് മെഡലുകൾ വാരിക്കൂട്ടി. ആർമിയിലും നേവിയിലുമൊക്കെയായി ഉദ്യോഗം നോക്കുന്ന എണ്ണമറ്റ തുഴച്ചിൽകാർ. കേരളത്തിന്റെ തന്നെ പല വകുപ്പുകളിലായി ജോലി നോക്കുന്ന നിരവധിപ്പേർ. ഏഷ്യൻ ഗെയിംസിൽ മെഡൽ, ലോകചാമ്പ്യൻഷിപ്പുകളിൽ മെഡൽ, ഏഷ്യൻ ചാമ്പ്യൻഷിപ്പുകളിൽ സ്വർണ മെഡലുകൾ, അർജുന അവാർഡുകൾ... അങ്ങനെ നീണ്ടുപോകുന്നു ഓളപ്പരപ്പിലെ സുവർണ നേട്ടങ്ങൾ... ദിവസേന 20 ഉം 30 ഉം കിലോമീറ്ററുകൾ... വെറുതേ തുഴയുകയല്ല... സ്വർണത്തിലേക്ക് തുഴഞ്ഞടുക്കുകയാണ്... ആരോഗ്യവും ശാരീരികക്ഷമതയുള്ളവർക്കും ഇപ്പോഴും എപ്പോഴും... തുഴയെറിയാം...

ഈ ദേശീയ ഗെയിംസിൽ കനോയിങ്ങിലും കയാക്കിങ്ങിലും 36 സ്വർണമെഡലും അത്രയും തന്നെ വെള്ളി, വെങ്കല മെഡലുകളുമാണ് തുഴച്ചിൽക്കാർക്കായി കാത്തിരിക്കുന്നത്. റോവിങ്ങിൽ 18 സ്വർണമെഡലുകളുൾപ്പെടെ 54 മെഡലുകളാണുള്ളത്.

ദേശീയ ഗെയിംസിന്റെ തന്നെ വിധിമാറ്റിമറിക്കുവാൻ തുഴച്ചിൽക്കാർക്ക് കഴിയും. അതിനുവേണ്ടിയുള്ള കഠിന പ്രയത്നത്തിലാണ് ഇപ്പോൾ തുഴച്ചിൽക്കാർ ഏർപ്പെട്ടിരിക്കുന്നത്. എതിരാളികൾ വളരെ ശക്തരാണ്. ആണുങ്ങളുടെ വിഭാഗത്തിൽ സർവീസസ് മികച്ചവരാണ്. ഇന്ത്യൻ ടീമിലുള്ളവരാണ് സർവീസസിലുള്ളവർ മുഴുവൻ പേരും കേരളത്തിലെ താരങ്ങളിൽ അധികപങ്കും സ്കൂൾ കുട്ടികളാണ്. സ്ത്രീകളുടെ വിഭാഗത്തിൽ മധ്യപ്രദേശും മണിപ്പൂരും ആൻഡമാനും കേരളത്തിന് കടുത്ത എതിരാളികളാണ്. പക്ഷേ, നമ്മുടെ കുട്ടികൾ മികച്ച പ്രകടനം പുറത്തെടുക്കും. സ്വന്തം തടാകത്തിൽ നമുക്ക് പരിചിതമായ കാലാവസ്ഥയിൽ, പരിതസ്ഥിതിയിൽ നമുക്ക് കൂടുതൽ മുന്നേറാൻ സാധിക്കുമെന്ന ഉറച്ച വിശ്വാസമുണ്ട്.

സംസ്ഥാന സർക്കാരിന്റെയും സ്പോർട്സ് കൗൺസിലിന്റെയും സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെയും കയാക്കിങ്&കനോയിങ് അസോസിയേഷന്റെയും മികച്ച പിന്തുണയോടെ വേമ്പനാട്ട് കായലിലെ കാറ്റിലും ഓളത്തിലും കത്തുന്ന വെയിലിലും രണ്ടും കല്പിച്ച് മുന്നേറുകയാണ് നമ്മുടെ തുഴച്ചിൽക്കാർ. ദിവസേന മൂന്നു നേരമാണ് പരിശീലനം. വേമ്പനാട്ടു കായലിന്റെ തെക്കുപടിഞ്ഞാറേ തീരത്തുണ്ട് നമ്മുടെ തുഴച്ചിൽക്കാർ എപ്പോഴും. തീരത്തോടുചേർന്ന റോഡിൽ ഓട്ടവും.. കായലിന്റെ തീരത്ത് തുഴച്ചിലും... പരിതസ്ഥിതിയുമായി ഇണങ്ങിച്ചേരുകയാണ് പ്രധാന ലക്ഷ്യം. പ്രതീക്ഷയോടെ കാത്തിരിക്കുന്നു... 35 ാമത് ദേശീയ ഗെയിംസിന്റെ തിരശ്ശീല ഉയരുവാനും ആദ്യത്തെ തുഴ വെള്ളത്തിൽ വീഴാനും. ■



35 ാം ദേശീയ ഗെയിംസ് കേരളം

# മികച്ച സാങ്കേതിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തും

## ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് ചീഫ് കമ്മിഷണറും പ്രിൻസിപ്പൽ കോ– ഓർഡിനേറ്ററുമായ ജേക്കബ് പുന്നൂസുമായുള്ള അഭിമുഖത്തിൽ നിന്ന്

*ദേശീയ ഗെയിംസ് കായിക കേരളത്തിനുണ്ടാക്കുന്ന നേട്ടങ്ങൾ?*

സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ കായിക സംസ്കാരം ഊട്ടിയുറപ്പിക്കുന്നതിന് ദേശീയ ഗെയിംസ് വഴിവയ്ക്കുമെന്ന് കരുതാം. ഗെയിംസിനായി പുതുതായി നിർമിക്കുകയും നവീകരിക്കുകയും ചെയ്തിട്ടുള്ള സംവിധാനങ്ങളെല്ലാം ഭാവിയിലേക്കുള്ള മുതൽക്കൂട്ടാകും. ദേശീയവും അന്തർദ്ദേശീയവുമായ മത്സരങ്ങൾക്ക് ആതിഥ്യമൊരുക്കാൻ പ്രാപ്തമായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന് ഗെയിംസ് തയ്യാറെടുപ്പ് കാരണമാകും.

*ഗെയിംസിലെ വ്യത്യസ്തതകൾ?*

ഒരു നഗരത്തെ മാത്രം കേന്ദ്രീകരിച്ചല്ല ദേശീയ ഗെയിംസ് നടക്കുന്നത്. സംസ്ഥാനത്തൊട്ടാകെയായാണ് ഗെയിംസ് നടക്കുന്നുവെന്നത് പ്രത്യേകതയാണ്. ബഹുജനപങ്കാളിത്തം ഉറപ്പാക്കാനും വിപുല തയ്യാറെടുപ്പുകളാണ് നടത്തിയത്. സച്ചിൻ ടെൻഡുൽക്കറെ ഗുഡ്‌വിൽ അംബാസഡറായി കിട്ടിയത് സഹായകമാണ്. ഏഴായിരത്തോളം അത്‌ലറ്റുകൾ, 1,200 മെഡലുകൾക്കായി പോരാടുന്നു. ഏഴ് ജില്ലകളിലായി 29 വേദികൾ. ദേശീയ ഗെയിംസ് ഏറ്റവും മികവുറ്റ രീതിയിലാകും സംഘടിപ്പിക്കപ്പെടുക.

*ഇത്തവണത്തെ ഗെയിംസ് എത്രത്തോളം ആധുനികവത്ക്കരിച്ചിട്ടുണ്ട്?*

ചെലവ് ചുരുക്കലിനും കാര്യക്ഷമതയ്ക്കും മുൻഗണന നൽകിയുള്ള സാങ്കേതിക സംവിധാനങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. മത്സര ഫലം അറിയിക്കുന്നതിനുള്ള സംവിധാനങ്ങളിലുൾപ്പെടെ വിവര സാങ്കേതിക വിദ്യയിലെ ആധുനിക സൗകര്യങ്ങൾ ഉപയോഗിക്കുന്നു. ടി.എസ്.ആർ(ടൈമിംഗ് സ്കോറിംഗ് ആന്റ് റിസൾട്ട്സ്) എന്ന സംവിധാനം ഉപയോഗിക്കും. ഇത് കൈകാര്യം ചെയ്യുന്നതിന് മികച്ച സാങ്കേതിക വിദഗ്ധരെയും നിയോഗിച്ചിട്ടുണ്ട്. മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത് ഒഴിവാക്കി ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചു നടത്തുന്ന രാജ്യത്തെ ആദ്യ ദേശീയ ഗെയിംസായിരിക്കും ഇത്. പരിസ്ഥിതിക്ക് ഹാനികരമായ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ളവ ഒഴിവാക്കും. ജൈവമാലിന്യം ഫലപ്രദമായി സംസ്കരിക്കും.

*സംഘാടനത്തിന് വേണ്ടി വന്ന ആസൂത്രണത്തെക്കുറിച്ച്?*

തയ്യാറെടുപ്പുകൾക്ക് സമയം ലഭിച്ചുവെന്നത് വാസ്തവമാണ്. റാഞ്ചിയിൽ നടന്ന 34 –ാമത് ഗെയിംസ് നടത്തുന്നതിന് താമസമുണ്ടായത് 35– ാം ഗെയിംസിനുള്ള ഒരുക്കങ്ങൾക്ക് ആവശ്യത്തിന് സമയം ലഭിക്കാൻ കാരണമായി. അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ഒരുക്കുന്നതിൽ ഉചിത തീരുമാനങ്ങളെടുക്കാനും സമയം ലഭിച്ചു. ഇതു മൂലം ഏറ്റവും കാര്യപ്രാപ്തിയുള്ള ആളുകളെ തിരഞ്ഞെടുത്ത് സംഘാടനവുമായി ബന്ധപ്പെട്ട ചുമതലയേൽപ്പിക്കുന്നതിനും കഴിഞ്ഞു. ■